

മുതുകുളം ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന റിപ്പോർട്ട്





മുതുകുളം ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന റിപ്പോർട്ട്


ആലപ്പുഴ ജില്ല




മുതുകുളം
ഗ്രാമ പഞ്ചായത്ത്

മുതുകുളം ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന റിപ്പോർട്ട്

മുതുകുളം ഗ്രാമ പഞ്ചായത്ത് വാർഡുകൾ



മുതുകുളം ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന റിപ്പോർട്ട്



ഒന്നിച്ച് സഞ്ചരിക്കുക, ഒന്നിച്ച് ഇരിക്കുക
നിങ്ങളുടെ ഹൃദയങ്ങളെല്ലാം ഒന്നായിരിക്കട്ടെ
ഗ്രാമത്തിന്റെ ഐക്യം പരിഗണിച്ച് കൊണ്ട്
നിങ്ങളുടെ കൂട്ടായ സ്വത്തുക്കൾ തുല്യമായി
പങ്കിട്ടെടുത്ത് അനുഭവിക്കുക

ഋഗ്വേദം

കേന്ദ്രത്തിലിരിക്കുന്ന ഇരുപത് ആളുകളാൽ
നിർവ്വഹിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം
അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ
താഴെ നിന്ന് നിർവ്വഹിക്കപ്പെടണം.

ഗാന്ധിജി





എഡിറ്റോറിയൽ ബോർഡ്

എസ്. മിനി

ഗോപൻ നമ്പാട്ട്

ആർ. ശിവരാമപിള്ള

എൻ. അനന്തകൃഷ്ണൻ

കെ. ജി. രാംമോഹൻ

കെ. വിജയകുമാർ

എൻ. ഉദയഭാനു.

ഗോപാലകൃഷ്ണപണിക്കർ

പി. ആർ. അജി

ലേഔട്ട് : സൂര്യ ഫോട്ടോസ്, മുതുകുളം

ടൈപ്പ് സെറ്റിംഗ് : മേസ്, കായംകുളം.

പ്രിന്റിംഗ് : വി. മോഹൻ

മുതുകുളം ഗ്രാമ പഞ്ചായത്ത് ഓഫീസ്



മുതുകുളം ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന റിപ്പോർട്ട്




ഇ. കെ. മാധവൻ പിള്ള

(പ്രഥമ പഞ്ചായത്ത് പ്രസിഡന്റ്)




എസ്. മിനി

(പ്രസിഡന്റ്)



കെ. ജി. രാംമോഹൻ


(വൈസ് പ്രസിഡന്റ്)



എൻ. അനന്തകൃഷ്ണൻ

(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)


പഞ്ചായത്ത് അംഗങ്ങൾ



പി. ശശിധരൻ പിള്ള



എൻ. ആനന്ദൻ



എൻ. ഉദയഭാനു



ആർ. രത്നമ്മ



ബി. ലീല



സി. കെ. കുഞ്ഞുകുഞ്ഞ്



ജെ. ഗിരിജ

താളുകൾ മറിക്കുമ്പോൾ

1. ആമുഖം 11
2. പഞ്ചായത്ത് പൊതുവിവരം 13
3. പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ 14
4. ഇന്നലെകളിലൂടെ 15
5. പ്രകൃതി 19
6. കൃഷിയും ജലസേചനവും 23
7. മൃഗസംരക്ഷണവും, മത്സ്യബന്ധനവും 31
8. വ്യവസായം 35
9. വിദ്യാഭ്യാസം 39
10. സംസ്കാരം 44
11. വനിത 49
12. ആരോഗ്യം 51
13. കുടിവെള്ളം 55
14. സാമൂഹ്യക്ഷേമം - പാർപ്പിടം 57
15. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം 62
16. ഗതാഗതം ഊർജ്ജം മാർക്കറ്റ് 64
17. സഹകരണം 73
18. വിഭവസമാഹരണം 79
19. സ്നേഹാദരങ്ങളോടെ 83



ആമുഖം



പ്രാചീന ഭാരതീയ ഗ്രാമങ്ങൾ സ്വയംപര്യാപ്തമായിരുന്നു. കൃഷിയും ചെറുകിട - കുടിൽ വ്യവസായങ്ങളും നമ്മുടെ സമ്പദ് ഘടനയിൽ അന്ന് ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നു. പടവെട്ടി സാമ്രാജ്യ വിസ്തൃതിക്ക് രാജപരമ്പര കളം ഒരുക്കിയപ്പോൾ വ്യാപാരത്തിനെത്തിയ വൈദേശിക പ്രമാണിമാർ രാജ്യഭരണം തന്ത്രത്തിൽ കൈയാളി. വൈദേശിക ഭരണം നമ്മുടെ സ്വാശ്രയ ഗ്രാമങ്ങളെ തകർത്തെറിഞ്ഞു. സാംസ്കാരിക തനിമയെ വികലമാക്കി. നമ്മുടെ ഗ്രാമങ്ങളെ വിദേശിയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള വിപണിയും അസംസ്കൃത സാധനങ്ങൾ ശേഖരിക്കുവാനുള്ള ഉറവിടവുമാക്കി മാറ്റി. സ്വാശ്രയാധിഷ്ഠിത സമ്പദ് ഘടന മലക്കം മറിഞ്ഞു. ആധിപത്യത്തിന്റെ ദുഷ് ചെയ്തികൾ തിരിച്ചറിഞ്ഞപ്പോഴേക്കും വിദേശിയരുടെ വേരുകൾ ഇവിടെ ആഴത്തിൽ ഇറങ്ങി കഴിഞ്ഞിരുന്നു പിന്നീടുള്ള നാളുകൾ പോരാട്ടത്തിന്റെതായിരുന്നു. 1947 ആഗസ്റ്റ് വരെ നീണ്ട പോരാട്ടം. സ്വാതന്ത്ര്യത്തിന്റെ പുലരി നാം ദർശിച്ചിട്ട് അരനൂറ്റാണ്ട് പിന്നിടുന്നു. നാം നമുക്ക് വേണ്ടി ഭരിക്കുന്ന ജനാധിപത്യ ക്രമം രാജ്യത്തിന്റെ നെടുംതൂണായി ഉയരുന്നു. തെരഞ്ഞെടുപ്പ്, മന്ത്രിസഭ, ഭരണഘടന, പദ്ധതിആസൂത്രണം, നിർവ്വഹണം, തെരഞ്ഞെടുപ്പ്, ഇങ്ങനെ ആവർത്തിക്കുന്നു സ്വാതന്ത്ര്യാനന്തര ബിംബങ്ങൾ. ഭാരതത്തെ ഗ്രാമങ്ങളിൽ ദർശിച്ച രാഷ്ട്രപിതാവായ മഹാത്മാഗാന്ധിക്കൊരു സ്വപ്നമുണ്ടായിരുന്നു. 'ഗ്രാമ സ്വരാജ്' എന്നാൽ നമ്മുടെ ഭരണ കർത്താക്കൾക്ക് ഇതിന്റെ അർത്ഥ വ്യാപ്തി എന്താണെന്ന് ഉൾക്കൊള്ളാൻ കഴിയാതെ പോയതിനാലാണ് അധികാരം ജനങ്ങളിലെത്താൻ അരനൂറ്റാണ്ട് നാം കാത്തിരിക്കേണ്ടിവന്നത്.

1997 മാർച്ച് 31 തികയുമ്പോൾ ഇന്ത്യ 8-ാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുകയാണ്. ആസൂത്രണവും നിർവ്വഹണവും നടന്നെങ്കിലും വിലയിരുത്തലിന് ഏറെ സമയം ആസൂത്രണാധികാരികൾ മാറ്റിവച്ചില്ല.

ചെലവിട്ട പണത്തിന്റെ ഭൂരിഭാഗവും ഉദ്ദേശ പൂർത്തീകരണത്തിന് ഉതകിയില്ല കേന്ദ്രീകൃത ആസൂത്രണം ജനങ്ങളുടെ പങ്കാളിത്ത രഹിത വികസനത്തിന് വഴിവച്ചു. അത് പദ്ധതികളുടെ ലക്ഷ്യപ്രാപ്തിക്ക് വിഘാതമായി ഭൂരിപക്ഷത്തിന്റെ ആവശ്യങ്ങൾ നിരാകരിക്കപ്പെടുകയും ന്യൂന പക്ഷത്തിന്റെ വികസനമായി രാജ്യത്തിന്റെ വികസനാസൂത്രണം. മാറുകയും ചെയ്തു.

ഐക്യ കേരളം രൂപം കൊണ്ടിട്ട് 4 ദശകങ്ങളായി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സമസ്ത മേഖലകളിലും പുരോഗതി നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം ആഗ്രഹിക്കുന്ന തരത്തിൽ വികസനം ചിട്ടപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

കാർഷിക - വ്യാവസായിക രംഗത്തെ മുരടിപ്പ്, ഇന്ത്യൻ ശരാശരിയെക്കാൾ വളരെ പിന്നിൽ നിൽക്കുന്ന ആളോഹരി വരുമാനം, വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിലെ ഗുണനിലവാര ത്തകർച്ച - ഇവയൊക്കെ 'കേരളാ മോഡ' ലിനെ തകർച്ചയിലേക്ക് നയിച്ചു കൊണ്ടിരിക്കുന്നു. ഈ പ്രതിസന്ധി

മുറിച്ച് കടന്നേ നമുക്ക് മുന്നോട്ട് പോകാൻ കഴിയൂ. ഇതിന് കഴിയണമെങ്കിൽ അധികാര കേന്ദ്രീകരണത്തിന് പകരം വികേന്ദ്രീകരണം സാധ്യമാകണം. ഭരണ ഘടനയുടെ 73, 74 ഭേദഗതിയിലൂടെ അത് സാധ്യമായിരിക്കുകയാണ്. കേരളത്തിലാകട്ടെ അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണവും വികേന്ദ്രീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് ഗ്രാമ തലത്തിൽ ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ ചെറിയ പദ്ധതികളാക്കി നടപ്പാക്കുവാനും പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവയെല്ലാം ജനകീയമാക്കാനും സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

1996 സെപ്റ്റംബർ 7, 8, 9 തീയതികളിൽ കായംകുളം ഗവ: ഗേൾസ് ഹൈസ്ക്കൂളിൽ നടന്ന D.R.P. കൾക്കുള്ള പരിശീലനത്തോടു കൂടിയാണ് നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കും കുറിച്ചത്. തുടർന്ന് സെപ്റ്റംബർ 16 ന് ഉദ്യോഗസ്ഥന്മാരടക്കം 130 പേരെ പങ്കെടുപ്പിച്ചു കൊണ്ട് പഞ്ചായത്ത് തല പരിശീലനം നടന്നു. സെപ്റ്റംബർ 26-ാം തീയതി മുതൽ ഗ്രാമസഭകൾ ആരംഭിച്ചു. 10 ഗ്രാമ സഭകളിലായി 568 സ്ത്രീകളും 1539 പുരുഷന്മാരും 103 ഉദ്യോഗസ്ഥന്മാരടക്കം 2107 പേർ പങ്കെടുത്തു നമ്മുടെ ഗ്രാമത്തിലെ വികസന മേഖലകൾ നേരിടുന്ന മുരടിപ്പും അതിനുള്ള പരിഹാരവും ഗ്രാമസഭയിൽ സജീവ ചർച്ചയ്ക്ക് വിഷയമായി.

ഗ്രാമസഭാ യോഗം പങ്കെടുത്തവർ

വാർഡ്	തീയതി	പുരുഷന്മാർ	സ്ത്രീകൾ	ആകെ	ഉദ്യോഗസ്ഥർ
I	02-10-96	126	75	201	16
II	29-09-96	159	76	235	9
III	06-10-96	148	81	229	14
IV	13-10-96	191	33	224	7
V	13-10-96	172	64	236	9
VI	06-10-96	150	48	198	11
VII	12-10-96	133	52	185	7
VIII	12-10-96	219	72	291	13
IX	02-10-96	160	45	205	11
X	29-09-96	81	22	103	6


ഒക്ടോബർ 21 ന് മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കലാജാഥ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചു. സ്ത്രീകളടക്കം ധാരാളം ജനങ്ങളുടെ പങ്കാളിത്തം ഈ പരിപാടിക്കുണ്ടായിരുന്നു. നവംബർ മാസം 7, 8, 9, തീയതികളിൽ ഹരിപ്പാട് ഗവ: ഗേൾസ് ഹൈസ്കൂളിൽ നടത്തിയ രണ്ടാംഘട്ട ജില്ലാതല റിസോഴ്സ് പേഴ്സൺസ് പരിശീലന ക്യാമ്പിൽ നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് എട്ട് പരിശീലകർ പങ്കെടുത്തു. 96 നവംബർ 16 ന് നടന്ന പഞ്ചായത്ത്തല പരിശീലന ക്യാമ്പിൽ മഹിളകളടക്കം 104 പേർ പങ്കെടുത്തു ഡിസംബർ മാസത്തിൽ നടത്തുവാൻ നിശ്ചയിച്ച വികസന സെമിനാറിൽ അവതരിപ്പിക്കുവാനുള്ള റിപ്പോർട്ടിന്റെ കരട് രൂപരേഖ തയ്യാറാക്കുവാൻ പഞ്ചായത്ത് അതിർത്തിയിലുള്ള വിദഗ്ധരുടെ യോഗവും സംഘടിപ്പിച്ചിരുന്നു. ജനങ്ങൾ ജനങ്ങൾക്കു വേണ്ടി ഭരിക്കുന്ന ജനാധിപത്യ സംവിധാനത്തോടൊപ്പം ജനങ്ങൾ ജനങ്ങൾക്ക് വേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പുതിയ സംവിധാനം അവനവന്റെയും, സമൂഹത്തിന്റെയും ആവശ്യങ്ങളുടെ തിരിച്ചറിവും, അവയുടെ സാക്ഷാത്കാരത്തിനായുള്ള കൂട്ടായ പ്രവർത്തനവും ചിട്ടപ്പെടുത്തലാണ്. നാട്ടറിവും പ്രായോഗിക ജ്ഞാനവും ഇവിടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നു. നമ്മുടേതെന്ന തിരിച്ചറിവ് ലക്ഷ്യ പ്രാപ്തിയിലേക്ക് നയിക്കുന്നു. അത് ആസൂത്രണ ചരിത്രത്തിലെ പുത്തൻ അദ്ധ്യായമായി മാറുന്നു.

പഞ്ചായത്ത് പൊതു വിവരം

പഞ്ചായത്തിന്റെ പേര്	:	മുതുകുളം ഗ്രാമ പഞ്ചായത്ത്
റവന്യൂ വില്ലേജ്	:	മുതുകുളം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മുതുകുളം
ബ്ലോക്ക് പഞ്ചായത്ത്	:	മുതുകുളം
താലൂക്ക്	:	കാർത്തികപ്പള്ളി
ജില്ല	:	ആലപ്പുഴ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	മുതുകുളം
അസംബ്ളി മണ്ഡലം	:	കായംകുളം
പാർലമെന്റ് മണ്ഡലം	:	മാവേലിക്കര
വിസ്തീർണ്ണം	:	11.58 ച. കി. മീ.
ജനസംഖ്യ (91 സെൻസസ്)	:	19933
പുരുഷന്മാർ	:	9177
സ്ത്രീകൾ	:	10756
സാക്ഷരർ	:	16894
വാർഡുകൾ	:	10
വനിതാ സംവരണം	:	4
ഹരിജൻ സംവരണം	:	1
പ്രസിഡന്റ്	:	എസ്സ്. മിനി
വൈസ് പ്രസിഡന്റ്	:	കെ.ജി. രാംമോഹൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	എൻ. അനന്തകൃഷ്ണൻ
അംഗങ്ങൾ	:	പി. ശശിധരൻ പിള്ള, എൻ. ആനന്ദൻ, എൻ. ഉദയഭാനു, ആർ. രത്നമ്മ, ബി. ലീല, സി.കെ. കുഞ്ഞുകുഞ്ഞ്, ജെ. ഗിരിജ.

പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	സ്ഥാപിച്ച് വർഷം
1	ഹോമിയോ ആശുപത്രി	1	1987
2	സബ് പോസ്റ്റോഫീസ്, ചൂളത്തെരുവ്	1	
3	പാൽസംഘം, ചൂളത്തെരുവ്	1	1981
4	നാഷണൽ ഗ്രന്ഥശാല	1	1950
5	മൃഗാശുപത്രി	2	1964
6	S.N.V.U.P.S.	2	1964
7	I.C.D.S ഓഫീസ്	3	1983
8	കുരുംബകര U.P.S.	3	1920
9	പഞ്ചായത്ത് ഓഫീസ്	4	1969
10	കൃഷി ഓഫീസ്	4	1987
11	പ്രാഥമിക ആരോഗ്യ കേന്ദ്രം	4	1955
12	കോർപ്പറേഷൻ ബാങ്ക്	4	1977
13	സംസ്കൃതം ഹൈസ്കൂൾ	4	1920
14.	ടെലിഫോൺ എക്സ്ചേഞ്ച്	4	1979
15.	ഷോപ്പിംഗ് കോംപ്ലക്സ്	4	1994
16.	പോസ്റ്റോഫീസ്, മുതുകുളം	4	
17.	പോസ്റ്റോഫീസ്, H.S. ജംഗ്ഷൻ	9	
18.	S.C.B. 1741	4	1928
19.	വില്ലേജ് ആഫീസ്	5	
20.	കൊട്ടാരം L.P.G.S.	5	1916
21.	മാവേലി സ്റ്റോർ	5	1989
22.	ശീനപ്പ നായനാർ ഗ്രന്ഥശാല	5	
23.	L.P.B.S. വാരണപ്പള്ളി	6	
24.	മുതുകുളം ബ്ലോക്ക് ഓഫീസ്	9	1958
25.	ഇലക്ട്രിക്ക് സബ് ആഫീസ്	6	1989
26.	K.A.M. U.P.S.	7	1927
27	S.C.B. 731	7	1924
28	സാഹിത്യ സേവിനി ഗ്രന്ഥശാല	7	1950
29	ആയുർവ്വേദ ആശുപത്രി	8	1987
30	ഹൈസ്കൂൾ മുതുകുളം	9	1951
31	S.N.M.U.P.S.	9	1924
32	S.C.B. 1740	10	1928



ഇന്നലെകളിലൂടെ .....



മുത്തുകൾ പോലെ മൂല്യവത്തായ ധാന്യ കലവറ ആയിരുന്നതിനാലാണ് ഈ പ്രദേശത്തിന് 'മുത്തുക്കുളം' എന്ന പേർ ലഭിച്ചതെന്ന് കാലം കൈമാറി വന്ന വിശ്വാസം. 'മുത്തുക്കുളം' നൂറ്റാണ്ടുകളിലൂടെ 'മുതുകുളം' ആയി മാറി. കേരക്കുലകളിൽ മുത്തുകൾ പോലെ നിറ കുംഭങ്ങൾ പിടിച്ചിരുന്നതിനാലാണ് മുതുകുളം എന്ന പേർ ലഭിച്ചതെന്നും പഴമക്കാർ പറയുന്നുണ്ട്. ഏതായാലും ഇന്നലെകളിലെ കാർഷിക സമൃദ്ധിയുടെ ധന്യ ദീപ്തിയാണ് ഈ നാമധേയത്തിന് പിന്നിലുള്ളതെന്ന് കരുതാം.

പാണ്ഡവർ അജ്ഞാതവാസ കാലത്ത് കുറെക്കാലം ഇവിടെ താമിസിച്ചതായി പറയപ്പെടുന്നു. അന്ന് ഇവിടം കാടായിരുന്നു. ഗ്രാമീണരുടെ ആതിഥ്യ മര്യാദയിൽ സംപ്രീതയായ പാണ്ഡവ മാതാവ് കുന്തി താൻ പ്രതിഷ്ഠിച്ച് പൂജിച്ച് വന്ന ദേവതയെ ഗ്രാമീണരുടെ ഐശ്വര്യത്തിനായി ഇവിടെ തന്നെ പ്രതിഷ്ഠിച്ചിട്ടാണ് പോയതത്രേ. പാണ്ഡവർക്കാവ് ക്ഷേത്രം ഉണ്ടായത് ഇങ്ങനെയാണെന്നാണ് ഐതീഹ്യം.

പ്രസിദ്ധങ്ങളായ ഈരയിൽ, മായിക്കൽ, കുരുംബകരയിൽ, കൊല്ലകൽ, ഇലങ്കം, കരുണാമുറ്റം, വെട്ടിക്കുളങ്ങര തുടങ്ങിയ ഹൈന്ദവ ക്ഷേത്രങ്ങളും, ക്രൈസ്തവ - മുസ്ലീം ദേവാലയങ്ങളും മത സൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. സെന്റ് ഓർത്തഡോക്സ് പള്ളിയും, സെന്റ് മാർത്തോമ പള്ളിയും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

സ്വയം പര്യാപ്തമായ കാർഷികാധിഷ്ഠിത സമ്പദ് വ്യവസ്തയായിരുന്നു മുതുകുളത്തിന്റേത്. പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് ഇവിടുത്തെ ജനത ജീവിതം കഴിച്ച് പോന്നിരുന്നത്. വിവിധ മത വിഭാഗങ്ങൾ സ്നേഹത്തോടും സൗഹൃദത്തോടും കൂടി കഴിയുന്ന മാതൃകാ ഗ്രാമം. ഹിന്ദു - ക്രിസ്ത്യൻ - മുസ്ലിം ദേവാലയങ്ങൾ കൈകോർത്ത് നിൽക്കുന്ന മതേതരത്വ മാതൃക.

ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിനെതിരെ രാജ്യത്താകെ പ്രതിഷേധ ജ്വാല ആളി കത്തിയപ്പോൾ അതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കാൻ കൂട്ടാക്കാത്ത മുതുകുളത്തെ ജനങ്ങൾ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ഇഴുകി ചേർന്ന് പ്രവർത്തിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആഹ്വാനം അനുസരിച്ച് പലരും സമരത്തിന്റെ മുന്നണിയിൽ ഇറങ്ങിയെങ്കിലും ഗ്രാമീണരെയാകെ സ്വാതന്ത്ര്യത്തിന്റെ ഗുണാത്മക വശം ബോധ്യപ്പെടുത്തി സമരത്തിൽ അണിനിരത്തുവാൻ കഴിഞ്ഞിരുന്നില്ല.

തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ അവിസ്മരണീയമായ ചില സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ മുതുകുളത്തിന് കഴിഞ്ഞിട്ടുണ്ട്. മന്നത്ത് പത്മനാഭന്റെ മുതുകുളം പ്രഖ്യാപനം വളരെ പ്രശസ്തമാണ്. താലൂക്ക് കോൺഗ്രസ്സ് സമ്മേളനം മുതുകുളത്ത് വച്ച് നടക്കുമ്പോഴാണ് മന്നം ഈ പ്രഖ്യപനം നടത്തിയത്. തൊഴിലാളി നേതാവായിരുന്ന കണ്ണൻതോടത്ത് ജനാർദ്ദനൻ നായരുടെ സ്മരണയ്ക്കായി പടുത്തുയർത്തിയ ജനാർദ്ദന നഗറിൽ വച്ചാണ് മൂന്ന് ദിവസം നീണ്ട്

നിന്ന സമ്മേളനം നടന്നത്. കേരളത്തിൽ അക്കാലത്ത് നടന്നിട്ടുള്ളതിൽ ഏറ്റവും അധികം ആളുകൾ പങ്കെടുത്ത ഒരു സമ്മേളനമാണിത്. സമ്മേളനത്തിന്റെ പ്രധാന സംഘാടകർ ശ്രീമാൻമാർ കരിയാഞ്ചിയിൽ ഇ.കെ മാധവൻ പിള്ള, മലയിൽ കുട്ടൻ വൈദ്യൻ, മൂടേൽ ശങ്കരൻ നായർ എന്നിവരായിരുന്നു.

സി. പി. യുടെ കിരാത ഭരണത്തിൻ കീഴിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ യോഗങ്ങൾ നിരോധിച്ചു. നിരോധനം ലംഘിച്ച് യോഗം ചേർന്നാൽ പോലീസ് മാത്രമല്ല. അരപ്പോലീസ് എന്നറിയപ്പെടുന്ന ഗുണ്ടകളും അതിക്രൂരമായി മർദ്ദിക്കുമായികുന്നു. ഇ.കെ. മാധവൻ പിള്ളയുടെ നേതൃത്വത്തിൽ പ്രാദേശിക കോൺഗ്രസ്സ് കമ്മിറ്റി രഹസ്യ യോഗം ചേർന്ന് നിരോധനം ലംഘിക്കുവാൻ തീരുമാനിച്ചു. ചൂളത്തെരുവ് ജംഗ്ഷനിൽ ചേർന്ന യോഗത്തിൽ ശ്രീ. പാണ്ഡവത്ത് ശങ്കരപിള്ള ശ്രീ. എ. വി. ആനന്ദരാജൻ എന്നിവർ സംസാരിച്ചു. യോഗം അലങ്കോലപ്പെടുത്തുവാൻ അരപ്പോലീസ് എത്തിയെങ്കിലും ജനങ്ങളുടെ സംഘടിത ശക്തിക്ക് മുന്നിൽ അവർക്ക് കീഴടങ്ങേണ്ടിവന്നു. ശ്രീ. ഇ. കെ. മാധവൻ പിള്ള ഒന്നാം പ്രതിയായി പോലീസ് കേസെടുത്തു. ഇതിൽ നിന്നും അവേശം പകർന്ന പ്രവർത്തകർ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിരോധനം ലംഘിച്ച് യോഗം ചേർന്നു. കെ. കുട്ടൻ വൈദ്യൻ ആയിരുന്നു പ്രദേശത്തെ ആദ്യ കോൺഗ്രസ്സ് പ്രസിഡന്റ്.

സി.പി. യുടെ അമേരിക്കൻ മോഡൽ അറിബിക്കടലിൽ എന്ന മുദ്രവാക്യം ഉയർത്തി സമര മുഖത്ത് ഇറങ്ങിയ ശ്രീമാൻമാർ കൊച്ചു കുമ്പളത്ത് കൊച്ചുവാസുപിള്ള മലയിൽ കുട്ടൻ വൈദ്യൻ, മരുതനാട്ട് കുട്ടൻ പിള്ള എന്നിവരെ പോലീസ് പാണ്ഡവർകാവ് ക്ഷേത്രത്തിന് അടുത്തു വച്ച് അറസ്റ്റ് ചെയ്തു ഒരേ ചങ്ങലകൊണ്ടാണ് മൂവരെയും ബന്ധിച്ചിരുന്നത്.

അനശ്വര നാടകാചാര്യനും വിപ്ലവ കാരിയുമായിരുന്ന തോപ്പിൽ ഭാസി, ശങ്കരനാരായണൻ തമ്പി, പുതുപ്പള്ളി രാഘവൻ, എം.എൻ ഗോവിന്ദൻ നായർ എന്നിവരുടെ ഒളിവു കാല ജീവിതമാണ് മുതുകുളത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അസ്തിവാരമിടാൻ സഹായകരമായത്. കോൺഗ്രസ്സിന്റെ ആശയങ്ങളിൽ അസംതൃപ്തരായ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ തന്നെയാണ് ഇവിടെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കാൻ നേതൃത്വം നൽകിയത്. ഇതിലുപരി മുതുകുളത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയവരിൽ ഭൂരിഭാഗവും ഭൂ ഉടമകളായിരുന്നു. ആദ്യം രൂപം കൊണ്ട 11 അംഗ കമ്മിറ്റിയിലെ പ്രമുഖർ ഇ.കെ. മാധവൻ പിള്ള, സി. എൻ. വേലുപിള്ള, ചക്കാലിൽ കേശവൻ നായർ, ഇളശ്ശേരിൽ ദാമോദര പണിക്കർ, കണ്ണങ്കരത്തറ ഗോപാലൻ, കോട്ടാളിൽ കുട്ടൻ പിള്ള, ആർട്ടിസ്റ്റ് കെ. കേശവപിള്ള എന്നിവരാണ്. ആദരണീയരായ തോപ്പിൽ ഭാസി, പുതുപ്പള്ളി രാഘവൻ, ശങ്കര നാരായണൻ തമ്പി, എം.എൻ. ഗോവിന്ദൻ നായർ, സുഭദ്രാമ്മ തങ്കച്ചി, ജെ. ശാരദാമ്മ എന്നിവരെല്ലാം മുതുകുളത്ത് ഒളിവിലിരുന്ന് പ്രവർത്തിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്കൊപ്പം തന്നെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകാൻ കർഷക പ്രസ്ഥാനം ഇവിടെ പ്രവർത്തനം ആരംഭിച്ചിരുന്നു. ശ്രീ. ഇ.കെ. മാധവൻ പിള്ള ആയിരുന്നു ആദ്യത്തെ നേതാവ്. കൂടിയ പദത്തിനും, കൂലി വർദ്ധനവിനും സാമൂഹിക പരിവർത്തനത്തിനുമായി കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന സമരം വളരെയേറെ ഗുണം ചെയ്തിട്ടുണ്ട്. പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തന ഫലമായി ഒട്ടേറെ മുന്നേറ്റങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ചിത്തിരതിരുന്നാൾ മഹാരാജാവിന്റെ ഭരണകാലത്ത് ആരംഭിച്ച കൊട്ടാരം സ്കൂളാണ് മുതുകളത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. 1916 ൽ ആരംഭിച്ച് ഈ സ്കൂളിൽ സവർണ്ണ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മാത്രമേ പ്രവേശനം ലഭിച്ചിരുന്നുള്ളു. അവർണ്ണ വിഭാഗം ഇതിൽ ശക്തമായ പ്രതിഷേധം ഉയർത്തി. തുടർന്ന് അവർണ്ണ വിഭാഗങ്ങൾക്കായി ഒരു സ്കൂൾ കൂടി മഹാരാജാവ് അനുവദിച്ചു. ഇതിനാവശ്യമായ സ്ഥലം വാരണപ്പള്ളി കുടുംബക്കാർ സംഭാവന നൽകി. കൊട്ടാരം സ്കൂൾ പിന്നീട് L.P.G.S. എന്നും വാരണപ്പള്ളി സ്കൂൾ L.P.B.S. എന്നും പുനർ നാമകരണം ചെയ്യപ്പെട്ടു. അനാചാരങ്ങൾക്കെതിരെയുള്ള മുതുകുളത്തെ ജനാവലിയുടെ ആദ്യ പ്രതിഷേധമായിരുന്നു ഇത്.

1920 കളിൽ ആരംഭിച്ച കുറുമ്പകര U.P. സ്കൂൾ ഇ. എൻ. കേശവപിള്ളയാണ് സ്ഥാപിച്ചത്. ഇതേ കാലഘട്ടത്തിൽ തന്നെയാണ് ഉമ്മിണികുഞ്ഞു പണിക്കർ K.V. സംസ്കൃത സ്കൂൾ സ്ഥാപിച്ചത്. 1924 ൽ മുതുകുളത്തെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂളായ S.N.M.U.P. സ്കൂൾ സ്ഥാപിച്ചു. അറയ്ക്കൽ കുഞ്ഞുമ്മിണിപണിക്കർ ആയിരുന്നു സ്ഥാപകൻ. 1926 - 1927 കാലഘട്ടത്തിൽ ഐശ്വര്യ പ്രദായനി എന്ന പേരിൽ പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച സ്കൂളാണ് പിൽക്കാലത്ത് കുമാരനാശാൻ മെമ്മോ

റിയൽ സ്കൂളായി അറിയപ്പെട്ടത്. നീലകണ്ഠ മുരുകനാണ് സ്കൂൾ സ്ഥാപിച്ചത്. മഹാകവി കുമാരനാശാന്റെ ആദ്യത്തെ സ്മാരകമാണ് ഇത്. സ്കൂളിന്റെ ഇപ്പോഴത്തെ ഭരണച്ചുമതല 301-ാം നമ്പർ S.N.D.P. ശാഖാ യോഗത്തിനാണ്.

ഇ.എൻ. കേശവപിള്ള പ്രസിഡന്റായുള്ള ഹൈസ്കൂൾ സമാജത്തിന്റെ നേതൃത്വത്തിൽ 1951 ൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ സ്ഥാപിച്ചു. സ്കൂൾ നിർമ്മാണത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ നൽകിയത് പൊന്നശ്ശേരി മുന്നില N.S.S. കരയോഗമാണ്. സ്കൂളിന് അംഗീകാരം കിട്ടുന്നതിന് എ.പി. ഉദയഭാനു വഹിച്ച് പങ്ക് വിസ്മരിക്കാനാവില്ല. ആദ്യ മാനേജർ ഇ. എൻ. കേശവപിള്ള ആയിരുന്നു. 1964 ൽ S.N.V.U.P. സ്കൂൾ S.N.D.P. ശാഖാ യോഗം മുൻകൈ എടുത്തു സ്ഥാപിച്ചു. മുതുകുളത്തെ ആദ്യത്തെ ബിരുദധാരി ഉണ്ടാശ്ശും വീട്ടിൽ അയ്യപ്പൻ പിള്ള ആയിരുന്നു. എന്നാൽ ആദ്യത്തെ ബിരുദധാരിയായി അറിയപ്പെട്ടിരുന്നത് ഇ.എൻ. കേശവ പിള്ളയാണ്.

കലാസാഹിത്യ രംഗത്ത് ഒരു സുവർണ്ണ ചരിത്രം തന്നെ മുതുകുളത്തിനുണ്ട് ഇന്ന് മദ്ധ്യതിരുവിതാംകൂറിൽ പ്രചാരത്തിലുള്ള കുത്തിയോട്ട പാട്ടുകൾ എഴുതിയ മീനത്തേരിൽ കേശവ പിള്ളയാണ് നമ്മുടെ ഗ്രാമത്തിലെ ആദ്യകവി. സ്വാതന്ത്ര്യ സമര സേനാനി കൂടിയായ മുതുകുളം പാർവ്വതി അമ്മയാണ് ആദ്യത്തെ കവിയത്രി. നാടാകാചാര്യന്മാരായ അക്ബർ ശങ്കരപിള്ള, അനാർക്കലി വാസുദേവ്, മുതുകുളം കാർത്തികേയൻ നായർ. മുതുകുളം എൻ.കെ. ആചാരി ആർടിസ്റ്റ് കെ. കേശവപിള്ള, സ്വാതന്ത്ര്യ സമരത്തിന് ആവേശം പകർന്ന കവിതകൾ ആലപിച്ചതിന് മദ്രാസ് ഗവൺമെന്റിൽ നിന്നും 'യാതനാ വേതനം' ലഭിച്ച ദേശീയ ഗാനത്തിലക് എസ്.വി. വാസുദേവൻ നായർ, ആർടിസ്റ്റ് കുമാർ തുടങ്ങിയ പ്രതിഭാശാലികളായ കലാകാരന്മാർ നമ്മുടെ സാംസ്കാരിക സമ്പത്തിന് മുതൽകൂട്ടാണ്. ആർടിസ്റ്റ് കെ. കേശവപിള്ള മാത്രമാണ് ഈ കൂട്ടത്തിൽ ഇന്ന് നമ്മോടൊപ്പം ഉള്ളത്. നാടക രംഗത്ത് നിന്ന് ഉയർന്ന് വന്ന് മലയാളത്തിലെ ആദ്യത്തെ സംസാരിക്കുന്ന ചലചിത്രമായ ബാലൻ എന്ന സിനിമയിലെ കഥാ, സംഭാഷണം, ഗാനങ്ങൾ, അഭിനയം തുടങ്ങിയ സമസ്ത മേഖലകളിലും തനത് സംഭാവന നൽകിയ മുതുകുളം രാഘവൻ പിള്ള നമ്മുടെ ഗ്രാമത്തിന്റെ നാമധേയം വിശ്വഹൃദയങ്ങളിലേക്ക് പകർന്ന മഹത് വ്യക്തിയാണ്. ആധുനിക ചലചിത്ര രംഗത്തെ വിശ്വപ്രതിഭ പി. പത്മരാജൻ നമ്മുടെ ഗ്രാമത്തിന്റെ സംഭാവനയായിരുന്നു. പ്രസിദ്ധങ്ങളായ ചെറുകഥകൾ, നോവലുകൾ, എന്നിവ രചിച്ച് സാഹിത്യരംഗത്തെയും അദ്ദേഹം സമ്പുഷ്ടമാക്കിയിട്ടുണ്ട്.

വൈദ്യശാസ്ത്രത്തിന്റെ വൈവിദ്ധ്യമാർന്ന മേഖലകളിൽ പ്രവർത്തിച്ച നിരവധി പ്രതിഭകളെ നമ്മുക്ക് സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ചെന്നാട്ട് ഡോ. അച്യുതൻ പിള്ളയാണ് മുതുകുളത്തെ ആദ്യത്തെ അലോപ്പതി ഡോക്ടർ. ശ്രീചിത്ര തിരുന്നാൾ മഹാരാജാവിന്റെ കുടുംബ ഡോക്ടർ ആയിരുന്ന ഇദ്ദേഹം ആരോഗ്യ വകുപ്പ് ഡയറക്ടറായിരിക്കുമ്പോഴാണ് ജോലിയിൽ നിന്ന് വിരമിച്ചത്. ആയുർവ്വേദ രംഗത്ത് അറയ്ക്കൽ വൈദ്യന്മാർ പേരു കേട്ടവരായിരുന്നു. കൽക്കട്ടയിൽ പോയി ഹോമിയോ സയൻസിൽ ബിരുദം നേടിയ കുറ്റിശ്ശേരിൽ ഡോക്ടർ മർമ്മ ചികിത്സാ വിദഗ്ധന്മാരായ തഴയശ്ശേരിൽ വൈദ്യന്മാർ എന്നിവരെല്ലാം മുതുകുളത്തിന്റെ പൂർവ്വ സ്വത്തുക്കളാണ്.

ശ്രീനാരായണ ദർശനങ്ങൾക്ക് നന്നേ വേരോട്ടമുള്ള സ്ഥലമാണ് മുതുകുളം. ഗുരുവിന്റെ സമ്പർക്കം അതിന് വഴി തെളിച്ചിട്ടുണ്ട്. മുതുകുളം വാരണപ്പള്ളി കുടുംബത്തിൽ ഗുരു കുറച്ച് നാൾ താമസിച്ചിരുന്നു.

ഭൂസ്വത്തുക്കളിൽ ഭൂരിഭാഗവും ഒരു പിടി ജന്മിമാരുടെ കൈവശമായിരുന്നു മുതുകുളത്ത് ഭൂമിക്ക് വേണ്ടി സമരങ്ങൾ നടന്നിരുന്നു. പ്രസ്തുത സമരങ്ങൾ കൊടികുത്തി വാണിരുന്ന ഫ്യൂഡൽ ജന്മിത്തത്തെ അപ്രത്യക്ഷമാക്കി ഭൂ പരിഷ്ക്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂമിയുടെ ഉടമകളാക്കി മാറ്റി ഭൂ ബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹ്യ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

1953 ൽ ശ്രീ. കരിയാഞ്ചിയിൽ ഇ.കെ. മാധവൻ പിള്ള പ്രസിഡന്റായി ആദ്യത്തെ ജനകീയ പഞ്ചായത്ത് രൂപീകരിച്ചു. കെ. കുട്ടൻ പിള്ള. സി.എൻ. വേലുപിള്ള, കെ.എൻ. വാസുദേവൻ നായർ, ജി. രാഘവൻ നായർ, കെ. കുഞ്ഞുകുഞ്ഞ്. വി. ഗോപാലൻ, ജി. ശങ്കരൻ നായർ (വൈസ് പ്രസിഡന്റ്) എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ.

1962 ൽ ഈ പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചു.

1963 - 79 ൽ ശ്രീ. അമ്പഴവേലിൽ വേലായുധൻ പിള്ള പ്രസിഡന്റായും ഏ.വി. അനന്ദരാജൻ, ഇ.കെ. മാധവൻ പിള്ള, സി. എൻ. വേലുപിള്ള,

കെ.എൻ. വാസുദേവൻ നായർ, കെ. മാധവൻ, കെ. ദാമോദരപ്പണിക്കർ, ആർ. കൃഷ്ണൻ നായർ എന്നിവർ അംഗങ്ങളായുള്ള പഞ്ചായത്ത് കമ്മറ്റി നിലനിന്നിരുന്നു.

1979 - 84 ൽ ഇ.കെ. മാധവൻൻപിള്ള (പ്രസിഡന്റ്), ആർ. മുരളീധരൻ, റ്റി. ലീലാ ദേവി, എസ്. സുകുമാരി കുട്ടിയമ്മ, എൻ. ഉദയഭാനു, എസ്. സദാശിവൻ, കെ. മാധവൻ, പി.കെ. ശ്രീധരൻ പിള്ള, ആർ. കൃഷ്ണപിള്ള എന്നിവരായിരുന്നു പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ.

1984 നവംബർ മുതൽ 1988 വരെ സ്പെഷ്യൽ ആഫീസറുടെ ഭരണ ചുമതലയിലായിരുന്നു.


1988 ൽ കെ. മാധവൻ പ്രസിഡന്റും എം. മധുസൂദനൻ, കെ. ശാന്തമ്മ, കെ. പരമേശ്വരൻ, ഐ.ചെല്ലമ്മ, എൻ. ഉദയഭാനു, പി. കെ. അനന്തകൃഷ്ണൻ, എൻ. യശോധരൻ, എസ്സ്. ഗോപാലകൃഷ്ണപിള്ള, കെ. വിജയകുമാർ എന്നിവർ അംഗങ്ങളായിരുന്ന പഞ്ചായത്ത് കമ്മിറ്റി 1993 ൽ കെ. മാധവനെ പ്രസിഡൻര് സ്ഥാനത്ത് നിന്ന് നീക്കി പകരം എം. മധുസൂദനനെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

അധികാരം ജനങ്ങളിലേക്ക് പകർന്ന 73-ാം ഭരണ ഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ഗ്രാമ പഞ്ചായത്ത് ഭരണസമിതി 95 ഒക്ടോബർ 2-ാം തീയതി അധികാരമേറ്റു. കുമാരി എസ്. മിനി പ്രസിഡന്റായും കെ.ജി. രാംമോഹൻ വൈസ് പ്രസിഡന്റായും എൻ. അനന്തകൃഷ്ണൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും പി. ശശിധരൻ പിള്ള, എൻ. ആനന്ദൻ, എൻ. ഉദയഭാനു. ആർ. രത്നമ്മ, ബി. ലീല. സി. കെ. കുഞ്ഞുകുഞ്ഞ്, ജെ. ഗിരിജ എന്നിവർ ഭരണ സമിതി അംഗങ്ങളായും ഈ പഞ്ചായത്ത് കമ്മിറ്റി സ്ഥാനമേറ്റു.

9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നതിനുള്ള തീവ്ര ശ്രമത്തിന് നേതൃത്വം നൽകുന്ന ഈ ഭരണസമിതി വരുംകാലങ്ങളിൽ ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്കായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണ്.







പ്രകൃതി

ഭൂപ്രകൃതി

ആലപ്പുഴ ജില്ലയുടെ തെക്ക് പടിഞ്ഞാറ് കായംകുളം കായലിന് .5 കി. മീ. കിഴക്കായി നമ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിനെ കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ടായി വിഭജിക്കുന്നു. ഈ റോഡിന് പടിഞ്ഞാറ് ഭാഗത്ത് 7 വാർഡുകളും, കിഴക്കായി 3 വാർഡുകളും ഉൾകൊള്ളുന്നു. ഓണാട്ടുകര കാർഷിക മേഖലയിലാണ് നമ്മുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്നത്. പഞ്ചായത്തിലെ സമതല പ്രദേശത്ത് മണൽ മണ്ണാണ്. സമതലത്തിൽ കിഴക്കൻ പ്രദേശം കൂടുതൽ പുരയിടവും, പടിഞ്ഞാറൻ പ്രദേശം ഏറിയ പങ്കും നിലവുമാണ്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	ഇനം	അളവ് (ഹെക്ടറിൽ)
1	പുരയിടം	873.42
2	നിലം	475.2

റോഡിന് പടിഞ്ഞാറ് ഭാഗം വളക്കൂറുള്ള കറുത്ത മണ്ണാണ് കാണപ്പെടുന്നത്. ഇവിടെ നെല്ല് നന്നായി കൃഷി ചെയ്യുന്ന വയലുകളാണ്. കിഴക്ക് നിന്ന് വെള്ളം ഒഴുകി വയലുകളിൽ എത്തുന്നതിനാൽ ഈ പ്രദേശം ജൈവവള സമൃദ്ധമാണ്. കായംകുളം കായലിൽ നിന്നും ഉപ്പ് വെള്ളം കയറുന്നത് നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. റോഡിന് കിഴക്ക് ഭാഗത്തും ഫലഭൂയിഷ്ടമായ മണ്ണാണ്. ഇവിടെ നെല്ലും, തെങ്ങും സമൃദ്ധമായി കൃഷിചെയ്യുന്നു.

11.58 ച. കി. മീ. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലും തെങ്ങുമാണ്. ഇടവിളകളായി കിഴങ്ങ് വർഗ്ഗങ്ങളും, പച്ചക്കറികളും, വാഴ, കുരുമുളക് കമുക് തുടങ്ങിയവയും കൃഷി ചെ ന്നു.

കാർഷിക വിളകൾ

ക്രമ നമ്പർ	ഇനം	വിസ്തീർണ്ണം (ഹെക്ടറിൽ)
1.	നെൽകൃഷി	320
2.	തെങ്ങ്	857
3.	കിഴങ്ങ് വർഗ്ഗം	310
4.	പച്ചക്കറി	24.5
5.	കുരുമുളക്	5
6.	കമുക്	27
7.	വാഴ	50

പഞ്ചായത്തിലെ ശരാശരി മഴ 275 സെ. മീ. ആണ്. ഭൂമി സമുദ്ര നിരപ്പിൽ നിന്നും .8 മീ. ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ആകെ ഭൂമിയുടെ 15% ജലസേചന സൗകര്യമുള്ളവയാണ്. ആളോഹരി കൃഷിഭൂമി ശരാശരി .1 ഹെക്ടറാണ്. ആകെ വരുമാനത്തിന്റെ 35% കൃഷിയിൽ നിന്നുള്ളതാണ്.

മണ്ണ് പൊതുവെ ഫലഭൂയിഷ്ടമാണ്. ഭാവകത്തിന്റെ അളവ് മണ്ണിൽ കൂടുതലായി കാണപ്പെടുന്നു. എന്നാൽ പടിഞ്ഞാറൻ മേഖലകളിൽ ഭാവകത്തിന്റെ അളവ് തീരെ കുറവാണ്.

മണ്ണിന്റെ ഫലഭൂയിഷ്ടത

നം.	ഇനം	അളവ്
1.	പൊതുവെയുള്ള pH (അമ്ലക്ഷാര സ്വഭാവത്തിന്റെ ആളവ്)	6
2.	ലവണങ്ങളുടെ അളവ്	0.1 mm hos/cm
3.	നെട്രജന്റെ അളവ്	0.31%
4.	ഭാവകം	34 കി. ഗ്രാം. / ഹെക്ടർ
5.	ക്ഷാരം	81 കി. ഗ്രാം / ഹെക്ടർ

ആവലംബം (കൃഷിഭവൻ രേഖ)

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറ് ആറാട്ടുപ്പുഴ പഞ്ചായത്തും കിഴക്ക് പത്തിയൂർ, ചേപ്പാട് പഞ്ചായത്തുകളും, തെക്ക് കണ്ടല്ലൂർ പഞ്ചായത്തും വടക്ക് ചിങ്ങോലി പഞ്ചായത്തുമാണ്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 2750 മി. മി. മഴ നമ്മുക്ക് ലഭിക്കുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെ തെക്ക് പടിഞ്ഞാറൻ മൺസൂണും. ഒക്ടോബർ നവംബർ മാസങ്ങളിൽ വടക്ക് കിഴക്കൻ മൺസൂണും ലഭിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 19 പൊതുകിണറുകളും 11 പൊതുകുഴൽ കിണറുകളും 9 തോടുകളും 10 കുളങ്ങളും 147 ടാപ്പുകളുമുണ്ട് ഇവയ്ക്ക് പുറമെ നിരവധി സ്വകാര്യ കുളങ്ങളും കിണറുകളും ഉണ്ട്. ഇതാണ് നമ്മുടെ ജലസ്രോതസ്സ്. ഏകദേശം 44 കി. മീ. ദൂരം നമ്മുടെ പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന ഏപ്രിൽ മെയ് മാസങ്ങളിലാണ് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം 4302 വീടുകളിലായി 19993 പേർ അധിവസിക്കുന്നു. അതിൽ 9177 പുരുഷന്മാരും 10756 സ്ത്രീകളുമാണ്. പുരുഷന്മാരെക്കാൾ 1579 സ്ത്രീകൾ കൂടുതലാണ്. ശരാശരി വീടൊന്നിന് 4.6 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ച. കി. മീ. ന് 1721 ആണ്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2132 ആണ്. ഇതിൽ 1058 ആൺ കുട്ടികളും 1074 പെൺകുട്ടികളുമാണ്. പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 1986 ആണ്. ഇതിൽ 953 പുരുഷന്മാരും 1033 സ്ത്രീകളും ഉൾപ്പെടുന്നു. 10 പുരുഷന്മാരും 6 സ്ത്രീകളുമുൾപ്പടെ 16 പട്ടിക വർഗ്ഗക്കാരുമാണ് നമ്മുടെ പഞ്ചായത്തിന്റെ ജനസംഖ്യാ നിലവാരം. ഈ ജനസംഖ്യയിൽ 16896 പേർ സാക്ഷരരും 3037 പേർ നിരക്ഷരരുമാണ്.

(വാർഡുതല ജനസംഖ്യാ പട്ടിക 21-ാം പേജിൽ)

വിദ്യാഭ്യാസ രംഗത്ത് മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മുതുകുളം. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലും പഠന നിലവാരത്തിലും വർദ്ധനവുണ്ടാകുന്നുണ്ട്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന വിഷയമാണ്. കാർഷിക രംഗത്ത് നിന്നായിരുന്നു ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. കൃഷികളാകെ ഇന്ന് ആദായകരമല്ലാതായതോടെ ജനങ്ങൾ മറ്റ് തൊഴിൽ മേഖലകളിലേക്ക് കടന്ന് കയറികൊണ്ടിരിക്കുന്നു. പരമ്പരാഗത തൊഴിൽ മേഖലകളിലും തൊഴിൽ അവസരങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

സാംസ്കാരികമായി ഉന്നത പൈതൃകം പുലർത്തിയിരുന്ന നമ്മുടെ പഞ്ചായത്ത് മത നിരപേക്ഷതയുടെ കാര്യത്തിലും ഒരുപടി മുന്നിൽ തന്നെയാണ്.

(വിവിധ മേഖലകളിൽ പണിചെയ്യുന്നവരെ കുറിച്ചുള്ള സ്ഥിതി വിവരം പേജ് 22 ൽ)

വാർഡുതല ജനസംഖ്യാ പട്ടിക

വാർഡ് നമ്പർ	വീട്	പുരു.	സ്ത്രീ.	ആകെ	പട്ടികജാതി			പട്ടികവർഗ്ഗം			സാക്ഷരർ		
					ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	396	858	957	1815	93	97	190	2	2	4	729	752	1481
II	423	871	1105	1976	61	72	133	-	-	-	732	864	1596
III	464	923	1079	2002	120	122	242	-	-	-	801	929	1730
IV	495	1176	1258	2434	85	87	172	8	4	12	1021	1055	2076
V	367	743	932	1675	89	112	201	-	-	-	651	811	1462
VI	377	846	966	1812	88	79	167	-	-	-	741	843	1584
VII	353	736	891	1627	63	60	123	-	-	-	630	726	1356
VIII	481	1006	1231	2237	140		306	-	-	-	701	1062	1763
IX	429	864	1021	1885	110	130	240	-	-	-	746	836	1582
X	513	1154	1316	2470	104	108	212	-	-	-	979	1087	2066


അവലംബം 1991 ജനസംഖ്യാ സെൻസസ്

വിവിധ മേഖലകളിൽ പണിചെയ്യുന്നവരെ കുറിച്ചുള്ള സ്ഥിതി വിവരം

പ്രധാന തൊഴിലിൽ ഏർപ്പെടുന്നവർ		കർഷകർ		കർഷക തൊഴിലാളികൾ		മൃഗ പരിപാലനം		കുടിൽ വ്യവസായം		കുടിൽ വ്യവസായ മേഖലകളിൽ പെടാത്തവർ		നിർമ്മാണ തൊഴിലാളികൾ	
പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ
3616	1198	354	29	1146	422	223	7	63	33	250	233	238	34

വ്യാപാരികൾ		ഗതാഗതം		വാർത്താ വിനിമയം		മറ്റ് സേവനങ്ങൾ		പാറപൊട്ടിക്കുന്നവർ		ഭാഗിക ജോലികളിൽ ഏർപ്പെടുന്നവർ	തൊഴിലി ല്ലാത്തവർ
പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ		
489	33	176	5	668	384	9	18	147	142	5419	9416

അവലംബം 1991 ജനസംഖ്യാ സെൻസസ്



കൃഷിയും ജലസേചനവും



നമ്മുടെ ഗ്രാമം തികച്ചും കാർഷിക മേഖലയാണ്. കായംകുളം കായലിനോട് ചേർന്ന് കിടക്കുന്ന തീരദേശ വാർഡുകളും നെൽ വയലുകളും ചേർന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രദേശം. പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലും തെങ്ങുമാണ്. കൂടാതെ ഇടവിളകളായി വാഴ, മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയവയും കൃഷി ചെയ്തുവരുന്നു. കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുമാണ് ഇവിടുത്തെ പ്രധാന ജീവിത മാർഗ്ഗം.

നമ്മുടെ പഞ്ചായത്തിലെ ഭൂപ്രദേശങ്ങളുടെ ഉയരം സമുദ്ര നിരപ്പിൽ നിന്നും 8 മീറ്ററാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ വയലുകളും തീരദേശങ്ങളുമാണ്. വയലുകളും തീരദേശങ്ങളും 475.2 ഹെക്ടർ വരും. പൊതുവെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ താഴ്ചയുള്ളവയാണ്. പഞ്ചായത്തിലെ എല്ലാ തോടുകളും കായംകുളം കായലുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഭൂരിഭാഗം ഭൂഉടമകളും .5 ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിന്റേത് 0.1 ഹെക്ടറാണ്.

നെൽകൃഷിക്കും തെങ്ങ് കൃഷിക്കുമായിരുന്നു നമ്മുടെ പഞ്ചായത്തിലെ കർഷകർ ആദ്യകാലത്ത് മുന്തിയ പരിചരണവും ശ്രദ്ധയും നൽകിയിരുന്നത്. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു അന്നത്തെ കൃഷി രീതി. മുണ്ടകൻ, കൊച്ച് വിത്ത്, തവളക്കണ്ണൻ, പട്ടാമ്പി എന്നിവയായിരുന്നു പഴയ കാലത്തെ പ്രധാന വിത്തിനങ്ങൾ. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ള നിലങ്ങളിൽ ഒരുപ്പു കൃഷിയും കിഴക്കൻ പ്രദേശത്ത് ഉള്ള നിലങ്ങളിൽ ഇരിപ്പു കൃഷിയും ഇടവിളയായി എള്ളും പയർ വർഗ്ഗങ്ങളും പച്ചക്കറികളും കൃഷി ചെയ്തു പോന്നിരുന്നു. ഉപ്പു വെള്ളത്തിൽ നിന്നും കൃഷിസ്ഥലങ്ങളെ സംരക്ഷിക്കുന്നതിന് കർഷകർ ഒരുമിച്ച് തോടുകളിൽ ചിറ കെട്ടിയിരുന്നു. കർഷകർ നെൽ കൃഷിയെ പോലെത്തന്നെ തെങ്ങ് കൃഷിയെയും ശ്രദ്ധിച്ചു പരിചരിച്ചിരുന്നു. അന്നൊക്കെ തെങ്ങിൽ നിന്നുള്ള ആദായം പൊതുവെ തൃപ്തികരമായിരുന്നു എല്ലാം തെങ്ങിൻ പുരയിടങ്ങളിലും ജലസേചനത്തിനായി കുളങ്ങൾ കുഴിച്ചിരുന്നു. അദ്ധ്വാനശീലരായ കർഷകർ കുളങ്ങൾ ഉപയോഗിച്ച് തെങ്ങിന് ജലസേചനം നടത്തുകയും കുളങ്ങൾ വർഷാവർഷം വെട്ടി വൃത്തിയാക്കുകയും, കുളങ്ങളിലെ ജൈവ സമൃദ്ധമായ എക്കൽ മണ്ണെടുത്ത് തെങ്ങിൻ തടങ്ങളിൽ നിക്ഷേപിച്ച് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിച്ചിരുന്നു. തെങ്ങ് കൃഷി പഴയകാലത്ത് രോഗ വിമുക്തമായിരുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന വിപണനം അന്ന് നടന്നിരുന്നത്. ആലപ്പുഴയിൽ ആയിരുന്നു. തോണി മാർഗ്ഗമായിരുന്നു ഉൽപ്പന്നങ്ങൾ കൊണ്ടു പോയിരുന്നത്. തല ചുമടായി ദൂരെ സ്ഥലങ്ങളിലും ഉൽപ്പന്നങ്ങൾ കൊണ്ടുപോയി കച്ചവടം നടത്തിയിരുന്നു. തലച്ചുമടുകാർക്ക് ആശ്വാസം നൽകിയിരുന്ന ചുമടുതാങ്ങികൾ നമ്മുടെ പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ഇന്നും കാണാൻ കഴിയും.

ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ ഗണ്യ

മായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കൃഷി ഭൂമി തരിശിടുന്നതും പാർപ്പിടങ്ങളായും റോഡുകളായും കളിസ്ഥലങ്ങളായും മാറ്റി കൊണ്ടിരിക്കുന്നതും നമ്മുടെ പഞ്ചായത്തിലെ സാധാരണ സംഭവമായി മാറുന്നു. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ പറയത്തക്ക വർദ്ധനവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. തരിശിടുന്ന ഭൂമിയുടെ വിസ്തീർണ്ണം കൂടുകയെ ചെയ്തിട്ടുള്ളു. സ്റ്റാട്ട്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കി എല്ലാവർക്കും ന്യായവിലയ്ക്ക് അരി ലഭ്യമാക്കിയിരിക്കുന്നത് കൊണ്ട് മാത്രമാണ്. പട്ടിണി മരണങ്ങൾ ഉണ്ടാവാത്തത്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം നിലം നികത്തൽ നെല്ലുൽപ്പാദന രംഗത്ത് വലിയ ഇടിവ് സൃഷ്ടിച്ചു. പാടങ്ങൾ നികത്തുന്നത് വ്യാപകമായതോടെ നിരൊഴുക്കിന്റെ ഗതിമാറുകയും നീർക്കെട്ടുകൾ രൂപപ്പെടുകയും ചെയ്തു. വേനൽ കാലങ്ങളിൽ നീരൊഴുക്ക് തോടുകൾ നികത്തി കൊണ്ടുള്ള അശാസ്ത്രീയമായ റോഡ് നിർമ്മാണം നീർക്കെട്ടിന്റെ വ്യാപ്തി വർദ്ധിക്കുന്നതിന് കാരണമായി. ഉദാഹരണമായി ഞവരയ്ക്കൽ പാടം, മായിക്കൽ പടിഞ്ഞാറ് വശമുള്ള പാടം, മുല്ലപ്പൂഴ പാടം എന്നിവ ഇതോടെ നിലവിലുള്ള കൃഷി ഭൂമി തരിശിടാനും കൃഷിയിൽ നിന്നും കർഷകർ മറ്റ് മാർഗ്ഗങ്ങളിലേക്ക് തിരിയുവാനും തുടങ്ങി. കൃഷി പണിക്കുള്ള കൂലി വർദ്ധനവും കർഷകരെ നിലം നികത്താൻ പ്രേരിപ്പിച്ചു.

കൃഷിപ്പണിദിനങ്ങൾ കുറഞ്ഞതിനാൽ കർഷക തൊഴിലാളികളുടെ പിൻതലമുറക്കാർ മറ്റ് തൊഴിൽ രംഗങ്ങളിലേക്ക് തിരിഞ്ഞ് പോവുകയും കർഷക തൊഴിലാളികളുടെ ആഭാവം കർഷകർക്ക് നെൽകൃഷിയോടുള്ള ആഭിമുഖ്യം കുറയ്ക്കുകയും ചെയ്തു. ഈ കാരണങ്ങൾ നെൽവയലുകൾ തെങ്ങ് കൃഷിക്ക് വേണ്ടി നികത്തുന്ന പ്രവണതയ്ക്ക് വേഗത കൂട്ടി നെൽകൃഷിയിൽ ഇടവിള ഉൾപ്പെടെ ഇന്ന് പരിശോധിച്ചാൽ ഉൽപ്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

തെങ്ങ് കൃഷിയെ സംബന്ധിച്ചിടത്തോളം തെങ്ങിന്റെ വാർഷിക ഉൽപ്പാദന ക്ഷമത ശരാശരി 29 നാളീകേരമാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ആണ് തെങ്ങ് കൃഷിയിൽ ഉൽപ്പാദന ക്ഷമത അൽപ്പമെങ്കിലും കൂടുതലായി കാണപ്പെടുന്നത്. ജലസേചനത്തിനുള്ള അസൗകര്യം, തെങ്ങുകളുടെ രോഗം, നാളീകേരത്തിന്റെ വിലക്കുറവ് എന്നിവ കേരകൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

കൃഷിയുമായി ബന്ധപ്പെട്ട് ജലസേചനം നടത്തിപോന്നിരുന്ന കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ചിരുന്ന സ്ഥിതിക്കും മാറ്റം വന്നു. ഈ കുളങ്ങളും തോടുകളും മണ്ണിടിഞ്ഞ് ആഴം കുറഞ്ഞ് കൊണ്ടിരിക്കുകയാണ് പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും കുളങ്ങൾ നികത്തിയും തോടുകളുടെ വീതി കുറച്ചും തെങ്ങുകൾ വയ്ക്കുന്ന പ്രവണത കാണാൻ കഴിയും.

കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്ന കനാൽ പദ്ധതി ഗുണത്തെക്കാൾ ഏറെ ദോഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. കൃഷി നിലങ്ങളുടെ കുറുകെയുള്ള കനാൽ നിർമ്മാണം നിലങ്ങളിലെ ജലനിർഗ്ഗമനത്തെ സാരമായി ബാധിക്കുകയും പാടശേഖരങ്ങളെ തുണ്ടുകളാക്കി കർഷകർക്ക് കൃഷിയിൽ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ പശിമരാശിയുള്ള കറുത്ത മണ്ണും, കിഴക്ക് ഫലഭൂയിഷ്ടമായ ചെളി മണ്ണും, മദ്ധ്യഭാഗത്തായി ചൊരിമണലും കാണാം. പടിഞ്ഞാറൻ പ്രദേശത്തെ മുണ്ടകവയലിൽ ഉപ്പുവെള്ളം കയറിയതിനാൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണ് കർഷകർ.

പട്ടിക 1

ഭൂവിനിയോഗം

ക്രമ നമ്പർ	വിനിയോഗം	വിസ്തൃതി (ഹെക്ടറിൽ)
1.	പുരയിടത്തിന്റെ വിസ്തൃതി	873.42
2.	നിലത്തിന്റെ വിസ്തീർണ്ണം	320
3.	ഇരിപ്പുനിലം	170
4.	ഓരു മുണ്ടകൻ	150
5.	കൃഷിക്ക് ഉപയുക്തമായ തരിശ് നിലം	150
6.	കൃഷിക്ക് ഉപയോഗശൂന്യമായ തരിശ് നിലം	5.2

അവലംബം കൃഷി ഭവൻ രേഖ

ആദായകരമായ മറ്റൊരു കൃഷിയാണ് കമുങ്ക് കൃഷി ഈ കൃഷി സാർവ്വത്രികമായി ഉണ്ടെങ്കിലും ജലസേചന സൗകര്യമില്ലായ്മയും വളപ്രയോഗത്തിന്റെ അഭാവവും ഇതിനെ കാര്യമായി ബാധിച്ചിരിക്കുന്നു. അതുപോലെ തന്നെ കശുമാവും ആദായകരമായ കൃഷിയാണ്. അതിർത്തി സംരക്ഷണത്തി

നായി കശുമാവ് നട്ട് പിടിപ്പിക്കുക എന്ന നിലമാറ്റി നല്ല കശുമാവിൻ തോട്ടമുണ്ടാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കർഷകരുടെ ഇടയിൽ ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്തിൽ ഒരു സെറി കൾച്ചർ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് കാർത്തികപ്പള്ളി താലൂക്ക് കാർഷിക വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ മൾബറി കൃഷി വൻതോതിൽ നടത്തിയിരുന്നു. കർഷകരിൽ കൃഷിയെ കുറിച്ചുണ്ടായ ആശങ്കയും, ഉൽപ്പന്നങ്ങളുടെ വിപണന രംഗത്തുണ്ടായ മുരടിപ്പും ഈ കൃഷി പരാജയപ്പെടാൻ കാരണമായി. ഇന്ന് ഈ കൃഷി ഒന്ന് രണ്ട് കർഷകരിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു.

1987 സെപ്റ്റംബർ 9-ാം തീയതി ആണ് കൃഷിഭവൻ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വന്നത് വളരെ പ്രതീക്ഷയോടെ പ്രവർത്തനം ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിൽ ആകമാനം എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല ഒരു കൃഷി ആഫീസറും 3 കൃഷി അസിസ്റ്റന്റുമാരും ഉൾപ്പെടുന്ന കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ച് 7 പാടശേഖര കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പല സമിതികളുടെയും പ്രവർത്തനം തൃപ്തികരമല്ല. പാടശേഖര കമ്മിറ്റികൾക്കായി കൃഷി ഭവൻ മുഖേന ഒരു ട്രാക്ടറും, 4 ട്രില്ലറും ഉൾപ്പെടെ 8 കാർഷികോപകരണങ്ങളും നൽകിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ അധികവും അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പാക്കുന്നില്ല. ട്രില്ലറുകളും ട്രാക്ടറുകളും നമ്മുടെ പഞ്ചായത്തിന് പുറത്തുള്ള സ്ഥലങ്ങളിലാണ് കൂടുതലും ഉപയോഗിക്കുന്നത്. അതുപോലെ സബ്സിഡി നിരക്കിലുള്ള ഉഴവ് നടക്കാറില്ല.

പട്ടിക 2
കൃഷിഭൂമിയുടെ വിസ്തൃതി അനുസരിച്ചുള്ള തരംതിരിവ്

ക്രമ നമ്പർ	ഇനം	എണ്ണം
1.	രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർ	15
2.	ഒരു ഹെക്ടറിനും - 2 ഹെക്ടറിനും ഇടയ്ക്ക് ഭൂമിയുള്ളവർ	295

പട്ടിക 2 (തുടർച്ച)
കൃഷിഭൂമിയുടെ വിസ്തൃതി അനുസരിച്ചുള്ള തരംതിരിവ്

ക്രമ നമ്പർ	ഇനം	എണ്ണം
3.	0.5 ഹെക്ടറിനും - 1 ഹെക്ടറിനും ഇടയ്ക്ക് ഭൂമിയുള്ളവർ	1497
4.	0.5 ഹെക്ടറിൽ താഴെയുള്ളവർ (അവലംബം കൃഷി ഭവൻ രേഖ)	4500

നെൽകൃഷി

നമ്മുടെ പഞ്ചായത്ത് നെൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപതമായിരുന്നു ഒരുപ്പു, ഇരുപ്പു കൃഷിയായിരുന്നു. പ്രധാനമായും ജൈവവളങ്ങളെ മാത്രം ആശ്രയിച്ചായിരുന്നു ആദ്യകാല നെൽകൃഷി കർഷകന്റെയും തൊഴിലാളികളുടെയും കൂട്ടായ്മയുടെ പര്യായമായിരുന്നു അന്ന് കൃഷി. ഉടമ അടിമ വ്യവസ്ഥിതിയിൽ വന്ന വ്യതിയാനം കൂലി കൂടുതൽ നൽകില്ല എന്ന കർഷകന്റെയും കൂലി വർദ്ധനവിന് വേണ്ടി സമരം നടത്തിയിരുന്ന കർഷക തൊഴിലാളികളുടെയും പ്രവർത്തനം തൊഴിൽ ബന്ധത്തിൽ പല ഭവിഷ്യത്തുകളും വരുത്തിവച്ചു. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങളും കൃഷി രീതിയിൽ മാറ്റങ്ങൾ വരുത്തി ഇന്ന് നെൽകൃഷി മേഖല നേരിടുന്ന പ്രധാന പ്രശ്നം കർഷക തൊഴിലാളികളുടെ ദൗർലഭ്യമാണ്.

പഞ്ചായത്തിൽ ഉണ്ടായിരുന്ന കൃഷി ഭൂമികളിൽ അധികവും കുടുംബ ബന്ധങ്ങളിൽ വന്ന മാറ്റം മൂലം തുണ്ടുകളായി മാറിയിരിക്കുന്നു. ഏറിയ പങ്ക് കൃഷിയിടങ്ങളും കാർഷികേതര വരുമാനം ഉള്ളവരുടെ ഉടമസ്ഥതയിലാണ്. കർഷക തൊഴിലാളികളുടെ വരുമാനവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്ന് ആയതുമൂലം കൃഷി പ്പണിയോടുള്ള അവരുടെ സന്നദ്ധതയും, സേവനവും കുറഞ്ഞു. അതുകൊണ്ട് തന്നെ നിലങ്ങൾ അധികവും തരിശ് കിടക്കുന്നു. തരിശ് നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ നമുക്ക് എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചേ മതിയാകൂ.

പഞ്ചായത്തിലുള്ള തോടുകൾ എല്ലാം തന്നെ കിഴക്ക് നിന്നും ഒഴുകി കായംകുളം കായലിൽ പതിക്കുന്നവയാണ്. ഈ തോടുകൾ വഴി വേലിയേറ്റ സമയത്ത് ഉപ്പ് വെള്ളം കിഴക്കോട്ട് കയറുകയും അവ നമ്മുടെ നെൽപ്പാടങ്ങളിൽ എത്തി നിലങ്ങൾ കൃഷി

ചെയ്യാൻ കഴിയാത്ത വണ്ണം ഓരു നിറയുകയും ചെയ്യുന്നു. ഈ ഉപ്പ് വെള്ളകയറ്റത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള മുണ്ടക വയലുകൾ നെൽകൃഷിക്ക് ഉപയുക്തമാക്കാം.

നാളീകേര കൃഷി

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട വിളയാണ് നാളീകേരം. ആദ്യകാലത്ത് തെങ്ങുകൾ രോഗവിമുക്തമായിരുന്നു. എന്നാൽ ഇപ്പോൾ തെങ്ങിനുണ്ടാകുന്ന കാറ്റ് വീഴ്ച, കൂമ്പ് ചീയൽ, ഓലപ്പുഴു, മഞ്ഞളിപ്പ്, ചെല്ലി എന്നിവയുടെ ഉപദ്രവം ഉൽപ്പാദന കുറവ് നാളീകേരത്തിന്റെ വിലയിടിവ് എന്നിവ മൂലം കേരകർഷകർ വിഷമസന്ധിയിലാണ്. മുമ്പൊക്കെ കർഷകർ ജൈവവളം ഉപയോഗിച്ചിരുന്നു. ഇപ്പോൾ ജൈവവള ദൗർലഭ്യവും രാസവളങ്ങളുടെ വില വർദ്ധനവും കേര കർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

പച്ചക്കറി കൃഷി

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി സാദ്ധ്യതയുള്ള ഒരു രംഗമാണ് പച്ചക്കറി കൃഷി നമ്മുടെ നെൽവയലുകൾ വിളവെടുപ്പ് കഴിഞ്ഞ് തരിശിടുകയാണ് പതിവ് ഈ വയലുകളിൽ നല്ല രീതിയിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിയും മഴകാലത്ത് തെങ്ങിന് ഇടവിളയായും പച്ചക്കറി കൃഷി നടത്താം. തൊഴിൽ രഹിതരായ അദ്ധ്വാന ശീലരായ യുവതി യുവാക്കൾ ഈ ഘടകങ്ങൾ കൂട്ടിചേർത്ത് നമുക്ക് ആവശ്യമായ പച്ചക്കറി നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കാൻ പരിപാടി തയ്യാറാക്കി നടപ്പാക്കേണ്ടിയിരിക്കുന്നു.

ഇടവിളകൾ

സാധാരണ ജനങ്ങളുടെ പ്രധാന ഭക്ഷ്യ സാധനമായിരുന്നു മരച്ചീനിയും മറ്റ് നടുധാന്യങ്ങളും. ജൈവവള പ്രയോഗത്താൽ ഇവയുടെ വിള ഉൽപ്പാദന ചെലവിനെക്കാൾ പല മടങ്ങ് ലാഭകരമായിരുന്നു. കർഷകരെ അദ്ധ്വാനശീലരാക്കിയിരുന്നത് ഈ ഇടവിളകളായിരുന്നു. ഇന്ന് ജലസേചനത്തിനുള്ള അസൗകര്യവും എലികളുടെ ഉപദ്രവവും കർഷകരെ ഈ രംഗത്ത് നിന്ന് പിൻതിരിപ്പിക്കുന്നു. ഇടവിള കൃഷി വ്യാപിക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിക്കണം.

പട്ടിക 3
വിള വിസ്തീർണ്ണം

ക്രമ നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)
1.	നെല്ല് (ഒന്നാം വിള)	170
2.	നെല്ല് (രണ്ടാം വിള)	170
3.	എള്ള്	112

(അവലംബം കൃഷി ഭവൻ രേഖ)

പട്ടിക 4
ഇടവിള വിസ്തീർണ്ണം

ക്രമ നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)
1.	മരച്ചീനി	60
2.	വാഴ	50
3.	കമുക്	27
4.	കുരുമുളക്	5
5.	പയർ	12
6.	ഇഞ്ചി	2.5
7.	പച്ചക്കറികൾ	9
8.	ചേന, ചേമ്പ്, കാച്ചിൽ	250

(അവലംബം : കൃഷി ഭവൻരേഖ)

പട്ടിക 5
പാടശേഖരങ്ങളുടെ വിസ്തൃതി

ക്രമ നമ്പർ	പാടത്തിന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
1.	തഴേവയൽ	58
2.	മുരിങ്ങവയൽ, മുക്കുഴിവയൽ	10
3.	മുഞ്ഞനാട്ട് പാടം	12
4.	മുല്ലപ്പുഴ വയൽ	15
5.	പുഴുക്കവയൽ	33
6.	ഓണിയപ്പുറത്ത് പാടം	12
7.	കടുവക്കാട്ട് പാടം	20
8.	ഞവരയ്ക്കൽ പാടം	10

(അവലംബം : കൃഷി ഭവൻ രേഖ)

പട്ടിക 6

നെല്ലുൽപ്പാദക സമിതികൾ

ക്രമ നമ്പർ	പേര്	രജിസ്റ്റർ നമ്പർ
1.	മുതുകുളം 10-ാം വാർഡ് നെല്ലുൽപ്പാദക സമിതി	A 484/90
2.	മുതുകുളം തെക്ക് നെല്ലുൽപ്പാദക സമിതി	A 570/90
3.	മുതുകുളം തെക്ക് പാടശേഖര നെല്ലുൽപ്പാദക സമിതി	A 474/90
4.	മുതുകുളം സെന്റർ നെല്ലുൽപ്പാദക സമിതി	A 475/90
5.	നരിയോരത്ത് നെല്ലുൽപ്പാദക സമിതി	A 486/90
6.	മുതുകളം തെക്ക് മുല്ലപ്പുഴ പാടശേഖര സമിതി	A 221/91
7.	മുതുകുളം വടക്ക് പാടശേഖര നെല്ലുൽപ്പാദക സമിതി	A 383 / 90
8.	മുരിങ്ങയിൽ കുരുംബകര പാടശേഖര സമിതി	A 384 / 90

പട്ടിക 7

പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങളുടെ വിവരം

ക്രമ നമ്പർ	കാർഷിക ഉപകരണം	എണ്ണം	വിതരണം ചെയ്ത പദ്ധതി
1.	ട്രാക്ടർ	1	ഗ്രൂപ്പ് ഫാമിംഗ്
2.	പവർ ട്രില്ലർ	3	പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതി
3.	പവർ ട്രില്ലർ	1	പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതി
4.	മെതിയന്ത്രം	1	പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതി
5.	മെതിയന്ത്രം	1	പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതി
6.	തെങ്ങ് കയറ്റ യന്ത്രം	1	സമഗ്ര കേര വികസന പദ്ധതി

പട്ടിക 8

കാർഷിക ഉപകരണങ്ങളുടെ സ്ഥിതി വിവരം

ക്രമ-നമ്പർ	ഉപകരണം	ആരുടെ ഉടമസ്ഥതയിൽ
1.	ട്രാക്ടർ	സുകുമാരൻ പനച്ചൂർ വടക്കതിൽ
2.	പവർ ട്രില്ലർ	a. നെല്ലുൽപ്പാദക സമിതി നമ്പർ A 570/90 b. നെല്ലുൽപ്പാദക സമിതി നമ്പർ A 474 / 90 c. നെല്ലുൽപ്പാദക സമിതി നമ്പർ A 221 / 91
3.	പവർ ട്രില്ലർ	ഹരിജൻ കോപ്പറേറ്റീവ് സൊസൈറ്റി മുതുകുളം.
4.	മെതിയന്ത്രം	(1) ഹരിജൻ കോപ്പറേറ്റീവ് സൊസൈറ്റി മുതുകുളം.
5.	മെതിയന്ത്രം	(1) നെല്ലുൽപ്പാദക സമിതി നമ്പർ A 475/90
6.	തെങ്ങ് കയറ്റയന്ത്രം	(1) മന്മദൻ മഠത്തിൽ തറയിൽ

ജലസേചനം

നമ്മുടെ കൃഷി മഴയെ ആശ്രയിച്ചാണ്. തെക്ക് കിഴക്കൻ മൺസൂൺ, വടക്ക് പടിഞ്ഞാറൻ മൺസൂണുമാണ് നമ്മുക്ക് കിട്ടുന്ന മഴ പഞ്ചായത്തിലെ തോടുകളെല്ലാം പടിഞ്ഞാറോട്ട് ഒഴുകി കായംകുളം കായലിൽ പതിക്കുന്നു. കർഷകരെ സഹായിക്കുന്നതിന് കേന്ദ്രീകൃത ആസൂത്രണത്തിന്റെ സൃഷ്ടിയായ കനാൽ പദ്ധതി ഗുണത്തിലേറെ ദോഷമായി ഭവിച്ചിരിക്കുകയാണ്. നീരൊഴുക്ക് തോടുകൾ നികത്തി റോഡുകളാക്കി മാറ്റിയതും നിലം നികത്തിയതും ജല നിർഗമന സൗകര്യത്തെ സാരമായി ബാധിച്ചിരിക്കുന്നു. പുരയിടങ്ങളിൽ ഉണ്ടായിരുന്ന കുളങ്ങൾ നികത്തിയതും നീരൊഴുക്കിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള തോടുകളുടെയും കുളങ്ങളുടെയും ആഴവും വിസ്തൃതിയും വർദ്ധിപ്പിച്ച് ജല സേചന സൗകര്യം വർദ്ധിപ്പിക്കാൻ വേണ്ട പദ്ധതികൾ അവിഷ്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

പട്ടിക 9

പഞ്ചായത്തിലെ പ്രധാന തോടുകൾ

ക്രമ നമ്പർ	തോടിന്റെ പേര്	വാർഡ്	നീളം കി. മീ.
1.	പുഴുക്കത്തോട്	7	4
2.	വാഴവന തോട്	4	4.4
3.	മുതുകുളം H.S. ന് തെക്കുവശത്തുകൂടി പടിഞ്ഞാറോട്ടുള്ള തോട്	5	4.5
4.	മുതുകുളം H.S. ന് വടക്ക് കൂടിയുള്ള തോട് (തൈമീനത്തേൽ തോട്)	5, 9	4.5
5.	മുതലാവയൽ പുത്തൻ പറമ്പ് കടവ് തോട്	1 ,10	4
6.	തുറയിൽ തോട്	4	4.5
7.	ചേമത്ത് തോട്	2	4.5
8.	കളീയ്ക്കൽ തോട്	7	1
9.	തഴേശ്ശേരിൽ തോട്	5	1

പട്ടിക 10

സ്ലൂയിസ്, ഷട്ടറുകൾ, ഇവ വേണ്ടുന്ന സ്ഥലം

വാർഡ് നമ്പർ	ഷട്ടറുകൾ വേണ്ട ഭാഗങ്ങൾ
1	പുത്തൻ പറമ്പിൽ പടിഞ്ഞാറ് വശം
3	വാഴവന തോടിന്റെ പടിഞ്ഞാറെ അറ്റം
5	പടിഞ്ഞാറെ മഠത്തിൽ കിഴക്കുവശവും തെക്ക് വശവും
5	പടിഞ്ഞാറെ മഠത്തിൽ കിഴക്കുവശം ഏലാത്തോട്ടിൽ സ്ലൂയിസ് നിർമ്മിച്ച് ഷട്ടറിടണം.
6	തറക്കാട്ടിൽ പടിഞ്ഞാറ് വശം.
6	കുട്ടുങ്കൽ ചിറയിൽ
7	കായംകുളം ചിറയിൽ
7	പട്ടന്റെ ചിറയിൽ

പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ 1 മുതൽ 7 വരെയുള്ള വാർഡുകളിലെ പടിഞ്ഞാറൻ മേഖലയിൽ ഉപ്പ് വെള്ളം മൂലം കൃഷി നടക്കുന്നില്ല.
2. പുരാതനമായി ഉണ്ടായിരുന്ന നീരൊഴുക്ക് തോടുകൾ റോഡുകളായി മാറുകയും, ചിലവ നികത്തി പുരയിടമാക്കി മാറ്റുകയും ചെയ്യുന്നതിനാൽ നീരൊഴുക്കിന് തടസ്സം നേരിട്ടു.
3. ഉൽപ്പാദന ചിലവുമായി പൊരുത്തപെടാത്തത് കൊണ്ടും കാലാകാലങ്ങളിൽ തൊഴിലാളികളെ ലഭിക്കാത്തത് കൊണ്ടും കർഷകർ നിലം തരിശിടാൻ നിർബന്ധിതരാകുന്നു.
4. എലിശല്യം എല്ലാ കൃഷിയെയും ബാധിക്കുന്നു.
5. കർഷകർ പലയിനം വിത്തുകൾ ഒരേ പാടശേഖരത്തിൽ കൃഷി ചെയ്യുന്നത് മൂലം ഉൽപ്പാദന ക്ഷമത കുറയുന്നു.
6. ഉൽപ്പാദന ചിലവിൽ വന്ന വർദ്ധനവ് കർഷക തൊഴിലാളികളുടെ അഭാവം. ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കായ്ക തുടങ്ങിയവ നെൽകൃഷി ഉൽപ്പാദന രംഗത്തെ പ്രശ്നങ്ങളാണ്.
7. നാളീകേരത്തിന്റെ വിലക്കുറവ്, വർദ്ധിച്ച് വരുന്ന പാർപ്പിട പ്രശ്നം, നല്ലയിനം തൈകൾ ലഭിക്കായ്ക തുടങ്ങിയവ തെങ്ങ് കൃഷിയെ ബാധിച്ച പ്രശ്നങ്ങളാണ്.
8. യഥാസമയം കിളയ്ക്കുകയും വരമ്പുകൾ ഉണ്ടാക്കുകയും ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാകുന്നു.
9. നടീൽ വസ്തുക്കൾ കർഷകർക്ക് യഥാസമയം കിട്ടുന്നില്ല.
10. ജൈവവളം വേണ്ടത്ര അളവിൽ ലഭിക്കുന്നില്ല. രാസവളത്തിന്റെ വിലവർദ്ധനവ്.
11. കാർഷിക രംഗത്ത് വേണ്ടത്ര ഗ്രൂപ്പ് പ്രവർത്തനത്തിന്റെ കുറവ്.
12. ഉൽപ്പന്ന – വിപണന രംഗത്ത് ഇടത്തട്ടുക്കാരുടെ ചൂഷണം.
13. ജലസേചന സൗകര്യത്തിന്റെ അഭാവം ഇടവിള കൃഷിയെ നിരുത്സാഹപ്പെടുത്തുന്നു.

സാദ്ധ്യതകൾ

1. നെൽകൃഷി സ്ഥലം തരിശിടുന്നതിനെയും മറ്റ് ആവശ്യങ്ങൾക്കായി രൂപപ്പെടുത്തുന്നതിനെയും തടയുന്നതിനുള്ള നിയമങ്ങൾ കർശനമാക്കുക.
2. കായംകുളം കായലിൽ നിന്നും ഉപ്പ് വെള്ളം നെൽവയലിലേക്ക് കയറുവാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ ആവശ്യമുള്ള ഷട്ടറുകളും കലുങ്കുകളും നിർമ്മിക്കുക.
3. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുക.
4. കർഷകർക്ക് വിത്ത്, വളം, കീടനാശിനി എന്നിവ യഥാസമയം സർക്കാർ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
5. ഓരു മുണ്ടക നിലത്തിൽ കുമ്മായ പ്രയോഗം നടത്തുന്നതിന് കുമ്മായ വസ്തുക്കൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
6. കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിച്ച് പോരായ്മ പരിഹരിക്കാനുള്ള സഹായം നൽകുക.
7. ജലനിർഗ്ഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കുക.
8. നമ്മുടെ പ്രദേശത്തെ നെൽകൃഷിക്ക് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പവർ ട്രില്ലറും, ട്രാക്ടറുകളും അനുയോജ്യമായ മെതിയന്ത്രങ്ങളും, കൊയ്ത്ത് യന്ത്രങ്ങളും സൗജന്യ നിരക്കിൽ നെല്ലുൽപ്പാദന സമിതികൾക്കും, സഹകരണ സംഘങ്ങൾക്കും വിതരണം ചെയ്യുക.
9. ഇവയുടെ പ്രവർത്തനം പഞ്ചായത്ത് കമ്മിറ്റിക്ക് വിലയിരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
10. കൃഷിഭവന്റെ നേതൃത്വത്തിൽ കാലാകാലങ്ങളിൽ നെല്ലിനും തെങ്ങിനും മറ്റ് വിളകൾക്കും ഉണ്ടാകുന്ന കീടരോഗ ബാധകൾക്കെതിരെ മരുന്ന് തളിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
11. നെല്ലിന്റെ ഉൽപ്പാദന ബോണസ് ഉയർത്തുക.
12. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷി നാശങ്ങൾക്ക് നഷ്ടപരിഹാരം കർഷകർക്ക് നേരിട്ട് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
13. പഞ്ചായത്തിലെ മുഴുവൻ കാറ്റ് വീഴ്ച ബാധിച്ച് തെങ്ങുകളും വെട്ടിമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ നൽകുന്ന പദ്ധതി നടപ്പിലാക്കുക.

14. തെങ്ങിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് രാസവള കിറ്റുകൾ സൗജന്യ നിരക്കിൽ നൽകുക, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫലവൃക്ഷ തൈകൾ സൗജന്യമായി നൽകുക.

15. തെങ്ങുകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് മരുന്ന് തളി നടപ്പിലാക്കുക.

16. ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് ഉണ്ടാക്കുക.

17. ജൈവവള പ്രയോഗം വർദ്ധിപ്പിക്കുന്നതിന് തെങ്ങിൻ തോട്ടങ്ങളിൽ പയർ, ചണം, ശീമക്കൊന്ന ഇവ വ്യാപകമായി കൃഷി ചെയ്യുക,

18. പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി ആദ്യ ഘട്ടത്തിൽ പഞ്ചായത്തിലെ ഓരോ വാർഡിലും 25 വീടുകളിൽ പദ്ധതി നടപ്പിലാക്കുകയും, പിന്നീട് എല്ലാ വീടുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുക.

19. കർഷകർക്ക് വിത്തും വളവും കീടനാശിനികളും സൗജന്യ നിരക്കിൽ പദ്ധതി പ്രകാരം നൽകുക.

20. പച്ചക്കറി സംഭരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സ്റ്റാൾ തുടങ്ങുക.

21. പഞ്ചായത്തിൽ പച്ചക്കറി വിത്ത് ഉൽപ്പാദന കേന്ദ്രം തുടങ്ങുക.

22. പച്ചക്കറി കൃഷിക്ക് ജൈവവള പ്രയോഗവും, കീടനാശിനി പ്രയോഗവും പ്രചരിപ്പിക്കുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ നടത്തുക.

23. പൊതു സ്ഥലങ്ങളിലും, ഓഫീസ് പരിസരങ്ങളിലും സ്കൂൾ പരിസരങ്ങളിലും ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുക.

24. ഉദ്യാന സസ്യകൃഷിക്ക് പഞ്ചായത്ത് തലത്തിൽ വാർഡുകൾ തോറും കുറഞ്ഞത് 10 കർഷകരെ വീതമെങ്കിലും സംഘടിപ്പിച്ച് സംഘടിത രീതിയിൽ കൃഷി തുടങ്ങണം. ഈ കർഷകരെ സംഘടിപ്പിച്ച് പൂക്കളുടെ ഉൽപ്പാദനം, ശേഖരണം, വിതരണം ഇവ ലക്ഷ്യമാക്കി സഹകരണ സംഘങ്ങൾ നിലവിൽ വരണം.

25. ഉദ്യാന സസ്യകൃഷിക്ക് ധനസഹായവും പരിജ്ഞാനവും ലഭ്യമാക്കണം. .

26. ഉദ്യാന സസ്യകൃഷിക്ക് ബ്ലോക്ക് അടിസ്ഥാനത്തിൽ നഴ്സറികൾ തുടങ്ങണം.

27. മണ്ണിന്റെ ഫലഭൂയിഷ്ടത വർദ്ധിപ്പിക്കുന്നതിനായി മണ്ണിര കമ്പോസ്റ്റ്, ജീവാണു വളം എന്നിവ പ്രചരിപ്പിക്കുകയും കമ്പോസ്റ്റ് വള നിർമ്മാണത്തിന്റെ സബ്സിഡി ഉയർത്തുകയും ചെയ്യുക.

28. കാർഷിക പണി നടത്താനുള്ള തൊഴിലാളികളെ സംഘടിപ്പിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രർ ചെയ്ത് കൃഷി പണിക്ക് തൊഴിലാളികളെ ലഭ്യമാക്കണം.

29. നെടുവക്കാട്ട് തോടിന് പിച്ചിംഗ് കെട്ടി ജലസേചനം സുഗമമാക്കുക.


30. പുഴുക്ക വയലിൽ നിന്ന് പുഴക്കതോട്ടിലേക്കുള്ള ഒഴുക്ക് ചാല് പിച്ചിംഗ് കെട്ടി സംരക്ഷിക്കുക.

31. മാരൂർ വടക്ക് വശത്തെ കലുങ്ക് നിർമ്മിച്ച് മുല്ലപ്പുഴ വയലിലെ ജലസേചനം കാര്യക്ഷമമാക്കുക.

32. വിവിധ കൃഷികളുടെ വികസനത്തിന് ശാസ്ത്രീയ കൃഷിരീതികളെപ്പറ്റി കൃഷിക്കാരെ ബോധവാൻമാർ ആക്കുന്നതിന് കർഷക പരിശീലന ക്ലാസ്സുകൾ നിരന്തരം നടത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ കാർഷിക പുരോഗതിക്ക് അവശ്യം വേണ്ടുന്ന കുറെ നിർദ്ദേശങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. ഇവ പ്രാവർത്തികമാക്കുവാൻ വേണ്ട ആത്മാർത്ഥമായ പരിശ്രമം നമ്മളിൽ നിന്നുണ്ടാകേണ്ടതാണ്.





മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

കേരളത്തിന്റെ സമ്പത്ത് ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായ സംരംഭങ്ങളുടെ മുരടിപ്പും മൂലമുണ്ടായ തൊഴിലില്ലായ്മയും കാരണം ഇന്ന് ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിഞ്ഞിരിക്കുന്നു. ഹ്രസ്വകാല അടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സമ്പത്ത് വർദ്ധനവിന് ഉതകുന്ന ഒരു മേഖലയാണ് ഇത്.

കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും, കർഷക തൊഴിലാളികളുമാണ്. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് പോലും ധനാഗമ മാർഗ്ഗം കണ്ടെത്താവുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല വികസനം എന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു പ്രക്രിയ ആകയാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പത്ത് ഘടനയെ സംപുഷ്ടമാക്കുമെന്നുള്ള കാര്യം വ്യക്തമാണ്.

മൃഗസംരക്ഷണ മേഖല പ്രധാനമായും ഊന്നൽ കൊടുക്കേണ്ടത് പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിലാണ്. സുനന്ദിനി എന്ന സങ്കരയിനം പശുവാണ് നമ്മുടെ പഞ്ചായത്തിൽ അധികവും കാണുന്നത്.

പട്ടിക 1 1996 ലെ കന്നുകാലി സമ്പത്ത്

	1 വയസ്സിനു താഴെ	1 വയസ്സിനും 2.5 വയസ്സിനും ഇടയ്ക്ക്	2.5 വയസ്സിനു മുകളിൽ		ആകെ
			കറവളള്ളത്	ഇല്ലാത്തത്	
നാടൻ പശുക്കൾ	20	10	26	27	83
സങ്കര പശുക്കൾ	345	263	473	219	1300
എരുമ	1	2	5	2	10
നാടൻ കാള					12
സങ്കര കാള					102
പോത്ത്					3
ആട്					546
ആന					2
കോഴി (പൂവൻ)					510
കോഴി (പിട)					1043

നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രശ്നം തൊഴിലില്ലായ്മയും സാമ്പത്തിക പിന്നോക്കാവസ്ഥയുമാണ്. മൃഗസംരക്ഷണ മേഖലയിലേക്ക് കടന്ന് വരാൻ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ വിമുഖത കാണിച്ചു നിൽക്കുകയാണ്. ധനകാര്യ വായ്പാ സ്ഥാപനങ്ങൾ വേണ്ട രീതിയിൽ സഹായിക്കുമെങ്കിൽ അവർക്ക് ധാരാളം തൊഴിൽ സാദ്ധ്യതകൾ കണ്ടെത്താൻ പറ്റിയ ഒരു മേഖലയായി ഇതിനെ പരിഗണിക്കാം. ഈ മേഖലയിലെ നേട്ടത്തിന്റെ 60% വും ഗ്രാമീണ വനിതകളുടെ സംഭാവനയാണ് അതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ വനിതകളുടെ ഉന്നമനം കൂടിയാണ്.

മൃഗാശുപത്രി

നമ്മുടെ പഞ്ചായത്തിൽ 2-ാം വാർഡിലാണ് മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ ഏക കൃത്രിമ ബീജസങ്കലന കേന്ദ്രവും മുതുകുളം മൃഗാശുപത്രിയാണ്. 10-04-1964 ൽ ഒരു സബ് സെന്ററായിട്ട് മുതുകുളം ബ്ലോക്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തനം ആരംഭിച്ചു. മുതുകുളം വടക്ക് കാടാശ്ശേരി മുന്നില N.S.S. കരയോഗം സംഭാവന ചെയ്ത 32 സെന്റ് സ്ഥലത്ത് സർക്കാർ പണികഴുപ്പിച്ച കെട്ടിടത്തിലാണ് ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത്. 11-09-1975 ൽ സബ് സെന്റർ ഡിസ്പ്പൻസറിയായി ഉയർത്തി ഒരു വെറ്റിനറി സർജനെ നിയമിക്കുകയും ചെയ്തു. 30-07-84 ൽ ഇത് ആശുപത്രിയായി ഉയർത്തുകയും അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിലുള്ള ഒരു സീനിയർ വെറ്റിനറി സർജനെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ ഇവിടെ സർജനെ കൂടാതെ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റന്റർർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവർ കൂടി ജോലി ചെയ്യുന്നു. ഇവിടെ വർഷം തോറും 2100 മുതൽ 2500 വരെ കൃത്രിമ ബീജദാനങ്ങൾ നടക്കുന്നു. ഇതിൽ നിന്നും വർഷത്തിൽ ശരാശരി 450 പശുകുട്ടികളും 450 കാളക്കുട്ടികളും ജനിക്കുന്നു. എന്നാൽ ശാസ്ത്രീയമായ പരിചരണം ലഭിക്കാത്തത് മൂലം 50% കുട്ടികളും മരിച്ചു പോകുന്നു.

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ 3 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ 3 സംഘങ്ങൽ പ്രതിദിനം 900 ലിറ്റർ പാലോളം മിൽമായ്ക്ക് വിൽക്കുന്നുണ്ട്.

8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മൃഗ സംരക്ഷണ വകുപ്പിലൂടെ നടപ്പാക്കി കൊണ്ടിരുന്ന പരിപാടികൾ വേണ്ടത്ര ഫലപ്രദമായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയ്ക്കും, കോഴിത്തീറ്റയ്ക്കുമുള്ള വില വർദ്ധനവ്.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ചികിത്സാ സൗകര്യം ലഭ്യമല്ല
4. സാങ്കേതിക പരിജ്ഞാനം ഇല്ലാത്തവരുടെ മൃഗ ചികിത്സ.
5. തെരുവ് നായ്ക്കളുടെ വർദ്ധനവ്
6. നമുക്ക് ആവശ്യമായ മുട്ട ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത അവസ്ഥ.
7. ശുദ്ധമായ മാംസം ലഭിക്കുന്നില്ല.
8. ധനകാര്യ വായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യക്കുറവ്.
9. ഭാരിച്ച ചികിത്സാ ചിലവ്.
10. കോഴികൾക്കുണ്ടാകുന്ന പകർച്ച വ്യാധിയും കന്നുകാലികൾക്കുണ്ടാകുന്ന കുളമ്പ് രോഗവും ഫലപ്രദമായി തടയാൻ കഴിയുന്നില്ല.

സാദ്ധ്യതകൾ

1. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ മൂന്ന് പശുക്കളെങ്കിലും ഉള്ള മിനി ഡയറി യൂണിറ്റ് ആരംഭിക്കുക.
2. ആട് വളർത്തലിന് വനിതകൾക്ക് സാമ്പത്തിക സഹായം ചെയ്യുക.
3. എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
4. വനിതകളുടെ പ്രധാന ആദായ മാർഗ്ഗമായ കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ച് മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുക.
5. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിനായി വേണ്ട മാംസം മറ്റ് സ്ഥലങ്ങളിൽ നിന്നും കൊണ്ടു വന്നു വിൽപ്പന നടത്തുന്നു. ഇതു പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു അറവ്ശാല സ്ഥാപിക്കുക.
6. ഇറച്ചിക്കോഴികളെ വളർത്താൻ പ്രോത്സാഹിപ്പിക്കുക.
7. മുട്ട മാംസം ഇവയുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി കർഷകരെ സംഘടിപ്പിച്ച് സഹ

കരണം സംഘം രജിസ്റ്റർ ചെയ്യുക.

8. ഇറച്ചി കോഴി കുഞ്ഞുങ്ങളെ നൽകുന്ന നഴ്സറി (Hatchery) ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

9. വനിതകൾക്ക് ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 3 ആട്ടിൻ കുട്ടികൾ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

10. സ്കൂൾ കുട്ടികളിൽ സമ്പാദ്യ ശീലം വളർത്താനും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ താൽപ്പര്യമുണ്ടാക്കുവാനും ഉതകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

11. മാംസം ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 10 പെൺ മൂയലും 2 ആൺ മുയലും അടങ്ങുന്ന യൂണിറ്റുകൾ സൗജന്യ നിരക്കിൽ വിതരണം നടത്താവുന്നതാണ്.

12. വീട്ടാവശ്യത്തിനുള്ള മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് രണ്ട് മാസം പ്രായമായ അഞ്ചു കോഴിക്കുഞ്ഞുങ്ങളുള്ള ഒരു യൂണിറ്റ് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

13. ബ്ലോക്ക് അടിസ്ഥാനത്തിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറിയുണ്ടാക്കി മിതമായ വിലയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യുക.

14. പഞ്ചായത്തിലെ കൃഷിക്ക് അനുയോജ്യമല്ലാത്ത പ്രദേശങ്ങൾ തീറ്റപുൽകൃഷിക്കായി വിനിയോഗിക്കുക.

15. പാഴായി പോകുന്ന ജൈവവളം സംരക്ഷിക്കാനുള്ള സൗകര്യത്തോട് കൂടി മാതൃകാ കന്നുകാലി തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം ചെയ്യുക.

16. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗോബർ ഗ്യാസ് പ്ലാന്റ് തുടങ്ങുന്നതിനുള്ള സഹായം നൽകുക.

17. പഞ്ചായത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും. വളർത്ത് നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

18. പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുക.

19. പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണ മേഖലയിൽ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന രണ്ട് കർഷകർക്ക് വീതം ഓരോ വർഷവും അവാർഡ് നൽകുക. ഈ മേഖലയിൽ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്കൂൾ കുട്ടികൾക്കും അവാർഡ് ഏർപ്പെടുത്തുക. 20. മൃഗാശുപത്രിയുടെ നിലവിലുള്ള സൗകര്യം വർദ്ധിപ്പിക്കുക. ചികിത്സാ സൗകര്യം എത്താത്ത പഞ്ചായത്തിന്റെ തെക്കൻ പ്രദേശത്ത് സബ് സെന്റർ തുടങ്ങുക.

21. മൃഗാശുപത്രിയിൽ ലബോറട്ടറി സൗകര്യ ഏർപ്പെടുത്തുക.

22. മുതുകുളം ബ്ലോക്ക് ഹെഡ് ക്വാർട്ടേഴ്സ് മൃഗാശുപത്രിയായ മുതുകുളം മൃഗാശുപത്രിയിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഒരു ചീഫ് വെറ്റിനറി ആഫീസറെ നിയമിക്കണം. അതോടൊപ്പം ആശുപത്രിയുടെ പ്രവർത്തനം രണ്ട് ഷിഫ്റ്റാക്കി മാറ്റണം.

23. പാൽ സഹകരണ സംഘം ഇല്ലാത്ത എന്നാൽ മൃഗ പരിപാലനം നല്ല രീതിയിൽ നടക്കുന്ന പഞ്ചായത്തിന്റെ 6, 7 വാർഡുകൾ പ്രവർത്തന മേഖലയാക്കി ഒരു ക്ഷീര സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

24. കാലാകാലങ്ങളിൽ മൃഗ സംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ശാസ്ത്രീയ നേട്ടങ്ങളെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിന് വേണ്ട പരിശീലനം നടത്തേണ്ടതാണ്.

മത്സ്യ പരിപാലനം

മത്സ്യ കൃഷി നമ്മുടെ പഞ്ചായത്തിൽ വളരെ വിരളമാണ്. കുളങ്ങളിലും തോടുകളിലുമായിരുന്നു നമ്മുടെ മത്സ്യ സമ്പത്ത് എന്നാൽ ഈ കുളങ്ങളും തോടുകളും ജലനിർഗ്ഗമന സൗകര്യങ്ങളില്ലാത്തതിനാൽ നമ്മുടെ മത്സ്യകൃഷി അന്യം നിന്നു പോയിരിക്കുകയാണ്. ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ മാംസ്യം ലഭിക്കുന്നതിന് ഒരു ഘടകമാണ് മത്സ്യം. ഇത് നമ്മുടെ പഞ്ചായത്തിൽ സമൃദ്ധിയായി ലഭിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

പട്ടിക I

കുളവും ചാലും

പഞ്ചായത്ത് കുളങ്ങളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	പേര്	വാർഡ്
1.	ചാലുംപാട്ട് ചാല്	2
2.	പുതുപ്പുരയ്ക്കൽ ചാല്	1

പട്ടിക I തുടർച്ച


ക്രമ നമ്പർ	പേര്	വാർഡ്
3.	കാടാശ്ശേരി ചാല്	3
4.	മുറവശ്ശേരി ചാല്	3
5.	ആലക്കോട്ട് കുളം	4
6.	ഇലങ്കത്ത് കുളം	7
7.	ചക്കുക്കുളങ്ങര ചാല്	9
8.	കണ്ടച്ചേത്ത് ചാല്	10
9.	കടാമ്പള്ളിൽ ചാല്	10
10.	ചെന്നില കിഴക്കേകുളം	10
11.	ആലുംപിറചാല്	4


പ്രശ്നങ്ങൾ

1. പഞ്ചായത്തിലുള്ള കുളങ്ങളുടെയും തോടുകളുടെയും ആഴം കുറയുന്നു.
2. പഞ്ചായത്ത് അതിർത്തിയിലുള്ള ഉൾനാടൻ മേഖലയിൽ വന്ന മലിനീകരണം.
3. കിഴക്ക് നിന്നുള്ള നീരൊഴുക്ക് കുറഞ്ഞത് നമ്മുടെ വയലുകളുടെ മത്സ്യസമ്പത്ത് കുറയാൻ കാരണമായി.
4. രാസവളത്തിന്റെയും കീടനാശിനികളുടെയും അമിതമായ പ്രയോഗം.
5. അശാസ്ത്രീയമായ മത്സ്യബന്ധന രീതി മത്സ്യ സമ്പത്ത് കുറയ്ക്കുന്നു.

സാദ്ധ്യതകൾ

1. പഞ്ചായത്ത് വക പൊതുകുളങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി വ്യാപിപ്പിക്കുക.
2. പഞ്ചായത്തിലുള്ള എല്ലാ കുളങ്ങളിലും മത്സ്യ കൃഷി നടത്തുവാൻ പ്രോത്സാഹനം കൊടുക്കുക.
3. പഞ്ചായത്തിലെ തോടുകളുടെയും കുളങ്ങളുടെയും ആഴം കൂട്ടുക.
4. കൃഷിക്ക് ഉപയുക്തമല്ലാത്ത നീർക്കെട്ടുകളിൽ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുക.
5. പഞ്ചായത്തിൽ മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ ഉൾനാടൻ മത്സ്യ തൊഴിലാളികളെയും ഉൾപ്പെടുത്തി മത്സ്യ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുകയും. മത്സ്യ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
6. പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മത്സ്യ ഭവനുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്.
7. മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെ ബന്ധപ്പെട്ട ഏജൻസി വഴി വിതരണം ചെയ്യുക.







വ്യവസായം



നമ്മുടെ സമ്പത്ത് വ്യവസ്ഥയെ കാര്യമായി സഹായിക്കുന്ന വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. സഹകരണാടിസ്ഥാനത്തിൽ ഉണ്ടായിരുന്ന രണ്ട് വ്യവസായ സ്ഥാപനങ്ങളായിരുന്നു ഖാദി വ്യവസായവും എണ്ണയാട്ട് വ്യവസായവും. ഇവ രണ്ടും ഇന്ന് പ്രവർത്തനക്ഷമമല്ല. നാളീകേരം ധാരാളമായി ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും കയർ വ്യവസായമോ നാളീകേരോൽപ്പന്ന വ്യവസായമോ നമ്മുടെ പഞ്ചായത്തിൽ നാളിതുവരെ തുടങ്ങിയിട്ടില്ല. എന്നാൽ ധാരാളം പുരുഷന്മാരും സ്ത്രീകളും നമ്മുടെ തൊട്ടടുത്തുള്ള പഞ്ചായത്തുകളിലെ കയർ സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. നാളീകേരം സംഭരിച്ച് കൊപ്രായാക്കിയും എണ്ണയാക്കിയും വിപണനം നടത്തുന്ന കുടിൽ വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും കാണാൻ കഴിയും.

ആദ്യകാലങ്ങളിൽ നമ്മുടെ സ്ത്രീ തൊഴിലാളികൾ ഓല മെടഞ്ഞ് ഉപജീവനം നടത്തിയിരുന്നു. എന്നാൽ കുടിലുകളുടെ സ്ഥാനത്ത് കെട്ടിടങ്ങൾ വന്നതോട് കൂടിയും തെങ്ങുകൾക്കുണ്ടായ ഓല ചുരുട്ട് രോഗവും ഈ തൊഴിൽ നഷ്ടപ്പെടാൻ കാരണമായി.

കുടിൽ വ്യവസായത്തിൽ പരമ്പരാഗതമായി ചെയ്ത് പോന്നിരുന്ന തഴപ്പായ് നെയ്ത്ത് അസംസ്കൃത പദാർത്ഥമായ തഴയുടെ ലഭ്യതക്കുറവ് കൊണ്ടും, മാർക്കറ്റ് നഷ്ടമായത് കൊണ്ടും ഇത് സ്തംഭിച്ചിരിക്കുകയാണ്.

കയർ മേഖലയിൽ തൊണ്ട് തല്ലിനും കയർ പിരിക്കലിനുമുള്ള തൊഴിൽ സാദ്ധ്യതകൾ യന്ത്രവൽക്കരണത്തോടും ചകിരി ഇറക്കുമതിയിലൂടെയും നഷ്ടപ്പെട്ടിരിക്കുകയാണ്. ചെറുകിട മേഖലയിലെ സ്വകാര്യ യൂണിറ്റുകളും ഒരു കയർ സഹകരണ സംഘവും ഒരു D.W.C.R.A. യൂണിറ്റുമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വ്യവസായ രംഗം.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം കയർ പിരിയും, തഴപ്പായ് നെയ്ത്തും. തറിയിൽ തുണി നെയ്തുമായിരുന്നു. കയർ മേഖലയിൽ തന്നെ ചകിരിപിരിയും കയർ മാട്ടുമായിരുന്നു പ്രധാനം

പട്ടിക I

സ്ഥാപനങ്ങളും തൊഴിലാളികളും

ക്രമ നമ്പർ	ഇനം	തൊഴിലാളികൾ		ആകെ
		സ്ത്രീ	പുരു.	
1.	കയർ സഹകരണ മേഖല	93	8	101
2.	കയർ സ്വകാര്യ മേഖല	62	13	75
3.	ചെറുകിട വ്യവസായം	32	131	163
4.	മറ്റ് വ്യവസായം	32	51	83
5.	പരമ്പരാഗത വ്യവസായം	44		44

അവലംബം : സെക്കൻഡറി ഡേറ്റാ

സ്ത്രീ പങ്കാളിത്തം

തൊഴിലാളികളിൽ കൂടുതലും പുരുഷന്മാരാണെങ്കിലും ചെറുകിട കുടിൽ വ്യവസായ രംഗങ്ങളിൽ പ്രധാനമായും പണി ചെയ്യുന്നത് സ്ത്രീകളാണ്. തൊണ്ടുതല്ല് കയർപിരി, പായ്നെയ്ത്ത്, ഓലമെടച്ചിൽ തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നത് സ്ത്രീകളാണ്.

പട്ടിക 2

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	തൊഴിലാളികൾ		ആകെ
		സ്ത്രീ	പുരു.	
1.	തഴപ്പായ്	19	-	19
2.	കശുവണ്ടി	15	-	15
3.	ഖാദി	12	-	12
4.	ഓലമെടച്ചിൽ	120	20	140

അവലംബം : ഗ്രാമസഭാ റിപ്പോർട്ട്

പട്ടിക 3

ചെറുകിട വ്യവസായ യൂണിറ്റ്

ക്രമ നമ്പർ	ഇനം	ആകെ വ്യവസായം	തൊഴിലാളികൾ		ആകെ
			സ്ത്രീ	പുരു.	
1.	കൊപ്രാ	19	4	59	63
2.	ഫർണീച്ചർ വ്യവസായം	8	-	26	26
3.	മസാല നിർമ്മാണം	1	40	-	40
4.	ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്	6	-	22	22
5.	സൈക്കിൾ വർക്ക്ഷോപ്പ്	13	-	37	37
6.	സ്റ്റുഡിയോ	5	-	13	13
7.	ഫാബ്രിക്കേഷൻ വർക്ക്ഷോപ്പ്	5	-	20	20
8.	മില്ലുകൾ	13	-	38	38
9.	പ്രിന്റിംഗ് പ്രസ്സ്	3	6	3	9
10.	സോഡാ നിർമ്മാണം	3	-	10	10
11.	കോളാ നിർമ്മാണം	2	-	5	5
12.	ആയുർവ്വേദ മരുന്നുകൾ	1	1	4	5

അവലംബം : സെക്കൻഡറി ഡേറ്റാ - ഗ്രാമ സഭാ റിപ്പോർട്ട്

പഞ്ചായത്തിലെ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായിട്ടുള്ള ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, വൈദ്യുതി എന്നിവയെല്ലാം ഉണ്ടെങ്കിലും വ്യവസായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്ത് ഖാദി ഗ്രാമ വ്യവസായ രംഗത്ത് പേരെടുത്തിരുന്ന പ്രദേശമായിരുന്നു. എന്നാൽ ഈ മേഖലയിലെ യന്ത്ര വൽക്കരണവും തൊഴിലാളികളുടെ തുച്ഛമായ വേതനവും ഈ മേഖലയെ തകർച്ചയിൽ എത്തിച്ചു.

പ്രശ്നങ്ങൾ

1. കാർഷികോൽപ്പന്നങ്ങളായ നാളീകേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. വ്യവസായ യൂണിറ്റിലെ കുറഞ്ഞ കൂലി നിരക്ക്.

കൂലി നിരക്ക് പട്ടിക

ക്രമ നമ്പർ	ഇനം	സ്ത്രീ (രൂപ)	പുരു
1.	തഴപ്പായ്	12	
2.	കയർ	30	70
3.	ഖാദി	25	
4.	അച്ചടി	30	50
5.	ധാന്യം പൊടിക്കൽ		50
6.	കൊപ്രാ സംസ്കരണം	30	80
7.	തടിവ്യവസായം	-	135
8.	മസാല നിർമ്മാണം	20	
9.	സോഡാ നിർമ്മാണം	-	35

അവലംബം ഗ്രാമസഭാ റിപ്പോർട്ട്

3. വോൾട്ടേജ് ക്ഷാമം.

4. ധനസഹായം കിട്ടുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.

5. ഉൽപ്പനങ്ങളുടെ വിപണന സാദ്ധ്യതക്കുറവ്.

6. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം.

7. വിദഗ്ദ്ധ തൊഴിലാളികളുടെ തൊഴിലിനോടുള്ള താൽപര്യക്കുറവ്.

8. ഇടനിലക്കാരുടെ ചൂഷണം.

9. ആധുനിക മാർഗ്ഗ നിർദ്ദേശത്തിന്റെ അഭാവം.

10. ഗുണമേന്മ നിയന്ത്രണത്തിനുള്ള അഭാവം

സാദ്ധ്യതകൾ

1. നാളീകേരത്തിന്റെ സംഭരണ - സംസ്കരണ - വിപണനം സഹകരണ അടിസ്ഥാനത്തിൽ നടത്തുക

2. നാളീകേരം സംസ്കരിക്കുമ്പോൾ കിട്ടുന്ന പിണ്ണാക്ക് ഉപയോഗിച്ച് ബ്ലോക്ക് അടിസ്ഥാനത്തിൽ കലിത്തീറ്റ ഫാക്ടറി നിർമ്മിക്കുക.

3. തെങ്ങിൻ തടി ചിരട്ട എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കുവാനുള്ള യൂണിറ്റ് സ്ഥാപിക്കുക.

4. പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറവാണെങ്കിലും കയർ വ്യവസായ രംഗത്താണ് നമ്മുടെ തൊഴിലാളികൾ കൂടുതലും പണിയെടുക്കുന്നത്. ഈ രംഗത്ത് കൂലി നിരക്കാണ് നിരുത്സാഹരാക്കുന്നത്.

5. നവീന രീതിയിലുള്ള ചകിരി സംസ്കരണം നടപ്പിലാക്കി തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുക.

6. 8-ാം വാർഡിൽ പ്രവർത്തന ക്ഷമതയില്ലാതെ കിടക്കുന്ന ഖാദി സഹകരണ സംഘം പ്രവർത്തന ക്ഷമമാക്കിയാൽ ഉദ്ദേശം 100 തൊഴിലാളികൾക്കെങ്കിലും തൊഴിൽ സാദ്ധ്യത ഉറപ്പ് വരുത്താം.

7. ഫല വർഗ്ഗങ്ങൾ സംസ്കരിച്ച് ഉൽപ്പന്നങ്ങളാക്കി വിപണനം നടത്താൻ സഹകരണ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. (വനിതകൾക്ക് പ്രാധാന്യം നൽകുക)

8. പഞ്ചായത്ത് അടിസ്ഥാനത്തിൽ തേങ്ങാവെള്ളം സംസ്കരിച്ച് മധുര പാനിയം ഉണ്ടാക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

9. വ്യവസായ ശാലകൾക്ക് അടുത്ത് ചെറിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരഹിരിക്കുക.

10. വ്യവസായം തുടങ്ങാൻ താൽപ്പര്യമുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.

11. മണ്ണൊലിപ്പ് തടയുന്നതിന് കൈത കൃഷി പ്രോത്സാഹിപ്പിച്ച് കാർഷിക മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് തഴപ്പായ് വ്യവസായം പ്രയോജനപ്രദമാക്കുക.

12. വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ ഓല മെടഞ്ഞ് വിപണനം നടത്തുക.

13. 10-ാം വാർഡിൽ പ്രവർത്തനം സ്തംഭിച്ചു കിടക്കുന്ന എണ്ണയാട്ട് സഹകരണ സംഘം പ്രവർത്തന ക്ഷമമാക്കി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.


14. പഞ്ചായത്ത് അടിസ്ഥാനത്തിൽ നോട്ട് ബുക്ക് നിർമ്മാണം ബുക്ക് ബയന്റിംഗ് എന്നിവയ്ക്ക് ഒരു യൂണിറ്റ് ആരംഭിക്കുക. (വനിതകൾക്ക് പ്രാധാന്യം കൊടുക്കുക.)


15. അച്ചാർ, കറിപ്പൊടി, ധാന്യപ്പൊടി യൂണിറ്റുകൾ സ്ഥാപിക്കുക.

16. ചകിരിച്ചോർ ഉപയോഗിച്ച് PIT - PLASS എന്ന രാസ - ജൈവവളം നിർമ്മിച്ച് വിപണനം നടത്തുക.

17. പഞ്ചായത്തിൽ ഹോളോ ബ്രിക്സും, കൈവരിയും നിർമ്മിക്കുന്ന യൂണിറ്റ് സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

18. പുകയില സംസ്കരണ യൂണിറ്റ്, സോപ്പ് നിർമ്മാണം, വിളക്കു തിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം എന്നിവ വനിതകൾക്ക് പ്രാതിനിധ്യം നൽകി സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.





വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് മുതുകുളം പണ്ട് മുതൽക്കേ വളരെ മുന്നിലായിരുന്നു.

സ്വാതന്ത്ര്യ ലബ്ധിക്ക് വളരെ മുമ്പു തന്നെ പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്നു പ്രാചീന കാലത്ത് ഗുരുമുഖത്ത് നിന്നാണ് വിദ്യ ആർജിച്ചിരുന്നത്. ഇതിന്റെ സ്മരണ നിലനിർത്തുവാൻ ഉതകുന്ന "ആശാൻ പള്ളികൾ" ഈ ഗ്രാമത്തിൽ പലയിടങ്ങളിലും കാണാം.

ശ്രീ ചിത്തിരതിരുന്നാൾ മഹാരാജാവിന്റെ ഭരണ കാലത്ത് സ്ഥാപിക്കപ്പെട്ട കൊട്ടാരം സ്കൂളാണ് (1916) നമ്മുടെ ഗ്രാമത്തിലെ ആദ്യ വിദ്യാലയം അക്കാലത്ത് ഈ വിദ്യാലയത്തിൽ സവർണ്ണ വിഭാഗത്തിന് മാത്രമേ പ്രവേശനം നൽകിയിരുന്നുള്ളു. ഈ സാമൂഹിക അസമത്വത്തിനെതിരെ പ്രതിഷേധത്തിന്റെ കൊടുങ്കാറ്റ് ഉയർന്നപ്പോൾ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്കായി സ്ഥാപിച്ചതാണ് വാരണപ്പള്ളിൽ സ്കൂൾ. ഇവ പിന്നീട് L.P.B.S. എന്നും L.P.G.S. എന്നും പുനർ നാമകരണം ചെയ്തു.

20 കളുടെ ഉത്തരാർത്ഥത്തിൽ കുറുംബകര U.P. സ്കൂൾ കൃഷ്ണവിലാസം സംസ്കൃത സ്കൂൾ. S.N.M. ഇംഗ്ലീഷ് സ്കൂൾ കുമാരനാശാൻ മെമ്മോറിയൽ സ്കൂൾ എന്നിവ സ്ഥാപിക്കപ്പെട്ടു. ഈ കാലഘട്ടത്തിലാണ് മുതുകുളത്ത് ഏറ്റവും അധികം വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടത്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുണ്ടായ വിദ്യാഭ്യാസ വളർച്ചയുടെ ഭാഗമായി 1951 ൽ ജനപങ്കാളിത്തത്തോട് കൂടി മുതുകുളം H.S. സ്ഥാപിക്കപ്പെട്ടു. ഇതിനു വേണ്ട സ്ഥല സൗകര്യങ്ങൾ നൽകിയത് പൊന്നശ്ശേരി മുന്നില N.S.S. കരയോഗമാണ്. ഇന്നിവിടെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം വരെ പ്രവർത്തിക്കുന്നുണ്ട് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അവസാനമായി സ്ഥാപിക്കപ്പെട്ട സ്കൂളാണ് കൊല്ലകൽ S.N.V.U.P. സ്കൂൾ (1964) S N.D.P. ശാഖാ യോഗത്തിന്റെ നേതൃത്വത്തിലാണ് ഈ സ്ക്കൂൾ സ്ഥാപിക്കപ്പെട്ടത്. 19993 ജനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ 2 L.P. സ്കൂളുകളടക്കം 4 L.P. U.P സ്കൂളുകളും. 2 H.S. കളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2 L.P. സ്കൂളുകൾ ഒഴികെയുള്ള സ്ഥാപനങ്ങൾ എല്ലാം സ്വകാര്യ മേഖലയിൽ ആണ്.

നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക - രക്ഷാകർത്തൃ സംഘടനകൾ ഉള്ളത് കൊണ്ട് വിദ്യാഭ്യാസ നിലവാരത്തിൽ ഇവിടെ ആശാവഹമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഉപരിപഠനത്തിനായി നമ്മുടെ ഗ്രാമത്തിലെ വിദ്യാർത്ഥികൾ അടുത്തുള്ള പട്ടണങ്ങളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം ഉണ്ടായിട്ടും രക്ഷകർത്താക്കൾ നമ്മുടെ പഞ്ചായത്തിലുള്ള വിദ്യാഭ്യാസ രീതിയിൽ സംതൃപ്തരാണ്. ഭരണ ഭാഷയും അദ്ധ്യാപനവും മാതൃ ഭാഷയിൽ ആക്കണമെന്ന് ആവശ്യപ്പെടുന്ന പലരുടേയും മക്കളടക്കം ഏകദേശം 130 കുട്ടികൾ കോട്ടും

ടെയും സംസ്കാരത്തിൽ ആകൃഷ്ടരായി ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്നു.

കഴിഞ്ഞ മൂന്ന് വർഷത്തിലെ ഒന്നാം സ്റ്റാൻഡേർഡിലെ അഡ്മിഷൻ സ്റ്റേറ്റ്മെന്റ്

ക്രമ നമ്പർ	സ്കൂൾ	94-95	95-96	96-97
1	കുറുംബകര	34	31	37
2	കൊല്ലകൽ	65	69	57
3	K.A.M.	34	62	57
4	കൊട്ടാരം	28	37	46
5	വാരണപ്പള്ളിൽ	32	36	41

നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ ട്യൂഷൻ നൽകുന്ന 7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുണ്ട്. ഇവയിൽ രണ്ട് സ്ഥാപനങ്ങൾ പ്രീഡിഗ്രി. ഡിഗ്രി കോഴ്സുകൾ പാരലലായി നടത്തുന്നു. രാഷ്ട്ര ഭാഷയായ ഹിന്ദി പ്രചരിപ്പിക്കുന്നതിനായി രണ്ട് വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 അംഗൻവാടികളും സാമൂഹ്യ വികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു മലയാളം മീഡിയം നഴ്സറി സ്കൂളും സ്വകാര്യ മേഖലയിലുള്ള ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളും 120 ൽപരം വിദ്യാർത്ഥികൾ പഠിക്കുന്ന 8 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളും ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

75 വർഷത്തിൽ അധികം പഴക്കമുള്ള വിദ്യാഭ്യാസ ചരിത്രത്തിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രധാനികളായ സർവ്വശ്രീ ഇ. എൻ. കേശവപിള്ള, അറയ്ക്കൽ കുഞ്ഞുമ്മിണിപ്പണിക്കർ, നീലകണ്ഠ മുരുകൻ, ഉമ്മിണികുഞ്ഞു പണിക്കർ എന്നിവരെ ആദരപൂർവ്വം സ്മരിക്കുന്നു.

വിദ്യാഭ്യാസ നിലവാരത്തിൽ നാം മുൻപന്തിയിൽ ആണെങ്കിലും എല്ലാ വാർഡിലും നിരക്ഷരർ ധാരാളമുണ്ട്. 1990 ലെ സാക്ഷരതാ പ്രവർത്തനം തുടരാൻ കഴിയാതെ പോയത് നവ സാക്ഷരരെ ദോഷകരമായി ബാധിച്ചു പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സമർത്ഥന്മാരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ രക്ഷകർതൃ സംഘടനയും മറ്റ് വിദ്യാഭ്യാസ സ്നേഹികളും അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് S.S.L.C. ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് പഞ്ചായത്ത് പ്രോത്സാഹന സമ്മാനം നൽകി പോരുന്നുണ്ട്. സ്കൂളുകളിൽ കായിക പരിശീലനത്തിന് അദ്ധ്യാപകർ ഉണ്ടെങ്കിലും വേണ്ടത്ര പരിശീലനത്തിനുള്ള സൗകര്യങ്ങൾ സ്കൂളുകളിൽ ഇല്ലാത്തതിനാൽ കായിക രംഗത്ത് മുന്നിലെത്താൻ നമ്മുടെ സ്കൂളുകൾക്ക് കഴിയാതെ പോന്നിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഗ്രാമ പഞ്ചായത്ത് ഇടപെടുന്നതിന്റെ ഭാഗമായി ജൂണിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചു കൊണ്ട് വിദ്യാഭ്യാസ കോംപ്ലക്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം. 4-ാം ക്ലാസ്സിൽ എത്തുന്ന കുട്ടികൾക്ക് എല്ലാവർക്കും അക്ഷര ജ്ഞാനവും അക്കജ്ഞാനവും ഉണ്ടെന്ന് ഉറപ്പു വരുത്തുക. കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കുക. S.S.L.C. വിജയ ശതമാനവും പഠനനിലവാരവും ഉയർത്തുക എന്നിവ കോംപ്ലക്സിന്റെ ലക്ഷ്യമായിരിക്കണം.

നമ്മുടെ പഞ്ചായത്തിലെ അധികം സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. സ്വകാര്യ മാനേജറന്മാർ ബഹുജനപങ്കാളിത്തം വളർത്തിയെടുത്ത് അവരുടെ സഹകരണത്തോടെ വിഭവസമാഹരണം നടത്തി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	H.S. മുതുകുളം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	കൊട്ടാരം L.P.S.	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
3.	K.A.M. L.P & U.P.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
4,	കുരുംബകര U.P.S.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
5.	കൊല്ലകൽ U.P.S.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
6.	K.V. സംസ്കൃതം H.S.	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
7.	വാരണപ്പള്ളിൽ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
8.	S.N.M.U.P.S.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

പഞ്ചായത്തിലെ അദ്ധ്യാപകരുടെ സ്ഥിതി വിവരം അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂൾ	പുരു.	സ്ത്രീ	ആകെ
1.	H.S. മുതുകുളം	10	29	39
2.	വൊക്കേഷണൽ ഹയർ സെക്കൻഡറി	6	5	11
3.	കൊട്ടാരം L.P.B.S.	1	6	7
4.	വാരണപ്പള്ളിൽ L.P.G.S.	-	5	5
5.	K.V. സംസ്കൃതം H.S.	3	7	10
6.	S.N.V.U.P.S. കൊല്ലകൽ	2	15	17
7.	K.A.M. L.P & U.P.	4	14	18
8.	S.N.M.U.P.S.	4	9	13
9,	കുരുംബകര U.P.S.	3	8	11
	ആകെ	33	98	131

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ സ്ഥിതി വിവരം

ക്രമ നമ്പർ	സ്ക്കൂൾ	ആൺ	പെൺ	ആകെ
1.	H.S. മുതുകുളം	542	451	993
2.	വൊക്കേഷണൽ ഹയർ സെക്കൻഡറി	32	67	99
3.	K.A.M. L.P & U.P.	223	235	458
4,	കുരുംബകര U.P.S.	137	103	240
5.	K.V. സംസ്കൃതം H.S.	62	52	114
6.	കൊട്ടാരം	104	109	213
7.	കൊല്ലകൽ U.P.S.	238	221	459
8.	വാരണപ്പള്ളിൽ	71	85	156
	ആകെ	1409	1323	2732

പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്

ക്രമ നമ്പർ	സ്ക്കൂൾ	ആൺ	പെൺ	ആകെ
1.	H.S. മുതുകുളം	79	53	132
2.	വൊക്കേഷണൽ ഹയർ സെക്കൻഡറി	11	8	19
3.	K.A.M. U.P.S.	11	9	20
4.	K.V. സംസ്കൃതം H.S.	9	6	15
5.	കൊട്ടാരം L.P.B.S	12	14	26
6.	S.N.V.U.P.S. കൊല്ലകൽ	19	22	41
7.	S.N.M.U.P.S.	27	15	32
8.	വാരണപ്പള്ളിൽ L.P.G.S.	10	10	20

വിദ്യാഭ്യാസ പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വിദ്യാലയങ്ങളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ യഥാസമയം ലഭ്യമാക്കുക.
2. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
3. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള വിദ്യാർത്ഥികളുടെയും ആറാട്ടുപുഴ പഞ്ചായത്തിന്റെ കിഴക്കൻ വാർഡിലുള്ള വിദ്യാർത്ഥികളുടെയും ഹൈസ്ക്കൂൾ വിദ്യാഭ്യാസ സൗകര്യത്തിനായി കുമാരനാശാൻ മെമ്മോറിയിൽ U.P. സ്കൂൾ H.S. ആക്കാനുള്ള നടപടി സ്വീകരിക്കുക.
4. പഞ്ചായത്ത് തലത്തിൽ L.P. U.P. H.S. വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക.
5. എല്ലാ സ്കൂളികളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. L.P.B.S. ന്റെയും L.P.G.S. ന്റെയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കുക.

8. 5-ാം സ്റ്റാൻഡേർഡ് മുതൽ സാഹിത്യ സമാജത്തിന് പ്രത്യേകം സമയം അനുവദിക്കുക.

9. L.P. U.P. സ്കൂളുകളിൽ പകർത്തി എഴുത്ത് നിർബന്ധമാക്കുക.

10. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

11. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

12. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ പഠനോപകരണങ്ങൾ നൽകുകയും ചെയ്യുക.

13. എല്ലാ സ്കൂളുകളിലെയും P.T.A. യും മാതൃസംഗമത്തിന്റെയും പ്രവർത്തനം സജീവമാക്കുക.

14. കലാ - കായിക രംഗത്ത് അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹനം നൽകുക.


15. സ്കൂൾ കോംപ്ലക്സിന്റെ നേതൃത്വത്തിൽ പഞ്ചായത്തിൽ ഏകീകൃത പരീക്ഷാ സമ്പ്രദായത്തിന് രൂപം നൽകുക.

16. H.S. തലത്തിൽ ലൈബ്രറി പ്രവർത്തന ക്ഷമമാക്കുക.


17. പഞ്ചായത്ത് തലത്തിൽ വിദ്യാലയങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നിന് അക്കാഡമിക്ക് കൗൺസിൽ രൂപീകരിക്കുക.

18. സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിൽ വീഴ്ച വരാതെ ശ്രദ്ധിക്കുക.

പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്കായി സംഘടിത പ്രവർത്തനത്തിലൂടെ നമുക്ക് മുന്നേറാം.







സംസ്കാരം



മലയാളിക്കും മലയാൺമയ്ക്കും ഏറെ സംഭാവനകൾ നൽകിയ ഒരു ഗതകാലം നമുക്ക് ഉണ്ടായിരുന്നു. ചുണ്ടിൽ നിന്ന് ചുണ്ടിലേക്ക് ഊറിയിറങ്ങിയ മധുരാതുരമായ ഗാനശകലങ്ങൾ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ദേശീയതയുടെയും കാഹളം മുഴക്കിയോർ. ഭാഷയ്ക്കും സംസ്കാരത്തിനും പുത്തൻ നിർവചനങ്ങൾ നൽകിയോർ. അഭിനയത്തിന്റെ ചാരുതയക്ക് പത്മഹാരം ചാർത്തി ചൂടാ മന്നൻമാരായി വിലസിയോർ. എത്രയെത്ര കർമ്മധീരന്മാർ എത്രയെത്ര കർമ്മ പഥങ്ങൾ....

ഇടറാതെയും തളരാതെയും ഒഴുകി വന്ന ഈ സാംസ്കാരിക സമ്പത്ത് ഇന്ന് അന്യം നിന്നുവോയെന്ന് സംശയിക്കേണ്ടിവരുന്നു. കാവ്യ രംഗത്ത് മുതുകുളം പാർവ്വതിയമ്മയും നാടക രംഗത്ത് അക്ബർ ശങ്കരപിള്ളയും, ചലച്ചിത്ര രംഗത്ത് മുതുകുളം രാഘവൻ പിള്ളയിൽ തുടങ്ങി പി. പത്മരാജനിൽ എത്തി നിൽക്കുന്നത് വരെയുള്ള തുടർച്ചയായ ഒഴുക്കിനാണ് ഇന്ന് ഇടർച്ച സംഭവിച്ചിരിക്കുന്നത്.

അനശ്വര പ്രതിഭകൾ

മീനത്തേരിൽ കേശവപിള്ള

സംസ്കൃതവും മലയാളവും ഇടകലർത്തി സാഹിത്യ സംപുഷ്ടമായി ഏഴ് മട്ടിലുള്ള (പാദം) രീതി അവലംബിച്ച് "ദേവീമഹാത്മ്യം" കുത്തിയോട്ട പാട്ടെഴുതി കൈരളിക്ക് പ്രദാനം ചെയ്തത് മീനത്തേരിൽ കേശവ പിള്ളയാണ്. ഈ പാട്ടുകൾ ശ്രുതിയും താളവും ലയവും സമന്വയിപ്പിച്ച് അനർഘളമായ പ്രവാഹം പോലെ മനസ്സിൽ നിന്നും മനസ്സിലേക്ക് പകരുന്നു. സമകാലീന മലയാള സാഹിത്യകാരന്മാരിൽ മുമ്പനായിരുന്നു മീനത്തേരിൽ കേശവപിള്ള മഹാകവി കെ.സി. കേശവപിള്ള കവിതാ ചർച്ചയ്ക്കായി മീനത്തേരിൽ എത്തിയിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

മുതുകുളം രാഘവൻ പിള്ള

നമ്മുടെ ഗ്രാമം മലയാള സിനിമയ്ക്ക് നൽകിയ മൂല്യ പ്രതിഭയാണ് മുതുകുളം രാഘവൻ പിള്ള മലയാളത്തിലെ ആദ്യത്തെ സംസാരിക്കുന്ന ചലച്ചിത്രമായ ബാലൻ മുതൽ സിനിമയുടെ വികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ അതിനോടൊപ്പം അലിഞ്ഞ് ചേർന്ന സർഗ്ഗപ്രതിഭ - ചിരിപ്പിക്കുകയും അതിലേറെ ചിന്തിപ്പിക്കുകയും ചെയ്യുന്ന നിരവധി ഹാസ്യ കഥാപാത്രങ്ങൾക്ക് ജന്മം നൽകിയ് ഇതിഹാസ പുരുഷൻ. ഒരു നടൻ എന്നതിലുപരി ഒരു നോവലിസ്റ്റ് കൂടിയായിരുന്നു മുതുകുളം. 'യാചകൻ' ഉൾപ്പെടെ നിരവധി നോവലുകൾ മലയാള സാഹിത്യത്തിന് സംഭാവന ചെയ്തിട്ടുണ്ട്. പേരും പെരുമയും ആഗ്രഹിക്കാതെ ജീവിതം കലയ്ക്കായി ഒഴിഞ്ഞു വച്ച അപൂർവ്വം ചിലരിൽ ഒരാളാണ് മുതുകുളം രാഘവൻ പിള്ള.

ഈ അടുത്ത കാലത്ത് നമ്മോട് വിട പറഞ്ഞ സി.വി. രാമൻപിള്ള (നമ്മുടെ പ്രിയപ്പെട്ട സി.വി. സാർ) അദ്ദേഹത്തിന്റെ സഹോദരനാണ്. പണക്കാരൻ എന്ന പ്രശസ്ത നാടകത്തിന്റെ രചയിതാവ് വൈദ്യൻ കൃഷ്ണൻ നായരും മുതുകുളത്തിന്റെ സഹോദരനാണ്.

മുതുകുളം പാർവ്വതിയമ്മ

അടുക്കളയിലും അകത്തളങ്ങളിലും മാത്രം കഴിച്ചു കൂട്ടാൻ വിധിക്കപ്പെട്ട ഇന്നലെകളിലെ സ്ത്രീ അവരിൽ നിന്നും സമൂഹത്തിന്റെ വൃത്തപരിധികളെ ഉല്ലംഘിച്ചു കൊണ്ടു അരങ്ങത്തെത്തിയ മുതുകുളത്തിന്റെ പ്രിയപ്പെട്ട കവിയത്രിയാണ് ലേഡീ വിദ്വാൻ മുതുകുളം പാർവ്വതിയമ്മ. മലയാള കവിതാശാഖയിൽ വിരലിൽ എണ്ണാവുന്ന കവിയത്രികൾ മാത്രമുണ്ടായിരുന്ന കാലത്താണ് പാർവ്വതിയമ്മ പ്രശോഭിച്ചിരുന്നത്. അതിമനോഹരമായ അനേകം കവിതാഗ്രന്ഥങ്ങൾ മലയാള ഭാഷയ്ക്ക് സംഭാവന നൽകിയ പാർവ്വതിയമ്മ "ഭഗവത് ഗീത" യുടെ രത്നച്ചുരുക്കം മലയാളത്തിൽ എഴുതിയിട്ടുണ്ട്.

അക്ബർ ശങ്കരപിള്ള

കേരളത്തിൽ നാടക പ്രസ്ഥാനം അതിന്റെ പരകോടിയിൽ വർത്തിച്ചിരുന്ന കാലത്ത് നാടക അഭിനയ രംഗത്ത് ഉജ്ജ്വല ഭാസ്സോട് കൂടി വിളങ്ങിയ മഹാരഥനാണ് അക്ബർ ശങ്കരപിള്ള. മുഗൾ ചരിത നാടകത്തിൽ അക്ബർ ചക്രവർത്തിയെ അവതരിപ്പിച്ച് 'അക്ബർ ശങ്കരപിള്ള' എന്ന പേരിന് അദ്ദേഹം ഉടമയായി. ഓച്ചിറ പരബ്രഹ്മോദയ സംഗീത നാടക സഭയുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്ന അക്ബർ ശങ്കരപിള്ള മലയാള നാടക പ്രസ്ഥാനത്തിന് ലഭിച്ച അനശ്വര സംഭാവനയാണ്.

അനാർക്കലി വാസുദേവ്

അക്ബറിന് സമാകാലികനായി മലയാള നാടക പ്രസ്ഥാനത്തിന് ലഭിച്ച അമൂല്യ പ്രതിഭയാണ് അനാർക്കലി വാസുദേവ് ഓച്ചിറ വേലുകുട്ടിയെ പോലെ സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിൽ ചതുരനായിരുന്നു വാസുദേവൻ. സലീം രാജകുമാരന്റെ കാമുകിയായ അനാർക്കലിയുടെ വേഷമിട്ടതിനാൽ അദ്ദേഹം അനാർക്കലി വാസുദേവ് എന്ന പേരിൽ പ്രശ്സതനായി തീർന്നു.

മുതുകുളം കാർത്തികേയൻ നായർ

മലയാള നാടക പ്രസ്ഥാനത്തിന് അകമഴിഞ്ഞ സംഭാവന നൽകിയ കാർത്തികേയൻ നായർ അക്ബറിന് സമകാലികനായിരുന്നു. ഒട്ടനവധി നാടകങ്ങളിൽ അനേകം ചരിത്ര പുരുഷന്മാർക്ക് ജീവൻ നൽകിയിട്ടുള്ള കാർത്തികേയൻ നായർ 'വനമാല' എന്ന സിനിമയിലെ പ്രമുഖ കഥാപാത്രത്തിലൂടെ വെള്ളിത്തിരയിലും സ്ഥാനം പിടിച്ചു. മലയാള സിനിമാ – നാടക അഭിനയ രംഗത്ത് അദ്ദേഹത്തിന്റെ പങ്ക് നിസ്തുല്യമാണ്.

മുതുകുളം എൻ.കെ. ആചാരി

അക്ബറിനും അനാർക്കലിക്കും സമകാലീകനായി മലയാള നാടകാഭിനയ രംഗത്ത് നിസ്തുല്യം തെളിഞ്ഞ് വിളങ്ങിയ പ്രതിഭാധനനായിരുന്നു മുതുകുളം എൻ.കെ. ആചാരി മലയാള ചലചിത്ര അഭിനയ രംഗത്തും തന്റെതായ അഭിനയ ചാതുരി എൻ.കെ. പ്രദർശിപ്പിച്ചിട്ടുണ്ട്. കലാനിലയത്തിന്റെ സ്ഥിരം നടൻ കൂടിയായിരുന്നു അദ്ദേഹം.

കുമാരു ആചാരി

ഗതകാല മലയാള നാടക പ്രസ്ഥാനത്തിൽ മുതുകുളം നൽകിയ അനശ്വര ഹാസ്യനടനായിരുന്നു കുമാരു ആചാരി. നാടക ലോകത്ത് കഥാപാത്രങ്ങളിലൂടെ ജീവിക്കുന്ന കുമാരു ആചാരി കുയിൽ നാദം കുഞ്ഞികുട്ടി എന്ന പേരിൽ പ്രശസ്തനായി തീർന്നു.

എസ്.വി. വാസുദേവൻ നായർ

ഇന്ത്യൻ സ്വാതന്ത്ര്യ സമരം കൊടുംപിരി കൊണ്ടിരുന്ന സമയത്ത് ദേശ ഭക്തി പ്രധാനമായ സമരഗാനങ്ങൾ കൊണ്ട് ഭാരതീയരെ കോരിത്തരിപ്പിച്ച കവിയായിരുന്നു ദേശീയ ഗാനതിലക്ക് മുതുകുളം എസ്.വി. വാസുദേവൻ നായർ. എസ്. വി. യുടെ കവിത്വ ശക്തി ആയിരങ്ങളെ ദേശീയ സമരത്തിന്റെ തീച്ചൂളയിലേക്ക് നയിക്കുവാനും അവരെ കർമ്മനിരതരാക്കുവാനും കഴിഞ്ഞു. മദ്രാസ്സ് സർക്കാരിന്റെ 'യദനാ വേതനം' ലഭിക്കുകയും 'ദേശീയ ഗാനതിലക്' എന്ന ബഹുമതി നേടുകയും ചെയ്തിട്ടുണ്ട്.

മലായള രാജ്യം ഗോപാലപിള്ള

സുദീർഘമായ ഒരു കാലയളവിൽ മലയാള രാജ്യം ദിനപത്രത്തിന്റെ പത്രാധിപരായി വിരാജിച്ച മഹാനുഭാവനായ സാഹിത്യ സേവകൻ ഗോപാല പിള്ള മുതുകുളത്തിന്റെ സംഭാവനയാണ്. മലയാള രാജ്യം ഗോപാല പിള്ള എന്ന പേരിൽ പ്രസിദ്ധനായി തീർന്ന അദ്ദേഹം തികഞ്ഞ ഒരു സാഹിത്യകാരനും വിശിഷ്യാ ഒരു കവിയുമായിരുന്നു. 'ശീതള' തുടങ്ങി അനേകം ഗ്രന്ഥങ്ങൾ മലയാണ്മയ്ക്ക് സംഭാവന നൽകിയിട്ടുള്ള അദ്ദേഹം മുതുകുളം ഗ്രാമത്തിന്റെ വികസനത്തിൽ നൽകിയ സംഭാവന വളരെ വലുതാണ്. പ്രസിദ്ധ പാഠക വിദഗ്ധൻ ഗാന്ധിരാമൻ പിള്ള ഗോപാല പിള്ളയുടെ ജേഷ്ഠ സഹോദരനാണ്.

ആർട്ടിസ്റ്റ് കുമാർ

വരകളിലൂടെയും വർണ്ണങ്ങളിലൂടെയും ചിത്രകലാരംഗത്ത് ചിര പ്രതിഷ്ഠയാർജിച്ച ചിത്രകാരനാണ് ആർട്ടിസ്റ്റ് കുമാർ. മുതുകുളം തെക്ക് കുമാരനാശാൻ മെമ്മോറിയൽ U.P. സ്കൂളിലെ ചിത്ര രചനാ

അദ്ധ്യാപകനായിരുന്ന കുമാര പണിക്കരെ പൈലി സാർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. നല്ലൊരു നാടക നടൻകൂടിയായിരുന്നു അദ്ദേഹം ഉദയായുടെ സിനിമാ സ്റ്റുഡിയോയിൽ ആർട്ട് ഡയറക്ടറായി ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 'നല്ലതങ്ക', 'പൊട്ടക്കിണർ' തുടങ്ങിയ സിനിമയുടെ ആർട്ട് ഡയറക്ടർ അദ്ദേഹമായിരുന്നു.

പി. പത്മരാജൻ'

കണ്ണുപറ്റുന്നതൊക്കെ അനുഭവങ്ങളായി മനസ്സിൽ നിറയുന്ന അപൂർവ്വ സിദ്ധിയുള്ള പ്രതിഭാധനനായിരുന്ന പി. പത്മരാജൻ.

വിലപ്പെട്ട ലേഖനങ്ങളും നോവലുകളും ചെറുകഥകളും തിരക്കഥകളുമെഴുതി മലയാള സാഹിത്യത്തിന്റെ വിവിധ മേഖലകളെ പരിഭോഷിപ്പിച്ച പത്മരാജൻ മുതുകുളത്തിന്റെ സംഭാവനയാണെന്നുള്ള സത്യം നാടറിഞ്ഞപ്പോഴേക്കും കാലം ഏറെ വൈകിയിരുന്നു. പ്രശസ്തിയുടെയും പണത്തിന്റെയും പിന്നാലെ പായാതെ തൊട്ടതെല്ലാം പൊന്നാക്കിയ അതുല്യ പ്രതിഭ അവാർഡുകൾ പത്മരാജനെ തേടിയെത്തുകയായിരുന്നു. 71 ൽ നക്ഷത്രങ്ങളെ കാവൽ എന്ന കൃതിക്ക് സാഹിത്യ അക്കാഡമി അവാർഡും ആദ്യ ചലചിത്രമായ പെരുവഴിയമ്പലത്തിന് 80 ലെ മികച്ച പ്രാദേശിക ചിത്രത്തിനുള്ള ദേശീയ അവാർഡും അപരൻ, രാപ്പാടികളുടെ ഗാഥ എന്നീ തിരക്കഥകൾക്ക് സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.

'ഒരിടത്തൊരു ഫയൽവാൻ' പല അന്തർദ്ദേശീയ ചലച്ചിത്ര മേളകളിലും അവതരിപ്പിച്ചിട്ടുണ്ട്.

തന്റെ ജീവിതത്തിലൂടെ, ചിന്താധാരയിലൂടെ, കഥാപാത്രങ്ങളിലൂടെ സൗഹൃദത്തിലൂടെ, അദ്ദേഹം നൽകിയ മുഹൂർത്തങ്ങൾ നമ്മുടെ കലാ – സാഹിത്യ സാംസ്കാരിക തലങ്ങൾക്ക് തേനോലുന്ന ഓർമ്മകൾ പ്രദാനം ചെയ്തു.

തന്റെ സർഗ്ഗാത്മക സൃഷ്ടികളിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന പത്മരാജന് മരണം അപ്രാപ്യമാണ്.

സാഹിത്യ മണ്ഡലത്തിൽ ഇവരെ പോലെ പ്രശസ്തരല്ലെങ്കിലും ഒട്ടേറെ പ്രതിഭകൾക്ക് ജന്മം നൽകിയ നാടാണ് മുതുകുളം. കലാ – സാഹിത്യ സാംസ്കാരിക കായിക രംഗങ്ങളിൽ ഉന്നതങ്ങളിലേക്ക് കുതിക്കാൻ വെമ്പൽ കൊള്ളുന്ന പ്രതിഭാധനർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നത് സന്തോഷകരമാണ്. പൂർവ്വ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുവാൻ കഴിയുന്ന തരത്തിൽ നമ്മുടെ വർത്തമാനകാല പ്രതിഭകൾ ഉണർന്നു പ്രവർത്തിക്കണം.

ഹിന്ദു – മുസ്ലീം – ക്രൈസ്തവ ദേവാലയങ്ങളിൽ നടക്കുന്ന ഉത്സവങ്ങളിൽ ജാതിമത ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളും പങ്കെടുക്കുന്നു. ബന്ധുക്കളും സുഹൃത്തുക്കളും ഈ അവസരങ്ങളിൽ ഒത്തുചേരുന്നു.

മതസൗഹാർദ്ദ സമ്മേളനങ്ങൾ കലാപരിപാടികൾ (നാടകം, കഥാപ്രസംഗം, ഡ്രാൻസ്, സംഗീത സദസ്സ്, വ്യന്ദവാദ്യം, നാദസ്വര കച്ചേരി) എന്നിവയെല്ലാം ഉത്സവങ്ങൾക്ക് കൊഴുപ്പേകുന്ന ഘടകങ്ങളാണ്. നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക മുന്നേറ്റത്തിന് ഒരു പരിധി വരെ ഇത് സഹായകമായിട്ടുണ്ട്. എന്നാൽ ഈ രംഗത്തെ പ്രവർത്തനം ആശാവഹമാണോ എന്ന് പരിശോധിക്കണം.

വായനശാല ഗ്രന്ഥശാല

മുതുകുളം പഞ്ചായത്തിൽ 1, 4, 5, 7, 9, 10 വാർഡുകളിൽ ഓരോ ഗ്രന്ഥശാലയും വായനശാലയും പ്രവർത്തിക്കുന്നുണ്ട് ഇവയെല്ലാം ഗ്രന്റ് ലഭിക്കുന്നവയാണെങ്കിലും പ്രവർത്തനങ്ങൾ വേണ്ടത്ര ആശാവഹമല്ല. പ്രവർത്തകരുടെ ശുഷ്കാന്തിക്കുറവും ജനങ്ങളുടെ താൽപര്യമില്ലായ്മയും ഇതിനൊരു പ്രധാന ഘടകമാണ്. ഈ അവസ്ഥ മാറാൻ നാം കൂട്ടായി പ്രവർത്തിച്ചേ മതിയാകൂ.

പഞ്ചായത്തിൽ ഏറ്റവും അധികം പ്രചാരമുള്ള ദിനപ്പത്രങ്ങൾ മാതൃഭൂമി, ദേശാഭിമാനി, മലയാള മനോരമ, കേരളാ കൗമുദി എന്നിവയാണ്. റേഡിയോയും ടി.വി. യും മാദ്ധ്യമ രംഗത്ത് ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.

നമ്മുടെ പ്രദേശത്ത് കലാ കായിക സാംസ്കാരിക സന്നദ്ധ സംഘടനകൾ ധാരാളമായി ഉണ്ടെങ്കിലും അവയിൽ അധികവും വാർഷിക സമ്മേളനങ്ങൾ മാത്രം പ്രവർത്തനമാക്കിയിട്ടുള്ളവയാണ്. അവയും കൂടുതൽ ജാഗ്രതയോടെ ഉണർന്നു പ്രവർത്തിക്കണം. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നമ്മുടെ ഗ്രാമത്തിന്റെ യശസ്സ് ഉയർത്താൻ നേതൃത്വം നൽകേണ്ടത് ഈ സംഘടനകളാണ്. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന പ്രധാന കലാകായിക സാംസ്കാരിക സംഘടനകൾ

1. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
2. പുരോഗമന കലാസാഹിത്യ സംഘം

3. സാമൂഹ്യ വികസന സമിതി

4. വ്യാസ്

5. സഹൃദയ

6. തൂലിക

7. കൽപ്പക കലാകായിക വേദി

8. പൗർണ്ണമി ആർട്സ് & സ്പോർട്സ് ക്ലബ്ബ്

9. ഇന്ദിരാ ഗാന്ധി സ്മാരക വനിതാസമാജം

10. മുതുകുളം ബ്ലോക്ക് വനിതാ സമാജം

11. ദേവീ വനിതാ സമാജം

12. അഭയാ വനിതാ സമാജം

13. കളിത്തട്ട്

14. ചമയം ആർട്സ് ക്ലബ്ബ്

15. അപ്പോളോ ആർട്സ് ക്ലബ്ബ്

16. പ്രതികരണ വേദി

17. ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്

കായികം

കായിക രംഗത്ത് എടുത്ത് പറയാവുന്ന നേട്ടങ്ങൾ നമ്മുടെ ഗ്രാമത്തിന് നേടി എടുക്കാൻ കഴിഞ്ഞിട്ടില്ല എന്നാൽ അടുത്ത കാലത്ത് ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടം നാം കൈവരിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആമ്പക്കുടി ലക്ഷംവീട് കോളനി നിവാസിയായ ആർ. രാജേഷ് കുമാർ ലോംഗ്ജംമ്പിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി എന്നത് അഭിമാനാർഹമാണ്. 'മാണിക്യം കുപ്പയിലായാലും തിളങ്ങുമെന്നതിന്റെ' ഉദാത്ത ഉദാഹരണമാണിത്. പഞ്ചായത്ത് കമ്മിറ്റി ക്യാഷ് അവാർഡ് നൽകി ഈ കായിക പ്രതിഭയെ ആദരിച്ചു. നമ്മുടെ പഞ്ചായത്തിൽ ധാരാളം സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചിട്ടയായി പ്രവർത്തിക്കുന്ന ഒരു സംഘടന പോലും ഇല്ലെന്നതാണ് യാഥാർത്ഥ്യം യുവജനങ്ങളി ലുള്ള കായിക വാസനയെ പ്രോത്സാഹിപ്പിക്കുവാൻ ഈ സംഘടനകൾ നിരന്തരം പ്രവർത്തിക്കുന്ന നിലയിലേക്ക് ഉയരണം. സർക്കാർ തലത്തിൽ കലാകായിക സാംസ്കാരിക മേഖലയുടെ ഉന്നമനത്തിനായി ഇന്ന് നടക്കുന്ന ഏക പരിപാടി കേരളോത്സവം മാത്രമാണ്. സ്ഥിരം കോച്ചിംഗ് സെന്ററുകൾ സ്ഥാപിച്ച് കായിക പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഗ്രന്ഥശാലകളിൽ വിജ്ഞാനപ്രദമായ പുസ്തകങ്ങളുടെ അഭാവം.
2. സാംസ്കാരിക സംഘടനകളുടെ വളർച്ചക്കുറവ്.
3. അശ്ലീല ചലചിത്രങ്ങളുടെയും പൈങ്കിളി നോവലുകളുടെയും അതിപ്രസരം.
4. മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം.
5. കലാസംഘടനകൾ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാതിരിക്കൽ.
6. നാട്ടിൽ നിന്ന് പണംപിരിച്ച് വെളിയിലുള്ള നാടക സംഘങ്ങളെ വരുത്തി കലാപരിപാടികൾ അവതരിപ്പിക്കുന്ന രീതി.

സാദ്ധ്യതകൾ

1. ഓരോ വാർഡിലും ഓരോ വായനശാല എങ്കിലും സ്ഥാപിക്കണം.
2. കലാ കായിക മേളകൾ സംഘടിപ്പിക്കണം.
3. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ക്ലബ്ബുകൾ സംഘടിപ്പിക്കണം.
4. വായനാശീലം പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പരിപാടികൾ അവിഷ്കരിക്കണം.
5. ഉത്തമ ചലചിത്രം നിർമ്മിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും പ്രേരണ ചെലുത്തണം.
6. സാഹിത്യ രചനകളിൽ വാസനയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവരുടെ സൃഷ്ടികൾ പ്രകാശനം ചെയ്യാനുള്ള വേദിയൊരുക്കി കൊടുക്കുകയും ചെയ്യണം.
7. അമേച്വർ നാടക ട്രൂപ്പിനെയും കലാസംഘടനകളെയും പ്രോത്സാഹിപ്പിക്കണം.
8. പെട്ടെന്ന് ജനങ്ങളിൽ പ്രതികരണം ഉളവാക്കുന്ന തെരുവ് നാടകങ്ങൾ കാക്കാരശി നാടകം തുടങ്ങിയവയിൽ കൂടി സ്വാശ്രയ ബോധവും വികസന സംസ്കാരവും ജനങ്ങളിൽ വളർത്താൻ അവസരമുണ്ടാക്കണം.
9. തിരുവാതിര, ഒപ്പന, തെയ്യം തുടങ്ങിയ പരമ്പരാഗത കലകൾ പ്രോത്സാഹിപ്പിക്കണം.
10. ഉടുക്ക് പാട്ട്, പുള്ളുവൻ പാട്ട്, കളമെഴുത്ത് പാട്ട്, സോപാന സംഗീതം തുടങ്ങിയ പാരമ്പര്യ കല

കളെയും ആ രംഗത്ത് പ്രവർത്തിക്കുന്നവരെയും പ്രോത്സാഹിപ്പിക്കണം.

11. നാടൻ കലകളായ പുലികളി, കടുവാകളി, നാടൻ പാട്ടുകളായ വഞ്ചിപ്പാട്ട്, കുത്തിയോട്ടപ്പാട്ട് തുടങ്ങിയവയിൽ പ്രാവീണ്യം ഉള്ളവർക്ക് സഹായവും അംഗീകാരവും നൽകി ഈ കലകളെ പ്രോത്സാഹിപ്പിക്കണം.

12. ജനകീയ കലയായ ഓട്ടൻ തുള്ളലും, ക്ഷേത്ര കലകളായ വേലകളി കൂത്ത്, പാഠകം, കുത്തിയോട്ടം തുടങ്ങിയവയ്ക്കും, പഞ്ചവാദ്യം, ഇടയ്ക്കാ, ചെണ്ട തുടങ്ങിയ വാദ്യ മേളങ്ങളും പ്രചരിപ്പിക്കണം.

13. ശിൽപ്പകലയെ പ്രോത്സാഹിപ്പിക്കണം.

14. എല്ലാ ഗ്രന്ഥശാലകളിലും 'സഞ്ചരിക്കുന്ന പുസ്തകശാല' ആരംഭിക്കുകയും. വനിതകൾക്ക് ഇതിന്റെ ചുമതല നൽകുകയും വേണം.

15. ഓരോ വായനശാലയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകം വിഭാഗം ഉണ്ടാകണം.

16. സാംസ്കാരികോന്നമനത്തിന് ഉതകുന്ന പുസ്തകങ്ങൾ മാത്രമേ ഗ്രന്ഥശാലകൾ വാങ്ങാവൂ.

17. കലാസംഘടനകൾ നാടകം തുടങ്ങിയ കാലരൂപങ്ങൾ സ്വയം അവതരിപ്പിക്കുന്ന ശൈലി രൂപപ്പെടുത്തണം.


18. തനതായ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന കലാ സാംസ്കാരിക സംഘടനകൾക്ക് അർഹമായ അംഗീകാരം നൽകണം. 19. എല്ലാ കലാ സാംസ്കാരിക കായിക സംഘടനകളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം.


20. ഈ രംഗത്തെ പ്രവർത്തനം മെച്ചപ്പെടുത്താനായി കലാകായിക സംഘടനകളുടെയും പഞ്ചായത്ത് കമ്മറ്റിയുടെയും സാമൂഹ്യ പ്രവർത്തകരുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തല കമ്മിറ്റി രൂപീകരിക്കണം.

നമ്മുടെ നാടിന്റെ പൈതൃകം കാത്ത് സൂക്ഷിക്കാൻ നമുക്ക് ഒന്നിച്ചു മുന്നേറാം.

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ വിവരം

ക്രമ നമ്പർ	വായനശാലയുടെ പേര്	അംഗങ്ങൾ	പുസ്തകം	ഗ്രാന്റ് രൂപ	അലവൻസ്	സ്ഥാപിച്ച വർഷം	സ്വന്തമായി കെട്ടിടം
1.	സാഹിത്യ സേവിനി ഗ്രന്ഥശാല മാംമൂട്	1231	7443	5000	6000	1950	ഉണ്ട്
2.	നാഷണൽ ഗ്രന്ഥശാല ചൂളത്തെരുവ്	326	4448	4000	6000	1948	ഉണ്ട്
3.	ബാപ്പുജി സ്മാരക ഗ്രന്ഥശാല	826	7500	4000	900	1948	ഉണ്ട്
4.	കലാവിലാസിനി ഗ്രന്ഥശാല	130	958	2000	3600	1963	ഉണ്ട്
5.	പഞ്ചായത്ത് സാംസ്കാരിക ഗ്രന്ഥശാല -	1751	ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.				





വനിത



പ്രാചീന ഭാരതീയ സംസ്കാരത്തിൽ സ്ത്രീക്ക് അർഹമായ സ്ഥാനം നൽകിയിരുന്നു. എന്നാൽ ആ ഉന്നത സ്ഥാനം എന്നോ നമുക്ക് കൈമോശം വന്നു. സ്ത്രീ അടുക്കളയുടെ അകത്തളങ്ങളിലേക്ക് തള്ളപ്പെട്ടു. വിദ്യാഭ്യാസം സ്ത്രീക്ക് നിഷേധിച്ചു. അഭിപ്രായ രൂപീകരണത്തിലും തീരുമാനം എടുക്കലിലും സ്ത്രീക്ക് പങ്കാളിത്തം ഇല്ലാതെയായി. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സ്ത്രീയുടെ പദവി ഉയർത്താൻ ഒട്ടേറെ പ്രവർത്തനങ്ങൽ നടത്തിയെങ്കിലും ഭൂരിഭാഗം വനിതകളും ഇന്നും പിന്നാമ്പുറങ്ങളിലേക്ക് മാറാൻ ആഗ്രഹിക്കുന്നവരാണ്. എല്ലാ മേഖലകളിലും സ്ത്രീകളോടുള്ള വിവേചനം തുടരുന്നുണ്ട്. ഒരേ മേഖലയിൽ ഒരേ പണിയെടുക്കുന്ന പുരുഷ സ്ത്രീ തൊഴിലാളികൾ ഉണ്ടെങ്കിൽ പുരുഷ – തൊഴിലാളിക്ക് ലഭിക്കുന്നതിൽ വളരെകുറഞ്ഞ കൂലി മാത്രമാണ്. സ്തീ തൊഴിലാളിക്ക് ലഭിക്കുക. സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് പോലും സ്ത്രീകൾക്ക് എതിരായ പീഡനം വർദ്ധിച്ചു വരുന്നു. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമാണ് മുതുകുളത്തിന്റെ അവസ്ഥ സ്ത്രീ പീഡനങ്ങൾ നന്നേകുറവാണിവടെ. ജനങ്ങലുടെ സാംസ്കാരിക നിലവാരമാണ് അതു സൂചിപ്പിക്കുന്നത്. സ്ത്രീക്കർഹമായ സ്ഥാനം സമൂഹത്തിൽ നൽകുന്നുണ്ട്.

നമ്മുടെ ഗ്രാമത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത് 91 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 10756 ആണ്. പുരുഷന്മാരെക്കാൾ 1579 സ്ത്രീകൾ കൂടുതലുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയുടെ 53.96% സ്ത്രീകളാണ്. പ്രീഡിഗ്രി വിദ്യാഭ്യാസം വരെ പെൺകുട്ടികളാണ് കൂടുതലെങ്കിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളെക്കാൾ കൂടുതൽ ആൺകുട്ടികളാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പൊതുവെ ആൺ കുട്ടികൾ വളരെ മുന്നിലാണെങ്കിലും ടൈപ്പ് റൈറ്റിംഗ് തയ്യൽ എന്നിവ പഠിക്കുന്നവരിൽ 70% ത്തിലധികവും പെൺകുട്ടികളാണ്. പഞ്ചായത്തിലെ നിരക്ഷരരിൽ ഏറിയകൂറും സ്ത്രീകളാണ്. വിദ്യാഭ്യാസ രംഗത്ത് എന്നപോലെതന്നെ ആരോഗ്യ രംഗത്തും സ്ത്രീ ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് കഴിഞ്ഞ ഒരു വർഷക്കാലം ഗർഭ സംബന്ധമായ അസുഖം കാരണം ഒരു സ്ത്രീയും മരിച്ചിട്ടില്ല. ചാപിള്ള ജനനവും ഉണ്ടായിട്ടില്ല. തൊഴിൽ ജന്യ രോഗങ്ങളും നന്നേ കുറവാണ്. പ്രാഥമികാ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനവും അംഗൻവാടികൾ സ്ഥാപിക്കപ്പെട്ടതും സ്ത്രീകളുടെ ആരോഗ്യ നിലവാരം ഉയരുന്നതിന് നല്ലൊരളവ് വരെ സഹായകമായിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടിയുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും പ്രത്യേക പോഷകാഹാര പദ്ധതികളും അംഗൻവാടികൾ മുഖാന്തിരം നടപ്പാക്കുന്നുണ്ട്. ഇങ്ങനെയൊക്കെ ആണെങ്കിലും സാമ്പത്തിക പദവിയിൽ സ്ത്രീ ഇന്നും വളരെ പിന്നിൽ തന്നെയാണ്. തൊഴിൽ രംഗത്ത് അദ്ധ്യാപകരുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത് സ്ത്രീകളാണ്. മറ്റ് മേഖലകളിൽ നിന്ന് ഇവർ കൂടിയൊഴിക്കപ്പെടുകയാണ്. കാർഷിക മേഖലയുടെ തളർച്ച, കയർ മേഖലയിലെ

യന്ത്രവൽക്കരണം ചെറുകിട വ്യവസായങ്ങളുടെ മുരടിപ്പ് എന്നിവയെല്ലാം സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതയ്ക്ക് മങ്ങൽ ഏൽപ്പിച്ച ഘടകങ്ങളാണ്. D.W.C.R.A. പദ്ധതി പ്രകാരം 10 വനിതകൾ പണിയെടുക്കുന്ന ഒരു സംരംഭം മാത്രമാണ് മുതുകുളത്തുള്ളത്. കൂടുതൽ യൂണിറ്റുകൾ ആരംഭിക്കാൻ തയ്യാറാണെങ്കിലും സ്ത്രീകൾ അതിന് മുന്നോട്ട് വരുന്നില്ല എന്നത് ഒരു പ്രശ്നമായി നിലനിൽക്കുന്നു.

സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീകൾക്കും പ്രാതിനിധ്യം ലഭിക്കുന്നുണ്ട്. മുതുകുളം ബ്ലോക്ക് വനിതാ സഹകരണ സംഘം പ്രവർത്തിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. അവരുടെ മേൽ നോട്ടത്തിൽ ഒരു ന്യായ വില ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. ഏറെ സാദ്ധ്യതകളുള്ള സംഘത്തെ നമ്മുടെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ പ്രയോജനപ്പെടുത്തണം. ഇത് കൂടാതെ ഏതാനും വനിതാ സമാജങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ സഭകളിലും സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമായിരിക്കുന്നു. സ്കൂൾ P.T.A. കളിൽ ഏറ്റവും അധികം പങ്കെടുക്കുന്നതും സ്ത്രീകൾ തന്നെയാണ്.

നിർദ്ദേശങ്ങൾ

1. തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷ അനുപാതം വർദ്ധിപ്പിക്കുന്നതിനായി വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത ചെറുകിട - ഇടത്തരം വ്യവസായ സംരഭങ്ങൾ തുടങ്ങണം. ഇതിന് ആവശ്യമായ ബോധവൽക്കരണത്തിന് പഞ്ചായത്ത് നേതൃത്വം നൽകണം. ട്രൈസം പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുകയും ബാങ്കുകൾ മുഖേന ലോൺ സൗകര്യം ഉണ്ടാക്കി കൊടുക്കുകയോ. D.W.C.R.A. യൂണിറ്റ് തുടങ്ങുകയോ വേണം.
2. തൊഴിൽ മേഖലയിലെ കൂലി നിരക്കിൽ സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കുവാൻ ഒരേ ജോലിക്ക് ഒരേ കൂലി എന്നത് അടിയന്തിരമായി നടപ്പാക്കുകയും ഇത് ലംഘിക്കുന്നവർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ കൈകൊള്ളുകയും വേണം.
3. സ്ത്രീകളെ കാർഷിക മേഖലയിൽ ഉറപ്പിച്ച് നിർത്തി ഒരു പുതിയ കാർഷിക സംസ്കാരം വളർത്തണം. (ഉദാ. പച്ചക്കറി തോട്ടം, പുഷ്പഫല സസ്യകൃഷി, കൂൺകൃഷി, വിത്തുകൾ, തൈകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ നഴ്സറികൾ തുടങ്ങിയവ സ്ത്രീകളുടെ മേൽനോട്ടത്തിൽ സ്ഥാപിക്കുക.)
4. മൃഗസംരക്ഷണ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
5. ഭക്ഷ്യ സംസ്കരണത്തിൽ പ്രായോഗിക പരിശീലനം നൽകി സംസ്കരണ യൂണിറ്റുകൾ തുടങ്ങാൻ സഹായിക്കുക.
6. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന പീഡനങ്ങളെ ഫലപ്രദമായി ചെറുക്കുന്നതിന് പ്രാദേശിക ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
7. വനിതകളുടെ തനത് സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ അവരെ സജ്ജരാക്കുകയും വേണം.
8. വിവാഹത്തിലും ആഡംബരം പരമാവധി കുറയ്ക്കാൻ ബോധ വൽക്കരണം നടത്തുക.

പ്രതിസന്ധികളെ വെല്ലുവിളികളായി ഏറ്റെടുക്കാൻ തയ്യാറാകാത്തതാണ്. സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നം. സ്ത്രീകളുടെ കൂട്ടായ്മകളുടെതായ വേദി പടുത്തുയർത്തിയാൽ മാത്രമേ ഈ രംഗത്ത് നമുക്ക് നേട്ടങ്ങൾ കൈവരിക്കാനാകൂ. ഒറ്റപ്പെട്ട ഏതാനും സ്കീമുകളിലൂടെ മാത്രം നേടാനാവുന്നതല്ല. സ്ത്രീകളുടെ വികസനം. കേവലമായ സാമ്പത്തിക വളർച്ചയ്ക്ക് ഉപരി സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസ പരവും രാഷ്ട്രീയവുമായ മേഖലകളിൽ നിലനിൽക്കുന്ന വിവേചനം ഇല്ലാതാകുന്നതിലൂടെ മാത്രമേ സ്ത്രീ പദവി നമുക്ക് ഉയർത്താനാകൂ.

പട്ടിക I

സന്നദ്ധ പ്രവർത്തനം സ്ത്രീ പങ്കാളിത്തം

പ്രവർത്തനം	സ്ത്രീ	പുരു
സാക്ഷരതാ പ്രവർത്തനം	140	60
പഠനപര്യടനം	6	6
ദ്വിതീയ സ്ഥിതി വിവരശേഖരണം	12	8
പുനരർപ്പണ ദിനം	25	70

പട്ടിക 2

കൂലി വ്യത്യാസം

മേഖല	സ്ത്രീ	പുരു
കാർഷികം	40 - 45	65 - 70
കെട്ടിട നിർമ്മാണം	60 - 65	120 - 125
കയർ	20 - 22	40 - 48
റോഡ് നിർമ്മാണം	60 - 65	100 - 110
വ്യാപാരം	20 - 25	50 - 55



ആരോഗ്യം

രോഗമില്ലാത്ത ഒരു സ്ഥിതി വിശേഷമായിട്ടാണ് ആരോഗ്യത്തെ സങ്കൽപ്പിക്കാറ്. എന്നാൽ ആരോഗ്യം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല പെട്ടെന്ന് രോഗങ്ങൾ പിടിപെടാതിരിക്കാനുള്ള ശക്തി, പ്രായത്തിന് അനുസരിച്ച് ക്ഷീണം കൂടാതെ ജോലി ചെയ്യാനുള്ള കഴിവ്, സന്തോഷവും ഉന്മേഷവും ഉള്ള അവസ്ഥ, തനിക്കും തന്റെ കുടുംബാംഗങ്ങൾക്കും സമൂഹത്തിനും ഉപകരിക്കത്തക്കവണ്ണം ജീവിക്കാനുള്ള ശാരീരികവും മാനസികവും സാമൂഹ്യവുമായ ഒരു സമ്പൂർണ്ണ സമതുലിതാവസ്ഥയാണ് ആരോഗ്യം. ആരോഗ്യം ഒരു ജീവിത ചര്യയാണ്.

ആരോഗ്യം നമ്മുടെ സമൂഹത്തിന് സംജാതമാകണമെങ്കിൽ ഗ്രാമ വാസികൾക്കാകെ ശുദ്ധവായു, ശുദ്ധജലം, പോഷകമൂല്യമുള്ള ആഹാരം, കക്കൂസ് സൗകര്യങ്ങളുൾപെടെയുള്ള പരിസര ശുചിത്വം നല്ല പാർപിടങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, സർവ്വോപരി മനസമാധാനം എന്നിവയൊക്കെ ലഭ്യമാകണം. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ ഗ്രാമത്തിലെ ഓരോ വ്യക്തിക്കും ഇവയൊക്കെ ലഭ്യമാക്കാനുള്ള ശ്രമം നമുക്ക് ആരംഭിക്കേണ്ടതുണ്ട്.

രാജഭരണ കാലംമുതലെ ആരോഗ്യ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. മിഡ്‌വൈഫിന്റെ നേതൃത്വത്തിലുള്ള മാതൃ - ശിശു സംരക്ഷണ പ്രവർത്തനവും, ഹെൽത്ത് അസിസ്റ്റന്റിന്റെ നേതൃത്വത്തിലുള്ള പൊതുജനാരോഗ്യ പ്രവർത്തനവുമായിരുന്നു തുടക്കം. ജനന മരണ രജിസ്ട്രേഷൻ അക്കാലത്ത് നടത്തിയിരുന്നത് ഹെൽത്ത് അസിസ്റ്റന്റ് ഓഫീസിലായിരുന്നു.

ആയുർവേദ ചികിത്സയ്ക്കാണ് നമ്മുടെ ഗ്രാമവാസികൾ പ്രാധാന്യം നൽകിയിരുന്നത്. അറയ്ക്കൽ വൈദ്യന്മാർ, കോമളത്ത്, ഗോവിന്ദപിള്ള വൈദ്യൻ, ശ്രീവിലാസത്ത് സുകുമാര പിള്ള വൈദ്യൻ എന്നിവർ ആയുർവ്വേദ രംഗത്തും തഴെശ്ശേരി വൈദ്യന്മാർ മർമ്മ ചികിത്സാ രംഗത്തും പ്രസിദ്ധരായിരുന്നു. കുറ്റിശ്ശേരിൽ മാനേജർ എന്നറിയപ്പെടുന്ന പ്രഗത്ഭനായ ഒരു ഹോമിയോ ഡോക്ടറും നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു.

ആധുനിക ചികിത്സാ സൗകര്യം നമ്മുടെ ഗ്രാമത്തിൽ ആരംഭിച്ചത് 1955 ലാണ്. ഗവൺമെന്റിൽ നിന്നും നമ്മുടെ പഞ്ചായത്തിലേക്ക് അനുവദിച്ച മുതുകുളം ഗവ: ഡിസ്പെൻസറി നമ്പാട്ട് മുന്നില N.S.S. കരയോഗം വക കെട്ടിടത്തിലാണ് ആരംഭിച്ചത്. 20 സെന്റ് സ്ഥലവും കെട്ടിടവും ആശുപത്രിക്ക് ഈ കരയോഗക്കാർ സംഭാവന ചെയ്തത് എന്നും സ്മരിക്കപ്പെടും.

1964 ൽ പൊതുജനാരോഗ്യ പ്രവർത്തനവും ചികിത്സാരംഗവും സംയോജിപ്പിച്ചതോടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ നിലവിൽ വന്നു. മുതുകുളം ബ്ലോക്കിലെ പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഈ ഡിസ്പെൻസറിയെ ഉയർത്തി. മുതുകുളം ബ്ലോക്കിലെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കൊണ്ട് ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പക്ഷെ, ഇന്ന് ഈ സ്ഥാപനത്തിന്റെ

പ്രവർത്തനം ആശാവഹമല്ല. ഈ സ്ഥാപനത്തിന്റെ കീഴിൽ 4 സബ് സെന്ററുകൾ പ്രവർത്തിക്കുന്നു. മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകികൊണ്ട് ജൂനിയർ പബ്ളിക്ക് ഹെൽത്ത് നഴ്സന്മാർ ഇവിടെ പ്രവർത്തിക്കുന്നു. ഇവർക്ക് നേതൃത്വം നൽകുന്ന ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറുണ്ട്. വീടുവീടാന്തരം കയറിയിറങ്ങി ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശവും നേതൃത്വവും നൽകുകയാണ് ഇവരുടെ പ്രധാന ജോലി. മാസത്തിലൊരിക്കലെങ്കിലും ഡോക്ടറന്മാർ ഈ സബ് സെന്ററിൽ വച്ച് ഗർഭിണികളെയും കുട്ടികളെയും പരിശോധിച്ച് വേണ്ട ചികിത്സ നൽകുകയും രോഗപ്രതിരോധ പ്രവർത്തനം നടത്തുകയും ചെയ്യണമെന്നതാണ് വ്യവസ്ഥ. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും അവർക്ക് നേതൃത്വം നൽകുന്ന ഒരു ഹെൽത്ത് ഇൻസ്പെക്ടറും നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. വീടു വീടാന്തരം കയറിയിറങ്ങി ആരോഗ്യ വിദ്യാഭ്യാസം നൽകുക, രോഗപ്രതിരോധ പ്രവർത്തനം നടത്തുക. സാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുക. ഇവയൊക്കെ ഇവരുടെ പ്രധാന പ്രവർത്തനങ്ങളാണ്. ഈ വിഭാഗം ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ല. 4 ഡോക്ടറന്മാരും ചികിത്സയ്ക്ക് ആവശ്യമുള്ള മറ്റ് ജീവനക്കാരുമുള്ള ഈ സ്ഥാപനത്തിന്റെ ഇന്നത്തെ നില തികച്ചും ശോചനീയമാണ്. ഭൗതിക സാഹചര്യങ്ങൾ എല്ലാമുണ്ടെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

പട്ടിക 1

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	പ്രാഥമിക ആരോഗ്യ കേന്ദ്രം മുതുകുളം	4	3-09-1955	38
2.	ആയുർവ്വേദ ഡിസ്പ്പെൻസറി	8	1987	4
3.	ഹോമിയോ ഡിസ്പ്പൻസറി	2	1987	4

പട്ടിക 2

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	189	58	3
1994-95	195	65	2
1995-96	182	62	3

അയുർവ്വേദ ഡിസ്പ്പെൻസറി

നമ്മുടെ പഞ്ചായത്തിൽ 1987 ൽ സർക്കാർ ആയുർവ്വേദ ഡിസ്പൻസറി ആരംഭിച്ചു. വാടക കെട്ടിടത്തിൽ ആരംഭിച്ച ഈ ഡിസ്പൻസറി 1995 അവസാനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. ഒട്ടേറെ പരാധീനതകൾ ഉള്ള ഈ ഡിസ്പൻസറി ഒരു വലിയ ആശുപത്രിയായി ഉയർത്താൻ വേണ്ട നടപടി സ്വീകരിച്ചേ പറ്റു. ഒരു ഡോക്ടർ ഉൾപ്പടെ 4 ജിവനക്കാരാണ് ഇവിടെയുള്ളത്.

ഗവ: ഹോമിയോ ഡിസ്പൻസറി

1987 ൽ ആണ് ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറി ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ചൂളത്തെരുവിന് കിഴക്ക് ഭാഗത്ത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്, സ്വന്തമായി കെട്ടിടം ഇല്ല ഒട്ടറെ പ്രശ്നങ്ങൾ ഈ ആശുപത്രി ഇന്ന് നേരിടുന്നു, ഒരു ഡോക്ടർ ഉൾപ്പെടെ 4 ജീവനക്കാർ ഇവിടെ പ്രവർത്തിക്കുന്നു. ഈ ആശുപത്രികൾക്ക് പുറമെ 3 അലോപ്പതി ആശുപത്രികളും ഒരു അയുർവ്വേദ ആശുപത്രിയും 10 ആയുർവ്വേദ മരുന്നു വിൽപ്പനശാലകളും . ഒരു ഹോമിയോ ആശുപത്രിയും 2 ദന്താശുപത്രിയും. 3 ആലോപ്പതി മെഡിക്കൽ സ്റ്റോറും സ്വകാര്യ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരുടെ ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനും സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 18 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ പോഷക കുറവുള്ള കുട്ടികൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

പട്ടിക 3

മുതുകുളം ഗ്രാമ പഞ്ചായത്ത് രോഗങ്ങളെ സംബന്ധിച്ച വിവരം

	വർഷം	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	പകർച്ച വ്യാധികൾ
പ്രൈമറി ഹെൽത്ത് സെന്റർ	1994	726	25037	128
	1995	810	12945	99
	1996	969	15356	100
ആയുർവ്വേദ ഡിസ്പെൻസറി	1994	NIL	24375	NIL
	1995	NIL	25750	NIL
	1996	NIL	36700	NIL
ഹോമിയോ ഡിസ്പെൻസറി	1994	NIL	4500	NIL
	1995	NIL	5000	NIL
	1996	NIL	5806	90 (ക്യാമ്പ്)

പ്രശ്നങ്ങൾ

1. P.H.C. യിലെ ജീവനക്കാരുടെ അനാസ്ഥ.
2. സബ് സെന്റർ ഇല്ലാത്ത വാർഡുകൾ.
3. ഭക്ഷണശാലകളിലൂടെ വൃത്തിഹീനമായ ഭക്ഷണത്തിന്റെ വിതരണം.
4. 45% വീടുകളിൽ ശരിയായ കക്കൂസില്ല.
5. ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം തൃപ്തികരമല്ല
6. അടുക്കളയിലെ പുക
7. ഈച്ച വർദ്ധനവിന് പറ്റിയ ചുറ്റുപാടുകൾ വർദ്ധിക്കുന്നു.
8. സ്കൂളിൽ ആരോഗ്യ പരിപാടി ഫലപ്രദമായി നടക്കുന്നില്ല.
9. ആയുർവ്വേദ ആശുപത്രിയിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.
10. ഹോമിയോ ആശുപത്രിക്ക് സ്വന്തമായ കെട്ടിടമോ മറ്റ് ഉപകരണങ്ങളോ ഇല്ല.

നിർദ്ദേശങ്ങൾ

1. P.H.C. യിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥാനങ്ങളിൽ നിയമനം നടത്തുവാനുള്ള ശ്രമമുണ്ടാകണം.
2. ഡോക്ടറന്മാർ P.H.C. യോട് അനുബന്ധിച്ചുള്ള കോട്ടേഴ്സിൽ താമസ്സിക്കണം.
3. മുതുകുളം ബ്ലോക്കിലെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന മുതുകുളം P.H.C. അതിന്റെ പ്രവർത്തനം കുറെകൂടി മെച്ചപ്പെടുത്തുന്നതിന് ജനകീയ ഇടപടലുകൾ വേണം.
4. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കണം.
5. P.H.C. യിൽ ഇപ്പോഴുള്ള ചികിത്സാ സൗകര്യം വർദ്ധിപ്പിക്കണം
6. ആയുർവ്വേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. അവിടെ പഞ്ചകർമ്മ ചികിത്സ ലഭ്യമാക്കണം.
7. ആയുർവ്വേദ ഔഷധ സസ്യങ്ങൾ പഞ്ചായത്തിൽ വച്ചുപിടിപ്പിച്ചു. നമ്മുടെ ആശുപ്രതിക്ക് ആവശ്യമായ ഔഷധമുണ്ടാക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

   സർക്കാർ ആഫീസുകൾ, സ്കൂളുകൾ, പൊതു സ്ഥലങ്ങൾ റോഡുകളുടെ വശങ്ങൾ എന്നിവിടെയൊക്കെ ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കണം. ഇതിന്റെ സംരക്ഷണത്തിനായി ജനകീയ കമ്മറ്റി കൾ രുപീകരിക്കുകയും ചെയ്യുക.
8. കൃഷിഭവന്റെ നേതത്വത്തിൽ ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് സഹായസഹകരണങ്ങൽ ലഭ്യമാക്കണം.
9. ഔഷധ സസ്യകൃഷിയെ കുറിച്ച് ബോധവൽക്കരണം നടത്തുക.
10. ആയുർവ്വേദ ആശുപത്രിയോട് ചേർത്ത് ഒരു

മാതൃകാ ഔഷധ സസ്യത്തോട്ടം നിർമ്മിക്കുക.

11. ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുക.

12. കക്കൂസില്ലാത്ത വീടുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിക്കണം.

13. എല്ലാവരെയും കക്കൂസ് ഉപയോഗിക്കുന്ന ശീലമുള്ളവരാക്കാനുള്ള ബോധവൽക്കരണം നടത്തണം.

14. "മുതുകുളം ശുചിത്വമുള്ള ഗ്രാമം" എന്ന മുദ്രാവാക്യവുമായി ഒരു വർഷം കൊണ്ട് ശുചിത്വ പ്രവർത്തനങ്ങൾ നടത്താനുള്ള കർമ്മപരിപാടികൾ അവിഷ്കരിക്കണം.

15. വീടുകൾ, ചന്ത സ്ഥലങ്ങൾ, വഴിയോരങ്ങൾ, സർക്കാർ ആഫീസുകൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഒരിടത്തും ചപ്പ് ചവറുകൾ അടിഞ്ഞ് കൂടുവാൻ അവസരം ഉണ്ടാക്കരുത്.

16. ഓരോ വാർഡിലും 25 - 30 വീടുകളുള്ള "അയൽക്കൂട്ടങ്ങൾ" ഉണ്ടാക്കി ഓരോ അയൽകൂട്ടത്തിൽ നിന്നും ഒരു സ്ത്രീയെയും ഒരു പുരുഷനെയും (S.S.L.C യെങ്കിലും പാസ്സായിരിക്കണം) പ്രതിനിധിയായി തെരഞ്ഞെടുത്ത് "ജനകീയ ആരോഗ്യ സേന" രൂപീകരിക്കണം.

17. ജനകീയ ആരോഗ്യ സോനാംഗങ്ങൾക്ക് ആരോഗ്യ ശാസ്ത്രത്തെ പറ്റി വിശദമായ പരിശീലനം നൽകണം.

18. പ്രമേഹം, രക്തസമ്മർദ്ദം, തുടങ്ങിയ രോഗങ്ങളുടെ പരിശോധന ഓരോ വാർഡിലും ആറു മാസത്തിലൊരിക്കൽ നടത്തണം.

19. കണ്ണ്, തൊക്ക്, എന്നീ അവയവങ്ങളിലെ രോഗങ്ങൾ, ക്യാൻസർ എന്നിവ കണ്ടുപിടിക്കാനുള്ള പരിശോധനാ ക്യാമ്പുകൾ കാലാകാലങ്ങളിൽ നടത്തണം.


20. സ്ത്രീകൾക്കുണ്ടാകുന്ന പ്രത്യേക രോഗങ്ങൾ കണ്ടെത്താനുള്ള പരിശോധനകൾ കാലാകാലങ്ങളിൽ നടത്തണം.

21. പഞ്ചായത്തിലെ അർഹരായവരുടെയെല്ലാം രക്തഗ്രൂപ്പ് നിർണ്ണയിക്കണം. രക്തദാന സേന രൂപീകരിക്കണം. ഇതിന്റെ വിവരം പഞ്ചായത്താഫീസിൽ സൂക്ഷിക്കണം.

22. മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് ഉതകുന്ന പരിപാടികൾ അവിഷ്കരിക്കണം.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യം ലഭ്യമാക്കാനുള്ള കഠിനശ്രമം ആരംഭിച്ചേ മതിയാകൂ.

ആയുർദൈർഘ്യം വർദ്ധിക്കുകയും ജനന മരണ നിരക്കും ശിശു മരണ നിരക്കും വളരെയേറെ കുറയുകയും ചെയ്തു. പക്ഷെ രോഗാതുരത നമ്മുടെ ഗ്രാമീണരിൽ വളരെ കൂടുതലാണ്. ഇതിന്റെ ദൃഷ്ടാന്തമാണ് ആശുപത്രികളുടെ എണ്ണം കൂടുന്നതും ആശുപത്രികളിലെ രോഗികളുടെ എണ്ണം കൂടുന്നതും. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനുള്ള ബോധപൂർവ്വമായ പരിശ്രമം മുഴുവൻ ജനങ്ങളുടെയും ഭാഗത്തു നിന്നുമുണ്ടാകണം. സാമൂഹിക സാമ്പത്തിക മാറ്റത്തിൽ കൂടി മാത്രമെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളു. ഇതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.





കുടിവെള്ളം



"എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും വെള്ളം, എല്ലാവർക്കും കക്കൂസ്" ആരോഗ്യമാണ് നമ്മുടെ സമ്പത്ത് പോഷകഗുണമുള്ള ആഹാരം ശുദ്ധവും ശുചിയുമായ പരിസരവുമാണ് ആരോഗ്യ കരമായ ജനതയെ സൃഷ്ടിക്കുന്നത്. ആദ്യകാലങ്ങളിൽ ജലസേചനത്തിനായി പുരയിടങ്ങളിൽ സ്ഥാപിച്ചിരുന്ന കുളങ്ങൾ വെട്ടി വൃത്തിയാക്കി വെള്ളം കുടിക്കാൻ ഉപയോഗിച്ചിരുന്നു കാലക്രമേണ ഈ ഉപയോഗം നിർത്തുകയും കുടിവെള്ളത്തിനായി കിണറുകളെയും പെപ്പുകളെയും ആശ്രയിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ 1 മുതൽ 7 വരെയുള്ള വാർഡുകളിലെ ജനങ്ങൽ പൈപ്പ് വെള്ളത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഈ വാർഡുകളിൽ ഉപ്പ് വെള്ളം കയറുന്നതിനാൽ കിണറുകളിലെ വെള്ളം കുടിക്കാൻ കഴിയാത്ത വണ്ണം ഉപ്പുരസമായി തീരുന്നു.

നമ്മുടെ പഞ്ചായത്തിൽ K.W.A. യുടെ രണ്ട് ജലസംഭരണികൾ ഉണ്ടായിരുന്നു. ഈ രണ്ട് ജലസംഭരണികൾ പ്രവർത്തന നിരതമായിരുന്നപ്പോൾ പോലും പഞ്ചായത്തിലെ ജനങ്ങൾക്ക് വരൾച്ച കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുണ്ടായിരുന്നു. രണ്ട് പദ്ധതികളിൽ പബ്ളിക്ക് മാർക്കറ്റിലുള്ള ജലവിതരണ പമ്പിന്റെ കുഴൽ കിണർ പ്രവർത്തന ക്ഷമമല്ലാതായിട്ട് ആറ് വർഷത്തോളമായി ബന്ധപ്പെട്ട അധികാരികളുടെ മുമ്പാകെ പഞ്ചായത്ത് പരാതി നൽകിയത്തിന്റെ ഫലമായി വാട്ടർ അതോറിറ്റി ഈ പമ്പ് നന്നാക്കാൻ ശ്രമിക്കുകയും എന്നാൽ. നന്നാക്കാനായി കൊണ്ടുവന്ന മെഷീനറിക്ക് കേടുപാട് സംഭവിച്ചതിനാൽ ഈ ശ്രമം വാട്ടർ അതോറിറ്റി ഉപേക്ഷിച്ച് പോകുകയുണ്ടായി. ഇപ്പോൾ വിണ്ടും അധികാരികളുമായി ബന്ധപ്പെട്ട് ഈ പദ്ധതി എത്രയും പെട്ടെന്ന് പ്രവർത്തന ക്ഷമമാക്കുന്നതിന് പഞ്ചായത്ത് അധികാരികൾ ശ്രമിച്ചു വരികയാണ്. ഈ ജലവിതരണ പദ്ധതി പൂർത്തീകരിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ തീരപ്രദേശ വാർഡുകളിൽ ഇന്ന് അനുഭവിച്ച് കൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയു.

മതുകുളം പഞ്ചായത്തിലേക്ക് ആവശ്യമായ കുടിവെള്ളം എത്തിച്ചു കൊടുക്കുന്നത്. മായിക്കൽ ജലവിതരണ പദ്ധതിയിലൂടെയാണ്. പഞ്ചായത്തിൽ 9 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിലെ വെള്ളം ഉപയോഗിക്കുന്നതിന് ജനങ്ങൾ താൽപര്യം കാണിക്കുന്നില്ല. പഞ്ചായത്തിന്റെ തീരപ്രദേശ വാർഡുകളിൽ കുഴൽ കിണറുകൽ സ്ഥാപിക്കുന്നതും പ്രയോജന കരമല്ലാത്തതിനാൽ ഈ വാർഡുകളിൽ കുടവെള്ളതിനുള്ള ഏക ആശ്രയം പൈപ്പ് വെള്ളം മാത്രമാണ്.

കുടിവെള്ളം പഞ്ചായത്തിലുള്ള പല കുടുംബങ്ങൾക്കും. ഇന്നും ബാലികേറാ മലയായി അവശേഷിക്കുന്നു.

കേരള വാട്ടർ അതോറിറ്റിക്ക് പഞ്ചായത്തിൽ 44 കി. മീ. ദൂരത്തിൽ പൈപ്പ് ലൈനും 140 പൊതുടാപ്പുകളും ഉണ്ട്. മായിക്കൽ – ശേഷിയുള്ള ജലസമഭരണി.യുണ്ട്. 3 ഷിഫ്റ്റിലായി 4 ജോലിക്കാർ 24 മണി

ക്കൂറും പമ്പിംഗ് നടത്തുന്നു. പഞ്ചായത്തന്റെ കിഴക്കൻ മേഖലയിലുള്ള 8, 9, 10 വാർഡുകളിൽ പൊതു ടാപ്പുകൾ വളരെ കുറവാണ്. പഞ്ചായത്തിൽ ഇപ്പോഴുള്ള ജലസംഭരണിയുടെ വിതരണ ശേഷിക്കുറവ് കൊണ്ട് പുതിയ ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്നതിന് കഴിയുന്നില്ല. വരൾച്ച കാലത്ത് ഈ പ്രദേശത്ത് ശുദ്ധജല ക്ഷാമം വളരെ കൂടുതലാണ്. ഈ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് പത്തിയൂർ പഞ്ചായത്തിൽ മാളിയേക്കൽ സ്ഥാപിച്ചിരിക്കുന്ന ഉന്നത ശേഷിയുള്ള ജലസംഭരണിയിൽ നിന്ന് ഈ വാർഡുകളില്ക്ക് ശുദ്ധജലം നൽകുവാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

മുതുകുളം ഈസ്റ്റ് പദ്ധതിക്ക് രൂപം നൽകി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് നടപ്പിലാക്കിയാൽ മുതുകുളത്തിന്റെ തീരപ്രദേശം ഒഴികെയുള്ള പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. ഇപ്പോൾ ഉപയോഗിക്കുന്ന പൊതുടാപ്പുകളുടെ ഗുണനിലവാരം വളരം മോശമാണ്. ഈ ടാപ്പുകൾ സ്ഥാപിച്ചതിന് ശേഷം മെയിന്റനൻസ് നടത്തിയിട്ടില്ല. കേട്പാടുകൾ മാറ്റുന്ന പ്രവൃത്തി മാത്രമേ നടത്താറുള്ളു. ജലവിതരണ കിണറിന്റെ ശോച്യാവസ്ഥ നമ്മുടെ വെള്ളത്തിന്റെ നല്ലൊരു ഭാഗം പാഴാക്കി കളയുന്നു. ഉപഭോക്താക്കൾ കന്നുകാലികളെ കുളിപ്പിക്കുക, വാഹനം വൃത്തിയാക്കുക കുളിക്കുക, വസ്ത്രങ്ങൾ കഴുകുക എന്നിവയ്ക്ക് പൊതുടാപ്പുകൾ ഉപയോഗിക്കുന്ന രീതിക്ക് മാറ്റം വരുത്തണം.


നമ്മുടെ പഞ്ചായത്തിൽ പൈപ്പ് വെള്ളം കൂടുതൽ ഉപയോഗിക്കുന്നത് വൈകിട്ട് 6 മുതൽ 8 വരെയാണ്. വൈകിട്ട് വോൾട്ടേജ് ക്ഷാമം ഉണ്ടാകുകപതിവാണ്. അതിനാൽ ഈ സമയങ്ങളിൽ പമ്പിംഗ് നടത്താൻ കഴിയുന്നില്ല. ഇത് പരഹരിക്കുന്നതിന് പമ്പ് ഹൗസുകളുടെ പ്രവർത്തനത്തിന് മാത്രമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.


പ്രശ്നങ്ങൾ

1. 1 മുതൽ 7 വരെ വാർഡുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. പൊതു ടാപ്പുകളിൽ നിന്നും ആവശ്യത്തിന് ശുദ്ധ ജലം കിട്ടുന്നില്ല.
3. 8, 9 , 10 വാർഡുകളിൽ ശുദ്ധജല ക്ഷാമം രൂക്ഷമാണ്.
4. ജലസംഭരണി ശുദ്ധമാക്കുന്നില്ല.
5. തീരദേശ വാർഡുകളിൽ ഉപ്പ് വെള്ളം കയറുന്നതിനാൽ കിണറുകളിലെയും കുളങ്ങളിലെയും വെള്ളം കുടിക്കാൻ യോഗ്യമല്ലാതായി തീരുന്നു.

സാദ്ധ്യതകൾ

1. മുതുകുളം പബ്ളിക്ക് മാർക്കറ്റിൽ നിലവിലുള്ള ടാങ്ക് പ്രവർത്തനക്ഷമമല്ല. പുതിയ ട്യൂബ് വെൽ സ്ഥാപിക്കുകയാണെങ്കിൽ ഇപ്പോൾ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാം. 1 മുതൽ 7 വരെയുള്ള വാർഡുകളിൽ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുകയും അതുവഴി ശുദ്ധജലക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമാകുകയും ചെയ്യും.
2. ഇന്ന് നിലവിലുള്ള ടാപ്പുകൾ കേട്കൂടാതെ സൂക്ഷിക്കുന്നതിന് നമ്മൾ ശ്രദ്ധിക്കുകയും കേടുണ്ടായാൽ അടിയന്തിരമായി അറ്റകുറ്റ പണി നടത്തുകയും വേണം.
3. എല്ലാ മാസത്തിലും ഒരു പ്രാവശ്യമെങ്കിലും ടാങ്കും, ലൈനും കഴുകി വൃത്തിയാക്കണം.
4. ഈ പഞ്ചായത്തിലെ 8, 9, 10 എന്നീ വാർഡുകളിലെ ശുദ്ധജലക്ഷാമ പരിഹാരത്തിനായി മുതുകുളം ഈസ്റ്റ് പദ്ധതി നടപ്പാക്കി ട്യൂബ് വെല്ലും, ടാങ്കും സ്ഥാപിച്ച് എല്ലാ സ്ഥലങ്ങളിലേക്കും പൈപ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
5. പത്തിയൂർ പഞ്ചായത്തിലെ മാളിയേക്കൽ ടാങ്കിൽ നിന്നും 8, 9, 10 വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
6. ഈ പഞ്ചായത്ത് അതിർത്തിയുള്ള പൊതുകിണറുകളും, കുളങ്ങളും കാലാകാലങ്ങളിൽ അറ്റകുറ്റ പണി നടത്തി ഉപയോഗപ്രദമാക്കുക.
7. ഉപ്പ് വെള്ളം കയറാതിരിക്കുവാൻ 1 മുതൽ 7 വരെയുള്ള വാർഡുകളിലെ പടിഞ്ഞാറൻ വാഡുകളിൽ ഷട്ടറുകളും കലുങ്കുകളും സ്ഥാപിക്കുക.





സാമൂഹ്യക്ഷേമം - പാർപ്പിടം

വിദ്യാഭ്യസ ആരോഗ്യ മേഖലകളിൽ നമ്മുടെ പഞ്ചായത്ത് വളരെ മുന്നിലാണെങ്കിലും സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളിൽ ഏറിയ ഭാഗവും കൂലിവേല ചെയ്ത് ജീവിക്കുന്നവരാണ്. നമ്മുടെ പഞ്ചായത്തിലുള്ള 6071 കുടുംബങ്ങളിൽ 1500 കുടുംബങ്ങൾ 1992 ലെ I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ സമഗ്ര പുരോഗതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ മാത്രമാണ് പ്രധാനമായും ഇന്നുള്ളത്.

I.R.D.P.

I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെ 1500 കുടുംബങ്ങളാണ് നമ്മുടെ ഗ്രാമത്തിലുള്ളത്. ഇതിൽ നാളിതുവരെ 171 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. എന്നാൽ സഹായം നൽകിയെങ്കിലും 155 കുടുംബങ്ങൾ മാത്രമെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുള്ളു. ബാക്കിയുള്ളവരെ കൂടി ദാരിദ്ര്യ രേഖയ്ക്ക് മുകളിലേക്ക് ഉയർത്തുകയും കേവലം ദാരിദ്ര്യ രേഖയ്ക്ക് മുകളിലേക്ക് സാങ്കേതികമായി ഉയർന്നിട്ടുണ്ടെന്ന് കരുതുന്നവരുടെ ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ പരമായ ഉന്നമനത്തിന് ഉതകുന്നതും അതോടൊപ്പം അവർ നേടിയ സ്ഥിതി സ്ഥായിയായി നിലനിൽക്കുന്നതിന് ആവശ്യമായ ബോധപൂർവ്വ ശ്രമം തുടരേണ്ടതുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട 84 കുടുംബങ്ങൾക്ക് 1992 ന് ശേഷം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽ പ്പെട്ട എല്ലാ കുടുംബങ്ങളെയും ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് വലിയ ഒരു നേട്ടമാണ്. പട്ടികജാതിയിൽ പ്പെട്ട 4 കുടുംബങ്ങൾ മാത്രമേ സർക്കാർ ധനസഹായം സ്വീകരിക്കാത്തവരായി നമ്മുടെ പഞ്ചായത്തിലുള്ളു. 1992 നു ശേഷം 1695834.00 രൂപ ലോണായും, 633038.00 രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്. I.R.D.P. ലിസ്റ്റിലെ ക്രമ നമ്പർ അനുസരിച്ച് ലോൺ നൽകുന്നതിന് പകരം ലിസ്റ്റിൽ പെട്ട് ആവശ്യക്കാരെ തിരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞാൽ ഈ രംഗത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും.

ട്രൈസം

ഗ്രാമീണ യുവജനതയ്ക്കായുള്ള സ്വയം തൊഴിൽ പരിശീലന പദ്ധതിയാണ് ട്രൈസം എന്ന് ചുരുക്കപേരിൽ അറിയപ്പെടുന്നത്. വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മ ഒരു പരിധി വരെ തടഞ്ഞ് നിർത്തുകയും തൊഴിലില്ലാത്ത യുവതി യുവാക്കളെ പരിശീനം നൽകി സ്വയം തൊഴിലിന് പ്രാപ്തരാകുകയുമാണ് പദ്ധതിയുടെ ഉദ്ദേശം.

നടപ്പ് പദ്ധതികാലത്ത് 21 യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീനലം നൽകിയിട്ടുണ്ട്. ഇതിൽ 14 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. 5 പേർ മറ്റ് തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു. കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിച്ച് സ്വയം തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കേണ്ടത് അനിവാര്യമാണ്.

D.W.C.R.A.

പദ്ധതി പ്രകാരം ഒരു കയർപിരി യൂണിറ്റ് മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റിൽ 10 വനിതകൾ ജോലി നോക്കുന്നുണ്ട്. പുതിയ സംരഭങ്ങൾ ഈ മേഖലയിൽ തുടങ്ങിയെ മതിയാകൂ. വനിതകൾ സന്നദ്ധരായി മുന്നോട്ട് വരാത്തതാണ് ഈ മേഖലയിലെ പ്രശ്നം.

I.R.D.P. ലിസ്റ്റിൽ പെട്ട കുടുംബങ്ങളിലെ 10 വനിതകൾ ചേർന്ന് ഒരു സംരംഭം തുടങ്ങാൻ തയ്യാറായി മുന്നോട്ട് വന്നാൽ അതിനെ സാമ്പത്തികമായി സഹായിക്കാൻ ഇന്ന് അധികൃതർ തയ്യാറാണ്. എന്നാൽ ഈ പദ്ധതി പ്രയോജനപ്പെടുത്താൻ പലരും മുതിരുന്നില്ല ഈ രംഗത്ത് സമഗ്ര ബോധവൽക്കരണം അനിവാര്യമാണ്.

ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണിത്. 39 പേരാണ് ഗ്രാമീണ കൈതൊഴിൽ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ പണിയെടുക്കുന്നത്. ഇവരിൽ പന്ത്രണ്ട് പേർക്ക് ടൂൾ കിറ്റുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്നവരെയും ഘട്ടംഘട്ടമായി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി മാറ്റുവാൻ കഴിയണം.

നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ വിശ്വകർമ്മാക്കൾ വഹിക്കുന്ന പങ്ക് വലുതാണ്. വാർദ്ധക്യത്തിൽ ഈ കൂട്ടരെ സഹായിക്കാൻ പദ്ധതികൾ ഉണ്ടാവണം.

പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണല്ലോ പാർപ്പിടം. സാമൂഹിക സാമ്പത്തിക മേഖലയിൽ ഉണ്ടായ വളർച്ച പാർപ്പിടമെന്ന കാഴ്ച്ചപാടിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു കാലത്ത് ഓല മേഞ്ഞ വീടുകൾ മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അതിന്റെ സ്ഥാനം കോൺക്രീറ്റ് കെട്ടിടങ്ങൾ കൈയ്യടക്കിയിരിക്കുകയാണ്.

വീടെന്ന സങ്കൽപ്പം മനുഷ്യനിലുണ്ടാക്കിയ മാറ്റം ഈ രംഗത്തേക്ക് അനിയന്ത്രിതമായി പണം ഒഴുകുന്നതിന് വഴിവച്ചിട്ടുണ്ട് ലക്ഷക്കണക്കിന് രൂപയാണ് ഉൽപ്പാദന രഹിതമായ ഈ മേഖലയിലേക്ക് ഇന്നൊഴുകുന്നത് ഇത് നമ്മുടെ സമ്പത്ത് ഘടനയെ മാറ്റി മറിക്കുകയാണ്. വീട് നിർമ്മാണ സാധന സാമഗ്രികളുടെ അമിത വിലവർദ്ധനവിലേക്ക് നയിക്കുന്നത്. സാധാരണ ജനങ്ങൾക്ക് ഒരു ചെറിയ വീടെങ്കിലും നിർമ്മിക്കാൻ കഴിയാത്തതാണ് ഇതിന്റെ പരിണിത ഫലം.

ഓല മേഞ്ഞ 2514 വീടുകളും ഓടിട്ട 2854 വീടുകളും കോൺക്രീറ്റ് 651 വീടുകളും 52 ഇരുനില കെട്ടിടങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. 92 ലെ I.R.D.P. ലിസ്റ്റ് പ്രകാരം ഏകദേശം 913 കുടുംബങ്ങൾക്ക് സ്വന്തമായി വീടി[illegible]വിധ പദ്ധതികൾ പ്രകാരം 27 വീടുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും 6 പേർ ഇനിയും പണി പൂർത്തീകരിച്ചിട്ടില്ല. ബാക്കിയുള്ളവർക്ക് കൂടി സ്വന്തമായി വീട് നിർമ്മിക്കാൻ വേണ്ട ധനസഹായങ്ങൾ കൊടുക്കണം.

വീടുകൾ തരംതിരിച്ച പട്ടിക

വാർഡ്	ഓല	ഓട്	കോൺക്രീറ്റ്	ബഹുനില	ആകെ
I	237	205	75	10	527
II	199	280	60	5	544
III	213	360	50	3	626
IV	210	409	80	5	704
V	320	200	30	1	551
VI	288	230	25	2	545
VII	223	210	50	4	487
VIII	291	270	100	7	685
IX	243	320	91	4	658
X	290	350	90	11	741

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ്	വീടാവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിക്കേണ്ട വീടുകൾ
I	96	4	3	92
II	91	7	7	84
III	113	3	3	110
IV	98	-	-	98
V	85	2	2	83
VI	128	2	2	126
VII	69	3	3	66
VIII	63	1	-	62
IX	54	2	2	52
X	116	3	3	113
ആകെ	913	27	25	886

സാധന സാമഗ്രികളുടെ വില വർദ്ധനവിന് അനുസരിച്ച് ധനസഹായത്തിന്റെ തോത് വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഈ രംഗത്തെ പ്രശ്നം പരിഹരിക്കാൻ കഴിയൂ. അതോടൊപ്പം പണക്കൊഴുപ്പ് കാണിക്കുവാനായി നിർമ്മിക്കുന്ന വീടുകൾക്ക് കൂടുതൽ കരം ഏർപ്പെടുത്തുകയും വേണം. വീട് വയ്ക്കുന്നതിൻ ഉദാര വ്യവസ്ഥയിൽ ലോൺ ലഭിക്കുന്നതിന് സൗകര്യവും ഉണ്ടാക്കണം. പരമ്പരാഗത വാസ്തുശിൽപ മാതൃകയിലുള്ള കെട്ടിടങ്ങൾ സംരക്ഷിക്കാൻ നമ്മുക്ക് കഴിയണം.

1084 കുടുംബങ്ങളിൽ ഇന്നും സംനിട്ടറി കക്കൂസുകളില്ല. ഇതിൽ 69 പേർക്ക് വിവിധ പദ്ധതികളാലായി കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. 1105 കുടുംബങ്ങൾക്ക് ഇന്നും കക്കൂസില്ല എന്നത് ആരോഗ്യ രംഗത്തെ വളരെ വലിയ ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കാൻ കഴിയണം. നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതി കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നൽകാൻ സന്നദ്ധമാണെന്ന് തീരുമാനിച്ചിരിക്കുന്നത് ആശ്വാസകരമാണ്.

കക്കൂസ് സംബന്ധിച്ച വിവരം

വാർഡ്	കക്കൂസില്ലാത്ത വീടുകൾ	ഇതുവരെ അനുവദിച്ച് കക്കൂസുകളുടെ എണ്ണം	ഇനി കക്കൂസ് അനുവദിക്കേണ്ട വീടുകളുടെ എണ്ണം
I	124	8	116
II	97	4	93
III	131	9	122
IV	114	6	108
V	102	5	97
VI	152	6	146
VII	78	8	70
VIII	114	9	105
IX	123	11	112
X	139	3	136
ആകെ	1174	65	1105

(IRDP സർവ്വേ അനുസരിച്ച്)

നമ്മുടെ പഞ്ചായത്തിൽ വിവിധ പെൻഷൻ പദ്ധതികളിൽ നിന്നും സഹായം ലഭിക്കുന്ന ധാരാളം ആളുകളുണ്ട്. എന്നാൽ അർഹതപ്പെട്ട ചിലർക്കെങ്കിലും വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിക്കുന്നില്ല എന്നൊരു പോരായ്മയും നില നിൽക്കുന്നുണ്ട്.

ക്രമ നം.	ധനസഹായത്തിന്റെ പേര്	വാങ്ങുന്നവരുടെ എണ്ണം
1.	വിധവ പെൻഷൻ	117
2.	വികലാംഗ പെൻഷൻ	81
3.	വാർദ്ധക്യകാല പെൻഷൻ	67
4.	അവശകലാകാര പെൻഷൻ	2
5.	അവശകായിക താര പെൻഷൻ	1
6.	ക്ഷയരോഗി പെൻഷൻ	7
7.	ക്യാൻസർ രോഗി പെൻഷൻ	13
8.	കർഷക തൊഴിലാളി പെൻഷൻ	758
9.	തൊഴിലില്ലായ്മ വേതനം	584

നിർദ്ധന വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് പഞ്ചായത്ത് ആഫീസ് വഴി ധനസഹായം നൽകുന്നുണ്ട്. മിശ്ര വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനായും സർക്കാർ ധനസഹായം നൽകുന്നുണ്ട്. നിത്യവൃത്തിക്ക് നന്നേ ബുദ്ധിമുട്ടുന്ന ആശരണരായ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകുന്ന പെൻഷനും മറ്റ് ധനസഹായങ്ങളും ഈ വിഭാഗത്തിന് വലിയ ആശ്വാസമാണ്.

അംഗൻവാടികൾ

മാതൃ ശിശു സംരക്ഷണ രംഗത്തും പ്രീ - പ്രൈമറി വിദ്യാഭ്യാസ (അനൗപചാരിക) രംഗത്തും മാതൃകാപരമായ പ്രവർത്തനം നടത്തുന്ന 19 അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 3 മുതൽ 5 വരെ പ്രയമുള്ള 532 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. പാട്ടിലൂടെയും കഥകളിലൂടെയും കുട്ടികൾക്ക് അറിവ് പകർന്ന് കൊടുക്കുക. 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വേണ്ട പോഷകാഹാരങ്ങൾ നൽകുക. ആരോഗ്യ വിദ്യാഭ്യാസം നൽകുക. കലാ - കായിക വാസനകൾ പ്രോത്സാഹിപ്പിക്കുക എന്നിവയെല്ലാം അംഗൻവാടികളുടെ ലക്ഷ്യത്തിൽപ്പെടുന്നു. ഇവിടെ 4 അംഗൻവാടികൾക്ക് മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളു. ബാക്കിയുള്ളവയ്ക്കുകൂടി സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാവാൻ സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തണം.

അംഗൻവാടികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന ബ്ലോക്ക് തലത്തിലുള്ള I.C.D.S. ആഫീസ് പ്രവർത്തിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്.

ക്ഷേമനിധി

സാമൂഹ്യ ക്ഷേമ രംഗത്ത് സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമനിധിയിൽ പഞ്ചായത്തിലെ തൊഴിലാളികളിൽ നല്ലൊരു പങ്ക് അംഗങ്ങളായിട്ടുണ്ട്.

ക്ഷേമ നിധിയെ സംബന്ധിച്ചുള്ള അറിവീല്ലായ്മ കാരണം അർഹതയുള്ള പലരും ഇന്ന് ഇതിൽ അംഗങ്ങളായിട്ടില്ല. എന്നാൽ തൊഴിലാളികളല്ലാത്ത ചിലരെങ്കിലും ക്ഷേമനിധിയിൽ അംഗത്വം എടുത്തിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ ചിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, കയർ തൊഴിലാളികൾ, തയ്യൽക്കാർ, ബീഡി തൊഴിലാളികൾ, സൈക്കിൾ റിപ്പയ്റർ ചെയ്യുന്നവർ, ഫോട്ടോഗ്രാഫഴ്സ്േഴ്സ്, അംഗൻവാടി വർക്കറന്മാർ, ഹെൽപ്പറന്മാർ, മറ്റ് കൈതൊഴിലുകളിൽ ഏർപ്പെട്ട ുന്നവർ തുടങ്ങിയവർക്കെല്ലാം വേണ്ടി ക്ഷേമനിധ. പ്രവർത്തിക്കുന്നുണ്ട്.

പൊതുവിവരണം

റേഷൻകട

നമ്മുടെ പഞ്ചായത്തിൽ 15 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, മൈദ എന്നിവയെല്ലാം ഈ കേന്ദ്രങ്ങളിൽ നിന്നും ന്യായമായ വിലയ്ക്ക് ലഭിക്കുന്നുണ്ട്. റേഷൻ കടകളെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് എന്നും പരാതികൾ മാത്രമേ പറയാനുള്ള. പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് വാർഡു തലത്തിൽ പഞ്ചായത്ത് അംഗങ്ങളുടെ മേൽനോട്ടത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം.

റേഷൻ കാർഡു ലഭിക്കണമെങ്കിൽ ഇന്നത്തെ സംവിധാനത്തിൽ താലൂക്ക് സപ്ലൈ ആഫീസിൽ പല തവണ കയറിയിറങ്ങേണ്ട ഗതികേടാണ് ഉള്ളത്. ഇതു പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഒരു മാസത്തിൽ ഓന്നോ രണ്ടോ


ദിവസം ഇതിനായി മാറ്റിവെച്ചാൽ മതിയാകും.


മാവേലി സ്റ്റോർ

ആവശ്യസാധനങ്ങളുടെ വില ഒരു പരിധി വരെ നിയന്ത്രിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന ഒരു മാവേലി സ്റ്റോർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങൾ ഇവിടെ നിന്നും ന്യായ വിലയ്ക്ക് ലഭിക്കുന്നുണ്ട്. ധാരാളം ഗ്രാമീണർ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. പച്ചക്കറികൾ വിൽക്കുന്ന ഒരു ന്യായവില ഷോപ്പു കൂടി നമ്മുടെ ഗ്രാമത്തിൽ ആരംഭിയ്ക്കേണ്ടതുണ്ട്.

ഉപഭോക്തൃ സംരക്ഷണ സമിതി

ഉപഭോക്താവ് എന്നും ചൂഷണത്തിന് വിധേയനാണ്. ഉപഭോക്താവിനെ അവകാശങ്ങളെ കുറിച്ച് ബോധവാനാക്കുകയും ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ഉപഭോക്തൃ പ്രസ്ഥാനത്തിന്റെ ശാഖ മുതുകുളത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും സാധാരണ ഉപഭോക്താവിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥിതിയിലേക്ക് ഉയർന്നു പ്രവർത്തിക്കാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. ഇതിനു മാറ്റം ഉണ്ടാകണം.





പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം



നമ്മുടെ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗകക്കാരാണ്. 292 കുടുംബങ്ങളിലായി 953 പുരുഷന്മാരും 1033 സ്ത്രീകളും ഉൾപ്പടെ 1986 പട്ടികജാതിക്കാരും 5 കുടുംബങ്ങളിലായി 16 പട്ടികവർഗ്ഗക്കാരും നമ്മുടെ പഞ്ചായത്തിന്റെ രണ്ട് അംഗീകൃത കോളനിയിലും, അംഗീകരാത്തിനായി സമർപ്പിച്ച രണ്ടു കോളനിയിലുൾപ്പടെ നമ്മുടെ പഞ്ചായത്തിലെ പത്ത് വാർഡുകളിലായി താമസിക്കുന്നു.

സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം പീഢനത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശം ലഭിക്കുക വഴി സാമൂഹ്യ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ വേണ്ടത്ര മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ഈ വിഭാഗക്കാർക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ നിരക്ഷരരിൽ ഏറിയ പങ്കും ഈ വിഭാഗത്തിൽ പ്പെട്ടവരാണ്. S.S.L.C. വരെ പഠിക്കുവാൻ അധികം കുട്ടികളും തയ്യാറാകുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവർ തുലോം കുറവാണ്. എങ്കിലും ഈ വിഭാഗത്തിൽപ്പെട്ട കുറേ വ്യക്തികൾ ഉയർന്ന തലങ്ങളിൽ പ്രവർത്തിക്കുന്നവരാണ് എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. ഭരണ ഘടനാ പിൻബലത്തോട് കൂടി തൊഴിൽ രംഗത്ത് സംവരണം നൽകിയിട്ടും അർഹമായ സ്ഥാനങ്ങളിലേക്ക് വിദ്യാസമ്പന്നരെയോ ഉദ്യോഗാർത്ഥികളെയോ ലഭിക്കുന്നില്ല. ഈ രംഗത്ത് സമഗ്ര ബോധവൽക്കരണം അനിവാര്യമാണ്.

പരമ്പരാഗത മേഖലകളിൽ പണി ചെയ്തിരുന്നവർക്ക് അസംസ്കൃത സാധനങ്ങളുടെ (ചൂരൽ, പനമ്പ്, etc..) ദൗർലഭ്യം കാരണം തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇവരെ സഹായിക്കാൻ പുതിയ പദ്ധതികൾ അവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.


പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാരും മറ്റ് ഏജൻസികളും ധനസഹായം നൽകുന്നുണ്ടെങ്കിലും അവ ഉപയോഗിച്ച കൊണ്ട് വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുന്നില്ല. വീടു നിർമ്മാണ സാമഗ്രികളുടെ വില അടിയ്ക്കടി വർദ്ധിക്കുന്നതിനാൽ ലഭ്യമാകുന്ന ധനസഹായം കൊണ്ട് ഒരു വീട് നിർമ്മിക്കുവാൻ കഴിയുന്നില്ല. വിലവർദ്ധനവിനനുസരിച്ച് ധനസഹായം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഇവരുടെ പാർപ്പിട പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയും. പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പെട്ട് എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതിനു നൽകുന്ന ധനസഹായം അപര്യാപ്തമായതിനാൽ ഈ വിഭാഗത്തിൽ നിന്ന് ഗുണഭോക്താക്കൾ മുന്നോട്ട് വരുന്നില്ല. ഓരോ വീടിനും ഓരോ കക്കൂസ് എന്ന് ആശയം നമുക്ക് സാക്ഷാൽക്കരിക്കണം. പഞ്ചായത്ത് മുഴുവൻ പ്രവർത്തന മേഖലയാക്കി 6-ാം വാർഡിൽ ഒരു പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘം മുഖേന ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി വായ്പ്പകൾ ലഭ്യമാണ്.


പ്രശ്നങ്ങൾ


1. നിരക്ഷരത
2. ഭവന നിർമ്മാണ രംഗത്തുള്ള അപര്യാപ്തത
3. സാമൂഹിക രംഗത്തെ അവഗണന
4. പരമ്പരാഗത വ്യവസായത്തിൽ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം.
5. അപകർഷതാബോധം

പരിഹാരങ്ങൾ

1. സഹകരണാടിസ്ഥാനത്തിൽ കൈതൊഴിൽ ഉൽപ്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
2. ഔദ്യോഗിക ലഭ്യതയ്ക്കു വേണ്ടി ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
3. യുവജന സാംസ്കാരിക സംഘടനകളുണ്ടാക്കി സാമൂഹ്യ പ്രവർത്തനം നടത്തുക.
4. ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലത്ത് പുതിയ കോളനികൾ സ്ഥാപിക്കുക.
5. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വർക്ക് വീട് വയ്ക്കാനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.
6. കൂലിവേല ചെയ്ത് ഉപജീവനം കഴിച്ചിരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുക പുതിയ തൊഴിൽ സംരംഭങ്ങൾ അരംഭിക്കുകയും ചെയ്യുക,
7. പായ്നെയ്ത്ത്, കൊട്ട, വട്ടി എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
8. ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.
9. വീടുകൾ പുതുക്കി പണിയുന്നതിനും അറ്റകുറ്റ പ്പണികൾക്കും പലിശരഹിത വായ്പ നൽകുക.
10. കോളനിയിൽ ടി.വി. കൾ സ്ഥാപിക്കുക.
11. തറാൽ കോളനിയും വയലിൽ കോളനിയും ഹരിജൻ കോളനിയായി അംഗീകരിക്കുക.







ഗതാഗതം ഊർജ്ജം മാർക്കറ്റ്



ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിൽ ഗതാഗതത്തിന് ഗണ്യമായ സ്വാധീനമുണ്ട്. ഇതറിഞ്ഞോ അറിയാതെയോ നമ്മുടെ ഗ്രാമ വികസനത്തിൽ ആവശ്യത്തിൽ അധികം സ്വാധീനിച്ചതിന്റെ ഫലമാണ് പഞ്ചായത്തിലൂടെ തലങ്ങും വിലങ്ങും കടന്നു പോകുന്ന റോഡുകൾ. ജനകീയ ആസൂത്രണത്തിന്റെ പൊരുളെന്തെന്ന് അറിയാത്ത നമ്മുടെ മുൻഗാമികൾ ജനങ്ങളെ സംഘടിപ്പിച്ചും സാമ്പത്തികം സമാഹരിച്ചുമാണ് ഇവ നിർമ്മിച്ചത്.

മുൻകാലങ്ങളിൽ പഞ്ചായത്തിന് ലഭിക്കുന്ന പണത്തിന്റെ മുന്തിയ ഭാഗവും റോഡുകളിൽ ഗ്രാവൽ വിരിക്കുന്നതിനായിരുന്ന ഉപയോഗിച്ചിരുന്നത്. വികസനമെന്നാൽ റോഡ് നിർമ്മിക്കൽ എന്നായി മാറി എന്നിരുന്നാലും പുതിയ റോഡുകളുടെ ആവശ്യവും പഴയ റോഡുകളുടെ പുനർനിർമ്മാണവും ഗ്രാമസഭാ ചർച്ചകളിലെ പ്രധാനയിനം ആയിരുന്നു.

നമ്മുടെ പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ 72.75 കി. മീ. റോഡാണ് നിലവിലുള്ളത്. ഇതിൽ 27.9 കി. മീ. ടാർ ചെയ്തതാണ് പഞ്ചായത്തിനെ രണ്ടായി മുറിച്ചു കൊണ്ട് കടന്നു പോകുന്ന കായംകുളം കാർത്തികപ്പള്ളി റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ ഗതാഗതയോഗ്യമായ റോഡ്. ഇത് ഇന്ന് P.W.D. യുടെ നിയന്ത്രണത്തിലാണ്. ഈ റോഡിന്റെ പുഴുക്കത്തോട് മുതൽ വന്ദികപ്പള്ളി വരെയുള്ള 5 കി. മീ. നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്ന് പോകുന്നത്. ഇത് കൂടാതെ പഞ്ചായത്തിൽ P.W.D. യുടെ നിയന്ത്രണത്തിലുള്ള മൂന്ന് റോഡുകൾ കൂടിയാണുള്ളത്. ചുളത്തെരുവ് - ചേപ്പാട് റോഡ്, വെട്ടത്തുകടവ് മാളിയേക്കൽ റോഡ് കനകക്കുന്ന് കീരിക്കാട് റോഡ്, ഇവ മൂന്നും തിരദേശ ഗ്രാമമായ നമ്മുടെ പഞ്ചായത്തിനെ ദേശീയ പാത 47 മായി ബന്ധിപ്പിക്കുന്നു. ഈ റോഡുകളുടെ ഏറിയ ഭാഗവും നമ്മുടെ പഞ്ചായത്തിലാണ്.

പഞ്ചായത്തിലൂടെ ആദ്യമായി സർവ്വീസ് ആരംഭിച്ച ബസ്സ് "ജയാ മോട്ടോഴ്സ്" ആണ്. മോട്ടോർ വാഹനങ്ങളുടെ വരവിന് മുമ്പ് ആളുകളിൽ അധികവും കാൽനടയായിട്ടാണ് യാത്ര ചെയ്തിരുന്നത്. ചരക്കുകൾ തലയിൽ ചുമന്ന് കൊണ്ടുവന്നിരുന്ന ആളുകൾക്ക് ചുമട് ഇറക്കിവയ്ക്കുന്നതിനുള്ള ചുമടുതാങ്ങികൾ പഞ്ചായത്തിൽ ധാരാളമായി കാണാം. അന്ന് സ്വകാര്യ ഉപയോഗത്തിനായി വില്ലുവണ്ടികളും ചരക്ക് കൊണ്ടുപോകുന്നതിനായി കാള വണ്ടികളും ഉപയോഗിച്ചിരുന്നു. ഇതോടൊപ്പം കൊപ്രാ കച്ചവടം നടത്തിയിരുന്ന ആളുകൾ ആലപ്പുഴയിൽ കൊപ്രാ എത്തിക്കുന്നതിനും കയർ കച്ചവടക്കാർ കയർ എത്തിക്കുന്നതിനും ജലഗാതഗതത്തെയാണ് ആശ്രയിച്ചിരുന്നത്.

ഇന്ന് പഞ്ചായത്തിലൂടെ 34 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇവയിൽ രണ്ട് ദീർഘദൂര സർവ്വീസുകളും ഉൾപ്പെടുന്നു. രാവിലെ 5.15 മുതൽ രാത്രി 10.30 വരെ നമ്മുടെ ഗ്രാമത്തിൽ എത്തി ചേരുന്നതിന് ഈ ബസ്സുകളെ ആശ്രയിക്കാം. ബസ്സ് സ്റ്റാന്റോ ബസ്സ് ടെർമിനലുകളോ നമ്മുടെ പഞ്ചായ

ത്തിൽ ഇല്ല. ഹൈസ്കൂൾ ജംഗ്ഷനിലും ചൂളത്തെരുവ് ജംഗ്ഷനിലും ടാക്സി, ടെമ്പോ, മിനിലോറി എന്നിവ പാർക്ക് ചെയ്യുന്നുണ്ട്. എന്നാൽ ഇവിടങ്ങളിൽ ഇവയ്ക്ക് സ്റ്റാന്റുകൾ ഒന്നും തന്നെ നിർമ്മിച്ചിട്ടില്ല. ആട്ടോറിക്ഷകൾ എല്ലാ പ്രധാന കേന്ദ്രങ്ങളിലും പാർക്ക് ചെയ്യുന്നുണ്ട്. ഇവയ്ക്കും സ്റ്റാന്റില്ല.

മുതുകുളത്ത് നിന്ന് സർവ്വീസ് ആരംഭിക്കുന്ന ബസ്സുകൾ എല്ലാം കായംകുളത്തേക്ക് മാത്രമാണ്. താലൂക്ക് ആസ്ഥാനമായ ഹരിപ്പാട്ടേക്ക് ഒരു ബസ്സ് പോലും മുതുകുളത്ത് നിന്ന് സർവ്വീസ് ആരംഭിക്കുന്നില്ല. ചക്കിലി കടവിൽ നിന്നും കി. മീറ്ററുകൾ താണ്ടി കിഴക്ക് വരണം വാഹനം ലഭ്യമാകാൻ. മുതുകുളത്തെ തിരദേശ വാസികൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ ചൂളത്തെരുവ് ചക്കിലിക്കടവ് വെട്ടുത്തുകടവ്, കനകക്കുന്ന് എന്നീ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള റോഡിന്റെ നിർമ്മാണം പൂരിത്തീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് കൂടി ബസ്സ് സർവ്വീസ് ആരംഭിക്കണം.

ജലഗതാഗതം ഇന്ന് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. റെയിൽവേ ലൈൻ നമ്മുടെ പഞ്ചായത്തിൽ ഇല്ല അടുത്തുള്ള റെയിൽവേ സ്റ്റേഷനുകൾ ചേപ്പാടും, കായംകുളവുമാണ്.

റോഡുകൾ ധാരാളമുണ്ടെങ്കിലും മഴക്കാലത്ത് ഇതു വഴിയുള്ള ഗതാഗതം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. പടിഞ്ഞാറൻ മേഖലകളിൽ മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടി നിൽക്കുന്നു. വെള്ളം ഒഴുകിപ്പോകാൻ റോഡ് സൈഡുകളിൽ ഓടകൾ ഇല്ല യെന്നത് ഒരു പ്രധാന പ്രശ്നമാണ്. പണ്ട് വെള്ളം ഒഴുകിയിരുന്ന തോടുകളാണ് പിന്നീട് റോഡുകളായി മാറിയതെന്ന ഒരു പ്രശ്നവുമുണ്ട്. നിലം നികത്തി വീടുകൾ വച്ചതോടെ നിലങ്ങൾക്ക് നടുവിലൂടെ റോഡുകൾ നിർമ്മിക്കുകയും അത് ജല നിർഗമനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

ടാർ റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം (മീറ്റർ)	ഉടമസ്ഥത
1.	1	വന്ദികപ്പള്ളി - പുത്തൻ പറമ്പ് റോഡ്	16	പഞ്ചായത്ത്
2.	1	ശാന്തിയിൽ മുക്ക് കൊല്ലകൽ വടക്ക് വശം റോഡ്	400	പഞ്ചായത്ത്
3.	3	മുരിങ്ങച്ചിറ - കൊല്ലകൽ റോഡ്	1750	പഞ്ചായത്ത്
4.	3	ഉമ്മർമുക്ക് - ചക്കിലിക്കടവ് റോഡ്	2500	പഞ്ചായത്ത്
5.	4	ഇടശ്ശേരി മുക്ക് - പുളിക്കൽ മുക്ക് റോഡ്	500	പഞ്ചായത്ത്
6.	4	പബ്ളിക്ക് മാർക്കറ്റ് - വെട്ടുതറയിൽ - കറുത്തേരി മുക്ക്	1000	പഞ്ചായത്ത്
7.	4	പാലത്തുംപാട്ട് - പാലാഴി കിഴക്കുവശം റോഡ്	600	പഞ്ചായത്ത്
8.	4	ആശുപത്രിമുക്ക് - ശ്രീകേശ് മുക്ക്	1000	പഞ്ചായത്ത്
9.	5	പുളിയറമുക്ക് - ആശുപത്രി മുക്ക് റോഡ്	2000	പഞ്ചായത്ത്
10.	5	പബ്ളിക്ക് മാർക്കറ്റ് - പള്ളിമുക്ക് റോഡ്	2000	പഞ്ചായത്ത്
11.	6	മങ്ങാട്ട് മുക്ക് - പുളിയറമുക്ക് റോഡ്	200	പഞ്ചായത്ത്
12.	7	കളീയ്ക്കൽ മുക്ക് - പുഴക്കത്തോട് റോഡ്	850	പഞ്ചായത്ത്
13.	9	കല്ലുംമൂട് - ചാങ്ങയിൽ മുക്ക് റോഡ്	1200	പഞ്ചായത്ത്
14.	10	ചൂളത്തെരുവ് - വെട്ടിക്കുളങ്ങര റോഡ്	400	പഞ്ചായത്ത്
15.	10	വിളയിൽ മുക്ക് - ഐശ്വര്യ പ്രദായിനി റോഡ്	1250	പഞ്ചായത്ത്
16.		കാർത്തികപ്പള്ളി - കായംകുളം		P.W.D.
17.		ചൂളത്തെരുവ് - ചേപ്പാട്		P.W.D.
18.		വെട്ടത്തു കടവ് - മാളിയേക്കൽ		P.W.D.
19.		കനകക്കുന്ന് കളരിക്കൽ		P.W.D.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരം

വാർഡ്	റോഡിന്റെ പേര്	ടാർ	ഗ്രാവൽ	മണ്ണ്	ടാർ ചെയ്യാനുദ്ദേശിക്കുന്നത്	നീളം	വീതി
1	കല്ലുംമൂട് - മുണ്ടുച്ചിറയ്ക്കൽ റോഡ്		400			400	4
	തോട്ടാപ്പള്ളിശ്ശേരി മുക്ക് - വീട്ടിൽ കടവ്		500		✓	500	4
	വന്ദികപ്പള്ളി - പുത്തൻപറമ്പ്	1600				1600	6
	ചൂളത്തെരുവ് - പുത്തൻപറമ്പ്		500			500	4
	ഞവരയ്ക്കൽ മുക്ക് - ആമ്പക്കുടി ലക്ഷംവീട് കോളനി		500		✓	500	4
	അമ്മൻകോവിൽ - തറയിൽ പറമ്പ്			300		300	4
	ശാന്തിയിൽ മുക്ക് - കൊല്ലകൽ വടക്കുവശം	400	100		✓	500	6
	നെടുമ്പള്ളിൽ മുക്ക് - പുതിയവീട് മുക്ക്			350		350	3
	തൈക്കാട്ടിൽ ചൂളത്തെരുവ് റോഡ്	—		250		250	4
2	തോട്ടാപ്പള്ളിശ്ശേരി - ഇല്ലത്ത്ചിറ റോഡ്		600		✓	600	6
	മുണ്ടുചിറയ്ക്കൽ - വലിയകാവ്		600			600	4.5
	കൊച്ചുതറയിൽ മുക്ക് - കാടാശ്ശേരി മുക്ക്.	—		750		750	4
	കൊല്ലകമുക്ക് - ചാപ്രാ മുക്ക്			400	✓	400	5
	കൊല്ലക വയൽ - മോരുകണ്ടത്തിൽ		300			300	6
	കൊച്ചുകുളയ്ക്കാട്ട് - പുളിമൂട്ടിൽ ചിറ റോഡ്			250		250	4
	കുന്നത്തേരിൽ മുക്ക് - മിനി ട്യൂട്ടേറിയൽ റോഡ്			1000		100	4
	കുന്നത്തേരിൽ മുക്ക് മുതൽ പടിഞ്ഞാറോട്ട്		400			400	4
3	മാത്തൻക്കുളങ്ങര - കൊച്ചുകുളയ്ക്കാട്ട് റോഡ്		450			450	4
	മുരിങ്ങച്ചിര - കൊല്ലകൽ റോഡ്	1750				1750	6
	കാടാശ്ശേരി മുക്ക് - ഇടശ്ശേരി മുക്ക്		750			750	5
	വലിയകാവ് - ആശാന്റങ്ങ് റോഡ്		400			400	4

	കൊല്ലകൽ - മോർകണ്ടത്തിൽ - കറുത്തേരിൽ മുക്ക്		1350		✓	1350	5
	ചിറയ്ക്ക തെക്കേടത്ത് - ശ്രീകേശ് മുക്ക്		1000			1000	4
	കുറ്റിയിൽ മുക്ക് - ഗോപൻകുളങ്ങര		1000			1000	4
	ഉമ്മർമുക്ക് - ചക്കിലിൽ കടവ്	2500				2500	5
	O.L.H.S. കോളനി റോഡ്		1000		✓	1000	3
	ഒമ്പത് തറ മുക്ക് - ചാമ്പക്കുന്നത്ത്			350		350	4
	മണിഭവനം - തെക്കുവശം മുതൽ കിഴക്കോട്ട്		150			150	3
4	തീയേറ്റർ മുക്ക് - ആലക്കോട്ട് മുക്ക്		1000		✓	1000	4
	കുന്നേൽ മുക്ക് - ആലക്കോട്ട് മുക്ക്		900			900	4
	ഇടശ്ശേരി മുക്ക് - പുളിയ്ക്കൽ മുക്ക്	500	650			1150	4
	കല്ലുംമൂട് - പി.എച്ച്. സെന്റർ		500		✓	500	5
	പബ്ലിക്ക് മാർക്കറ്റ് - വെട്ടുത്തറയിൽ - കറുത്തേരി മുക്ക്	1000	250			1250	6
	പാലത്തുംപ്പാട്ട് ജംഗ്ഷൻ - പാലാഴി കിഴക്കുവശം	600	800			1400	6
	ആശുപത്രി മുക്ക് - ശ്രീകേശ് മുക്ക്	1000				1000	6
	കുന്നേൽ മുക്ക് - വെട്ടുതറയിൽ		450			450	4
	തെക്കുംകോയിക്കൽ രാജീവ് ഭവൻ			250		250	4
	ഇലഞ്ഞിക്കൽ മുക്ക് - കോട്ടേച്ചിറ			500		500	4
5	ഹൈസ്കൂൾ മുക്ക് - തുരുത്തിയിൽ മുക്ക്		800		✓	800	4.5
	തുരുത്തിയിൽ മുക്ക് - വാലിൽ മുക്ക്		800		✓	800	4
	കറുകയിൽ മുക്ക് - കൊല്ലശ്ശേരിച്ചിറ		850			850	6
	കൊല്ലശ്ശേരി മുക്ക് - മുണ്ടകവയൽ റോഡ്		1000			1000	5
	പുളിയറ മുക്ക് - ആശുപത്രി മുക്ക് റോഡ്	2000				2000	6
	പബ്ലിക്ക് മാർക്കറ്റ് - പള്ളിമുക്ക് റോഡ്	2000				2000	6
	പീടികയിൽ മുക്ക് - മൂലംകുഴി മുക്ക്			700		700	4

	പാണ്ടവർക്കാവ് കിഴക്കേ ജംഗ്ഷൻ - കരയോഗം ജംഗ്ഷൻ - കണ്ണങ്കച്ചിറ റോഡ്			750		750	4
	പീടികയിൽ മുക്ക് - മുണ്ടക വയൽ നടപ്പാത			150		150	3
	കണ്ണങ്കരമുക്ക് - കാരാളി മുക്ക്			450		450	4
	പാണ്ടവർകാവ് ജംഗ്ഷൻ - വില്ലേജ് ആഫീസ്			150		150	4
	പഞ്ചായത്ത് ക്വാർട്ടേഴ്സ് കറുകയിൽ മുക്ക്			800		800	4
6	മങ്ങാട്ട് മുക്ക് - പുളിയറ മുക്ക് റോഡ്	200	550		✓	750	4
	കരുണാമുറ്റം വാരണപ്പള്ളി സ്കൂൾ മുക്ക് റോഡ്		750			750	4
	വാരണപ്പള്ളി സ്കൂൾ മുക്ക് - പള്ളിമുക്ക് റോഡ്		850			850	4
	കിളിക്കശ്ശേരി - പാട്ടുപുരയ്ക്കൽ റോഡ്		450			450	4
	തണ്ടത്ത് മുക്ക് - ഗായത്രി മുക്ക്			750		750	4
	ഇഞ്ചക്കൽ മുക്ക് - തട്ടയ്ക്കാട്ട്ശ്ശേരി മുക്ക്			300		300	4
	ട്രാൻസ്ഫോർമർ മുക്ക് - ആലുംമൂട്ടിൽ ചിറ റോഡ്				✓	1250	6
	ട്രാൻസ്ഫോർമർ മുക്ക് - രേഖാലയംമുക്ക് റോഡ്		350			350	4
	പള്ളിമുക്ക് - കളയ്ക്കാട്ട് മുക്ക്			350		350	4
7	മാമൂട് കുറുങ്ങാട്ട് ചിറ പഞ്ചായത്ത് അതിർത്തി റോഡ്		3100		✓	3100	4
	പുഴുക്കത്തോട് പൂവടിമുക്ക് റോഡ്		1200		✓	1200	4
	നെടുവക്കാട്ട് വലിയതറയിൽ റോഡ് കളീയ്ക്കൽ മുക്ക് -		900			900	5
	പുഴുക്കത്തോട് റോഡ്	850				850	6
8	പുത്തൻ കുളങ്ങര പുഴക്കത്തോട് റോഡ്		500			500	4
	മായമുറ്റം - ഇടത്തിട്ട റോഡ് പൊന്നശ്ശേരി മുക്ക് -		650			650	4
	കല്ലേലിൽ മുക്ക് റോഡ്		1200			1200	5
	കരുണാമുറ്റം ആലുംചുവട് റോഡ്		1150		✓	1150	4

	മാമൂട് ജംഗ്ഷൻ പുത്തൻ കുളങ്ങര റോഡ്			1500	✓	1500	4
	നാമ്പോഴി ജംഗ്ഷൻ - തച്ചൻ മുറി ജംഗ്ഷൻ റോഡ്			1000		1000	5
	ചെങ്കിലാത്ത് ജംഗ്ഷൻ - പൊന്നൂരുട്ട് ജംഗ്ഷൻ റോഡ്			350		350	4
	ചെങ്കിലാത്ത് ജംഗ്ഷൻ - കളീയ്ക്കലേത്ത് ആലുംചുവുട് റോഡ്		750			750	4
	കന്നേൽമുക്ക് - ഓണിയപ്പുറത്ത് മുക്ക് റോഡ്			800		800	6
	നെടുവക്കാട്ട് ജംഗ്ഷൻ - [illegible] ജംഗ്ഷൻ റോഡ്			800		800	4
	ബംഗ്ലാവിൽ ജംഗ്ഷൻ - [illegible] ജംഗ്ഷൻ റോഡ്		600			600	4
	കോടാലിത്തറ ജംഗ്ഷൻ - ചുടുകാട് റോഡ്			300		300	4
	തച്ചൻമുറി മുക്ക് ലക്ഷം വീട് കോളനി റോഡ്		800			800	4
9	പാണ്ഡവർകാവ് ജംഗ്ഷൻ - നാരാണിയിൽ മുക്ക് രാമപുരം റോഡ്		1250		✓	1250	6
	ആലുംചുവട് - കല്ലുത്താച്ചയിൽ റോഡ്		500		✓	500	5
	കല്ലുംമൂട് ചാങ്ങയിൽ മുക്ക് റോഡ്	1200				1200	6
	പാരൂർ മുക്ക് കല്ലുത്താച്ചയിൽ റോഡ്		1000			1000	4
	പനച്ചൂർ മുക്ക് - ചിറയ്ക്കൽ മുക്ക് റോഡ്		1000			1000	5
	കല്ലേലിൽ മുക്ക് - നാറാണിയിൽ മുക്ക് റോഡ്		1000			1000	5
	ശ്രീവിലാസം ജംഗ്ഷൻ - മേക്കാട്ട് ജംഗ്ഷൻ റോഡ്			450		450	4
	കോട്ടൂർ മുക്ക് - അപ്സരസ് മുക്ക് റോഡ്			750		750	4
10	ചൂളത്തെരുവ് - വെട്ടിക്കുളങ്ങര റോഡ്	400	600		✓	1000	6
	ആലപ്പുറത്ത് - കണ്ണാട്ട് മുക്ക് റോഡ്		2250			2250	5
	ബാലവാടി - ഞവരയ്ക്കൽ മുക്ക് റോഡ്		1500			1500	5

	ചാപ്രായിൽ മുക്ക് - വഞ്ചിയിൽ മുക്ക് റോഡ്		1250			1250	5
	മുരിങ്ങച്ചിറ ലക്ഷം വീട് - കടാമ്പള്ളി റോഡ്		500		✓	500	4
	വഞ്ചിയിൽ മുക്ക് - പനച്ചൂർ മുക്ക് റോഡ്		850		✓	850	5
	കണ്ണാട്ട് മുക്ക് - ഐശ്വര്യ പ്രദായിനി റോഡ്		500			500	5
	വിളയിൽ മുക്ക് - ഐശ്വര്യ പ്രദായിനി റോഡ്	1250				1250	6
	പുന്നംമൂട് -						
	ലക്ഷം വീട് റോഡ് വെട്ടിക്കുളങ്ങര -		250			250	5
	ഉത്താനപ്പള്ളി റോഡ്			250		250	5
	പുളിക്കൽ കിഴക്കതിൽ ജംഗ്ഷൻ - കൈപ്പള്ളി ജംഗ്ഷൻ റോഡ്		750			750	4
	കുഴിക്കാല ജംഗ്ഷൻ - ജയചിത്രാ തിയറ്റർ റോഡ്					250	4
	ശ്രീശൈലം ജംഗ്ഷൻ - ചാപ്രായിൽ ജംഗ്ഷൻ റോഡ്					1300	3

ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നത് വിറക്, മണ്ണെണ്ണ, പാചക വാതകം, വൈദ്യുതി, എന്നിവയാണ്. ഭക്ഷണം പാകം ചെയ്യുന്നതിന് പ്രധാനമായി ഇന്നും ഉപയോഗിക്കുന്നത് വിറകാണ്. മണ്ണെണ്ണയും പാചകവാതകവും ഉപയോഗിക്കുന്നവരുമുണ്ട്. എന്നാൽ വിളക്ക് കത്തിക്കുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് വൈദ്യുതിയേയാണ്. വൈദ്യുതി നമ്മുടെ ഗ്രാമത്തിൽ എത്തിയിട്ട് ദശാബ്ദങ്ങൾ പിന്നിടുന്നെങ്കിലും ഇന്നും വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട് 2935 വീടുകൾക്കും 276 കടകൾക്കും 14 വ്യവസായ യൂണിറ്റുകൾക്കും 16 കാർഷിക ഉപഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

പട്ടിക 1

നിലവിലുള്ള ഉപഭോക്തക്കൾ

1.	ഗാർഹികം	2935
2.	വ്യാപാരം	276
3.	വ്യാവസായികം	14
4.	കാർഷികം	16

18 ട്യൂബുകൾ ഉൾപ്പടെ 307 തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് ഇതിന്റെ ചെലവിലേക്കായി 45528 രൂപ പ്രതിവർഷം പഞ്ചായത്തിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടയ്ക്കുന്നുണ്ട്. എന്നാൽ ഈ തെരുവുവിളക്കുകൾ എത്രമാത്രം പ്രവർത്തന ക്ഷമമാണെന്നത് പരിശോധിക്കേണ്ടതാണ്.

പട്ടിക 2

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

1.	ബൾബ് 40 വാട്ട്	242
2.	ബൾബ് 60 വാട്ട്	42
3.	ബൾബ് 100 വാട്ട്	5
4.	ട്യൂബ്	18
5.	മെർക്കുറി വേപ്പർ	ഇല്ല
6.	സോഡിയം വേപ്പർ	ഇല്ല

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന 11 LT ട്രാൻസ്ഫോർമറുകൾ ഉണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കാൻ അപേക്ഷ നൽകി കാത്തിരിക്കുന്ന 120 പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. 96 ൽ 33 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

പട്ടിക 3

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകൾ

1. വന്ദികപ്പള്ളി
2. പുളത്തെരുവ്
3. മുരിങ്ങച്ചിറ
4. കൊല്ലകൽ
5. ഉമ്മർമുക്ക്
6. വെട്ടത്തുകടവ്
7. മുതുകുളം I
8. മുതുകുളം H.S.
9. വട്ടത്തറ
10. കുമാരനാശാൻ സ്കൂൾ
11. കനകക്കുന്ന്

അഞ്ച് ഹരിജൻ കോളനികളിലായി 66 കുടുംബങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 16 കുടുംബങ്ങൾക്ക് സൗജന്യ സ്ലാബിലാണ് വൈദ്യുതി ലഭിക്കുന്നത്.

ഹരിജൻ കോളനി വൈദ്യുതികരണം സംബന്ധിച്ച വിവരങ്ങൾ


ക്രമ നമ്പർ	ഹരിജൻ കോളനിയുടെ പേര്	കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യ സ്ലാബ്ബ് ഉപഭോക്താക്കളുടെ എണ്ണം	പണം നൽകുന്നവർ
1.	മുരുങ്ങയിൽ	12	5	7
2.	കടാമ്പള്ളിൽ വലിയ വീട്ടിൽ	15	ഇല്ല	15
3.	മഞ്ഞാടി	15	ഇല്ല	15
4.	കാഞ്ഞിരത്തിൽ	7	3	4
5.	കരുകത്തറ	17	8	9

ചേപ്പാട് ഇലക്ട്രിക്ക് മേജർ സെക്ഷന്റെയും മുതുകുളം ഇലക്ട്രിക്ക് സബ് സെക്ഷന്റെയും ചുമതലയിലാണ്. വൈദ്യുതി വിതരണം നടക്കുന്നത്. ഈ ആഫിസുകളിലാണ് കറന്റ് ചാർജ്ജ് അടയ്ക്കുന്നത്. കായംകുളം താപനിലയത്തിന്റെ പ്രോജക്ട് ഏരിയായുടെ സമീപസ്ഥ പഞ്ചായത്താണ് നമ്മുടേത്.

ബയോഗ്യാസ് നിർമ്മാണത്തിന് ചില ഒറ്റപ്പെട്ട ശ്രമങ്ങൾ പഞ്ചായത്തിൽ നടന്നെങ്കിലും അവ വേണ്ടത്ര വികസിപ്പിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഊർജ്ജ രംഗത്ത് വൈദ്യുതി ക്ഷാമം പോലെ തന്നെ മണ്ണെണ്ണയുടെ ക്ഷാമവും പാചക വാതകത്തിന്റെ ദൗർലഭ്യവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ചെറിയ അളവിലാണെങ്കിൽ പോലും വിറകും നമ്മുക്ക് ഇറക്കുമതി ചെയ്യേണ്ടി വരുന്നുണ്ട്.

ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ, സോളാർ കുക്കറുകൾ, ബയോഗ്യാസ് എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ



വിഭവസമാഹരണം



"ഓരോരുത്തർക്ക് വേണ്ടി എല്ലാവരും, എല്ലാവർക്കും വേണ്ടി ഓരോരുത്തരും"

കഴിഞ്ഞകാലങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന ജനങ്ങളിൽ ഭൂരിഭാഗവും തങ്ങളുടെ കാർഷിക - കാർഷികേതര ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമ്പന്നന്മാരിൽ നിന്ന് ഒറ്റി വ്യവസ്ഥയിലും, അല്ലാതെയും അമിതമായ പലിശ നിരക്കിൽ പണം കടം വാങ്ങിയിരുന്നു. 1920 കളിൽ ജില്ലാ സഹകരണ ബാങ്കുകൾ സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന ഉദാരമായ വ്യവസ്ഥയിൽ കടം വായ്പകൾ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയപ്പോൾ മേൽ പറഞ്ഞ ചൂഷണത്തിൽ നിന്നും ഒഴിവാകുന്നതിനായി നമ്മുടെ പഞ്ചായത്തിലും സർവ്വീസ് സഹകരണ സംഘങ്ങൾ രൂപീകൃതമായി.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നത് 1924 ൽ ആണ്. ഇതിന്റെ സ്ഥാപക പ്രസിഡന്റ് മങ്ങാട്ട് കരുണാകര പണിക്കർ ആയിരുന്നു. അന്ന് 731-ാം നമ്പർ മുതുകുളം സർവ്വീസ് സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത ഈ സ്ഥാപനം ഇന്ന് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സർവ്വീസ് സഹകരണ ബാങ്കായി മാറിയിരിക്കുന്നു. 1928 ൽ 1740-ാം നമ്പർ ചേപ്പാട് കന്നിമേൽ സർവ്വീസ് സഹകരണ സംഘവും 1741-ാം നമ്പർ മുതുകുളം സർവ്വീസ് സഹകരണ സംഘവും പ്രവർത്തനം ആരംഭിച്ചു എന്നാൽ മുതുകുളത്തിന്റെ തെക്കൻ വാർഡുകളുടെ കുറച്ച് ഭാഗം കണ്ടല്ലൂർ പഞ്ചായത്തിലെ 631-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്.

മേൽ പറഞ്ഞ സർവ്വീസ് സഹകരണ സംഘങ്ങൾ ഒഴികെയുള്ള സഹകരണ സംഘങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നത് 1950 ന് ശേഷമാണ്. എന്നാൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ 1980 കളിലാണ് പ്രവർത്തനം ആരംഭിക്കുന്നത്.

കാർത്തികപ്പള്ളി താലൂക്ക് പ്രാഥമിക കാർഷിക വികസന ബാങ്കും മുതുകുളം തെക്ക് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 210 ഉം ഈ പഞ്ചായത്തിന്റെ ഭാഗങ്ങൾ കൂടി പ്രവർത്തന പരിധിയുള്ളതും മറ്റ് പഞ്ചായത്തുകളിൽ ആസ്ഥാനമുള്ളവയുമാണ്.

കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്ന ലക്ഷ്യത്തോട് കൂടി സർക്കാർ തലത്തിൽ ആവിഷ്കരിച്ച പരിപാടിയുടെ ഭാഗമായിട്ടും ബഹുജനങ്ങളുടെ ആവശ്യമനുസരിച്ചുമാണ് ഈ സംഘങ്ങളെല്ലാം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ തുടങ്ങിയത്. പ്രവർത്തനം തുടങ്ങിയ ശേഷം ഏതാനും വർഷക്കാലം എല്ലാ സഹകരണ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു എന്നാൽ ക്രമേണ ഭൂരിപക്ഷം സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിക്കുകയും പലതും പ്രവർത്തന രഹിതമാവുകയും ചെയ്തു അതിന്റെ കാരണങ്ങൾ ഇവയാണ്.

ലാഭകരമായി പ്രവർത്തിക്കാൻ തുടങ്ങിയതോടെ ജീവനക്കാരും ഭരണ സമിതിയിൽ പെട്ടവരും സംഘം ഫണ്ട് ദുരുപയോഗം ചെയ്തു. നിസ്വാർത്ഥ സേവനത്തിന് പകരം സ്വാർത്ഥത ലക്ഷ്യമാക്കി

പ്രവർത്തിച്ചത് നിമിത്തം ഉണ്ടായ സാമ്പത്തിക വിടവ് നികത്താൻ കൃത്രിമ രേഖകൾ ചമച്ച് സംഘം കണക്കിൽ ഫണ്ട് ഇല്ലാതാക്കി. ഇത്തരം അഴിമതിക്ക് ചില കാലയളവിൽ രാഷ്ട്രീയ നേതൃത്വത്തിന്റെ സ്വാധീനം കൂടിയുണ്ടാവുകയും തൽഫലമായി അഴിമതിക്ക് എതിരായി കർശന നടപടികൾ സർക്കാർ തലത്തിൽ കൈ കൊള്ളുന്നതിന് കാലതാമസം നേരിടുകയും ചെയ്തു. ഈ കാര്യങ്ങൾ ജനശ്രദ്ധയിൽപ്പെട്ടതോട് കൂടി ജനസമ്പർക്ക പരിപാടിക്ക് കോട്ടം തട്ടുകയും സംഘത്തിൽ നിന്നും കടം എടുത്തിട്ടുള്ളവർ അത് തിരിച്ചടയ്ക്കാതിരിക്കുകയും അതിന്റെ ഫലമായി സാമ്പത്തിക സഹായം ചെയ്തു കൊണ്ടിരുന്ന അപ്പെക്സ് ബാങ്കിൽ നിന്ന് ആയത് ലഭ്യമാകാതിരിക്കുന്ന സാഹചര്യം സംജാതമായി. അതോടൊപ്പം ജനങ്ങളുടെ വിശ്വാസം കുറഞ്ഞതിനാൽ നിക്ഷേപം ലഭ്യമല്ലാതാകുകയും അങ്ങനെ സ്വന്തം ഫണ്ട് വർദ്ധിപ്പിക്കുന്നതിന് തടസ്സമുണ്ടാവുകയും ചെയ്തു. മുതുകുളത്തെ മൂന്ന് സർവ്വീസ് സഹകരണ സംഘങ്ങളെയുമാണ് ഈ അവസ്ഥ കൂടുതൽ ബാധിച്ചത്. അവസ്ഥാ വിശേഷത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായി എന്നു മാത്രമേ പ്രത്യേകതയുള്ളു. പല വീഴ്ചകൾ ഉണ്ടായിട്ടും അപ്പെക്സ് സംഘത്തിന്റെ സഹായം ഏകദേശം 20 വർഷങ്ങൾക്ക് മുമ്പ് മുതൽ ലഭ്യമാകാൻ തുടങ്ങിയതിനാലും ജനങ്ങളുടെ സഹകരണം ഉണ്ടായിരുന്നതിനാലും 731-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന് നഷ്ടപ്പെട്ടു പോയ പ്രവർത്തന ക്ഷമത വിണ്ടെടുക്കുവാൻ കഴിഞ്ഞു. കാർഷിക കാർഷികേതര വായ്പകൾ സ്വർണ്ണ പണയ വായ്പ എന്നിവ കൃത്യ സമയത്ത് ആവശ്യക്കാർക്ക് ലഭിക്കുന്നുണ്ട്. കൂടാതെ ലേല ചിട്ടികളും മൂന്ന് റേഷൻ കടകളും ഒരു വളം ഡിപ്പോയും ഈ ബാങ്കിന്റെ ചുമതലയിൽ നടക്കുന്നു.

ചേപ്പാട് കന്നിമേൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1740 തിൽ നിന്നും വളരെ കുറച്ച് പേർക്ക് മാത്രം കാർഷിക കാർഷികേതര വായ്പകൾ ലഭിക്കുന്നുണ്ടെങ്കിലും ഇവ വേണ്ടസമയത്ത് ലഭിക്കുന്നില്ല. ലേല ചിട്ടികളും ഒരു വളം ഡിപ്പോയും ഈ ബാങ്കിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. സ്വർണ്ണപണയത്തിന്മേൽ വായ്പ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 1740-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും കഴിഞ്ഞ കുറെക്കാലങ്ങളായി കാർഷിക വായ്പകൾ ലഭിക്കുന്നില്ല. കാർഷികേതര വായ്പകൾ ചിലപ്പോൾ മാത്രം ലഭിക്കുന്നു. ജില്ലാ ബാങ്കിൽ നിന്നും കടം വായ്പ ലഭിക്കാത്തതിനാലും അംഗങ്ങളിൽ നിന്ന് കാര്യമായ നിലയിൽ നിക്ഷേപം കിട്ടാത്തതുമാണ് ഈ സ്ഥിതിക്ക് കാരണം. മൂന്ന് റേഷൻ കടകളും ഒരു കൺസ്യൂമർ സ്റ്റോറും ഒരു വളം ഡിപ്പോയും ഈ സംഘം നടത്തുന്നുണ്ട്.

നാല് ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മുരിങ്ങച്ചിറ ക്ഷീര വ്യവസായ സഹകരണ സംഘം പ്രവർത്തന രഹിതമാണ്. മറ്റ് മൂന്ന് സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

കയർ വ്യവസായ സഹകരണ സംഘങ്ങൾ മുൻകാലങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ഓരോ സംഘവും 100 ൽ പരം തൊഴിലാളികൾക്ക് തൊഴിൽ അവസരം നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം മുതൽ ഈ സംഘങ്ങളുടെ പ്രവർത്തനം മോശമായി തുടങ്ങിയിട്ടുണ്ട്. 210, 164 എന്നീ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 72-ാം നമ്പർ സംഘം പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത കാരണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

1958 - ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ച് കൊണ്ടിരുന്നതും. 30 വർഷക്കാലം നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്നതുമായ സംഘമാണ് മുതുകുളം വില്ലേജ് ഓയിൽ ഇൻഡസ്ട്രീസ് സഹകരണ സംഘം. കഴിഞ്ഞ 8 വർഷക്കാലമായി സംഘം പ്രവർത്തന രഹിതമാണ്. മുൻകാലങ്ങളിൽ 30 ഓളം കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ലഭിച്ചിരുന്നു.

പട്ടികജാതി സർവ്വീസ് സഹകരണ സംഘവും വനിതാ സഹകരണ സംഘവും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വായ്പ നൽകുക എന്ന ലക്ഷ്യത്തോടുകൂടി 1973 ൽ ഒരു റൂറൽ ഹൗസിംഗ് സഹകരണ സംഘം രൂപീകൃതമായി മുതുകുളം ബ്ലോക്ക് അതിർത്തി മുഴുവൻ ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. മുതുകുളത്തെ 189 പേർ മാത്രമെ ഈ സംഘത്തിൽ അംഗങ്ങളായിട്ടുള്ളു. കഴിഞ്ഞ വർഷം ഈ പഞ്ചായത്തിൽ നാല് വായ്പകളിലായി 2,55,000 രൂപ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്.

ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ പ്രവർത്തനം ശോചനീയാവസ്ഥയിലാണ്.

പഞ്ചായത്തിന്റെ പണികൾ കൂടി ഏറ്റെടുത്ത് നടത്തത്തക്ക രീതിയിൽ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ വിപുലീകരിക്കണം.

രണ്ട് അദ്ധ്യാപക സഹകരണ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളിലെ ജീവനക്കാർക്ക് വായ്പ കൊടുക്കുകയും ചിട്ടി നടത്തുകയും മാത്രമാണ്. ഈ സംഘങ്ങൾ ചെയ്യുന്ന പ്രവർത്തനം. അംഗത്വം എല്ലാവർക്കും ലഭിക്കുന്നില്ല. എന്നുള്ള പരാതി ഇവിടെയും നിലനിൽക്കുന്നു. പൊതുജനങ്ങൾക്കു കൂടി ഉപകാര പ്രദമായ പ്രവർത്തനം നടത്തുന്നില്ല.

1960 ൽ മുതുകുളത്ത് രൂപീകൃതമായ രണ്ട് സഹകരണ സംഘങ്ങളാണ് മുതുകുളം ഖാദി വ്യവസായ സഹകരണ സംഘവും മുതുകുളം ഹാൻഡ്ലൂം വീവേഴ്സ് സഹകരണ സംഘവും. ഖാദി വ്യവസായ സഹകരണ സംഘത്തിൽ 50 ഓളം വനിതകൾക്ക് ദിവസേന ജോലി ലഭിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ ഈ സംഘത്തിന്റെ പ്രവർത്തനം തികച്ചും പരിതാപകരമാണ്. ഹാൻടെക്സിൽ നിന്നും മറ്റ് മില്ലുകളിൽ നിന്നും നൂലെടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്തു അവരിൽ നിന്നും തോർത്ത് കൈലി, മുണ്ട് എന്നിവ വാങ്ങി വിപണനം നടത്തുന്ന പ്രവർത്തനമാണ് ഹാൻഡ്ലൂം വിവേഴ്സ് സഹകരണ സംഘം ചെയ്യുന്നത്. ഇപ്പോൾ ഏകദേശം 12 പേർ മാത്രമാണ് ഇങ്ങനെ നൂൽ വാങ്ങുന്നത്. മറ്റ് ജോലികൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമാണ് ഇവർ സംഘവുമായി ബന്ധപ്പെടുന്നത്.

പ്രശ്നങ്ങൾ

1. അർഹരായ എല്ലാവർക്കും അംഗത്വം ലഭിക്കാത്ത അവസ്ഥ.
2. ആവശ്യക്കാർക്ക് മുഴുവൻ കൃത്യ സമയത്ത് വായ്പ ലഭിക്കാത്ത സാഹചര്യം.
3. സഹകരണ സ്ഥാപനങ്ങളോടുള്ള ജനങ്ങളുടെ വിശ്വാസമില്ലായ്മ.
4. മുമ്പ് ലഭിച്ചു കൊണ്ടിരുന്ന തൊഴിൽ അവസരങ്ങളുടെ നഷ്ടം.
5. പ്രവർത്തനത്തിനുള്ള മൂലധന കുറവ്.
6. മാനേജ്മെന്റിന്റെ കാര്യക്ഷമത കുറവ്.
7. സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
8. അപ്പെക്സ് സ്ഥാപനങ്ങളുടെ കർക്കശ വ്യവസ്ഥകൾ.
9. എടുക്കുന്ന വായ്പകൾ തിരിച്ചടയ്ക്കാൻ അംഗങ്ങളിലും താൽപര്യക്കുറവ്.

സാദ്ധ്യതകൾ

1. തൃപ്തികരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾക്കും ജില്ലാ ബാങ്കിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. 3 വർഷത്തിനു മേലുള്ള കുടിശ്ശികയുടെ പകുതിയും പലിശ പൂർണ്ണമായും എഴുതി തള്ളുന്നതിന് ജില്ലാ ബാങ്ക് തയ്യാറാകണം. സംസ്ഥാന സഹകരണ ബാങ്കും സർക്കാരും ജില്ലാ ബാങ്കിന് വരുന്ന നഷ്ടം പങ്കിട്ടെടുക്കണം.

   12% പലിശ നിരക്കിൽ കാർഷിക വായ്പ് അംഗങ്ങൾക്ക് ലഭ്യമാക്കണം. അതിന് നബാർഡിന്റെ കർക്കശ നിയമങ്ങളിൽ അയവ് വരുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകണം. കാർഷിക മേഖലയിലെ ഭരണ സംവിധാനം ദ്വിതല രീതിയിലാക്കുന്നതും പലിശ നിരക്കിൽ കുറവ് വരുത്തുന്നതിന് സഹായകമായിരിക്കും.

   എല്ലാ ജന വിഭാഗങ്ങൾക്കും സംഘങ്ങൾ മുഖേനയുള്ള പ്രയോജനം ലഭ്യമാകുന്നതിന് ആവശ്യപ്പെടുന്ന അർഹരായ എല്ലാവർക്കും അംഗത്വം നൽകണം എന്ന സഹകരണ നിയമം പാലിക്കപ്പെടാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

2. പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിലും, വനിതാ സഹകരണ സംഘത്തിലും കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിക്കണം. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനായി ജില്ലാ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുകയും സ്വയം തൊഴിലിന് നൽകുന്ന വായ്പകൾക്ക് 25% സബ്സിഡി സർക്കാർ സഹായത്തോടെ അംഗങ്ങൾക്ക് ലഭ്യമാക്കുകയും വേണം. തഴപ്പായ് നെയ്ത്ത് ഹാൻഡ് ബാഗ് റെഡിമെയ്ഡ് വസ്ത്രയൂണിറ്റ് അച്ചാർ, പർപ്പടകം, തുടങ്ങിയവയുടെ നിർമ്മാണ വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ വനിതാ സഹകരണ സംഘം ഏറ്റെടുത്ത് നടത്തണം.

3. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ നടത്തുന്ന പാൽ സംഭരണവും വിതരണവും കാലിത്തീറ്റ വ്യാപാരത്തിന് പുറമെ പാലിൽ നിന്ന് മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുകയും അംഗങ്ങൾക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. വിതരണം ചെയ്യുന്ന പാലിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കണം. പ്രവർത്തന രഹിതമായ ഒരു ക്ഷീര സംഘം ഉള്ളതിനെ പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. സാധിക്കാത്ത പക്ഷം സമാപ്തികരണ നടപടി കൈക്കൊള്ളേണ്ടതും പുതിയ സംഘം രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

4. ഓയിൽ ഇൻഡസ്ട്രീസ് സഹകരണ സംഘത്തെ Re - Utilisation സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉൽപ്പാദന ക്ഷമത കൈവരിക്കുന്നതിന് എക്സ്പ്പല്ലർ യൂണിറ്റ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. കൂടുതൽ പ്രവർത്തന മൂലധനം ഉണ്ടാക്കുന്നതിന് ഓഹരി മൂലധന വായ്പയും ഗ്രാന്റും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

5. അംഗങ്ങൾ ആരെന്ന് അറിയാൻ സാധിക്കാത്ത തരത്തിൽ റിക്കാർഡുകൾ ഒന്നും തന്നെ ഇല്ലാത്ത അവസ്ഥയിൽ എത്തി നിൽക്കുന്ന ഖാദി വ്യവസായ സഹകരണ സംഘത്തിൽ അടിയന്തിരമായി അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

6. കയർ സംഘങ്ങളിൽ മോട്ടോർ ഘടിപ്പിച്ച റാട്ട് ഉപയോഗിച്ച് കയർ പിരി നടത്തുകയും അംഗങ്ങൾക്ക് ഈ പ്രവൃത്തി അവരുടെ വീടുകളിൽ വച്ച് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഓഹരി വർദ്ധിപ്പിക്കുക. തീരദേശ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ബ്ലോക്ക് അടിസ്ഥാനത്തിൽ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറി നിർമ്മിക്കുക.

7. പഞ്ചായത്തിലെ സഹകാരികളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുകയും സഹകരണ പ്രസ്ഥാനത്തെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുകയും വേണം.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മേൽ വിവരിച്ച രീതിയിൽ മെച്ചപ്പെടുത്തിയാൽ നമ്മുടെ - സാമ്പത്തിക - സാമൂഹിക - സാംസ്കാരിക വികസനത്തിന് നല്ല മാറ്റം ഉണ്ടാകും.

പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തന പരിധിയും

ക്രമ നമ്പർ	ധനകാര്യ സ്ഥാപനം	പ്രവർത്തന മേഖല
1.	കോർപ്പറേഷൻ ബാങ്ക് (വാണിജ്യ ബാങ്ക്)	വാർഡ് 1 - 10 വരെ
2.	കാനറാ ബാങ്ക് പത്തിയൂർ (വാണിജ്യ ബാങ്ക്)	വാർഡ് 8, 9
3.	S.C.B. 731 (സഹകരണ മേഖല)	വാർഡ് 5 - 9 വരെ
4.	S.C.B. 1741 (സഹകരണ മേഖല)	വാർഡ് 2 - 4 വരെ, ആറാട്ടുപ്പുഴ കിഴക്കേകരയിലെ ഏതാനും ഭാഗങ്ങൾ
5.	S.C.B. 1740 (സഹകരണ മേഖല)	വാർഡ് 1, 10, 2-ാം വാർഡിന്റെ ഏതാനും ഭാഗങ്ങൾ
6.	ജില്ലാ സഹകരണ ബാങ്ക് മുതുകുളം	വാർഡ് 1 - 10 വരെ
7.	താലൂക്ക് കാർഷിക വികസന ബാങ്ക്	വാർഡ്1 - 10 വരെ

പട്ടിക 1

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പേരും സ്ഥാപിച്ച വർഷം

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം
1.	മുതുകുളം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 731	1924
2.	ചേപ്പാട് കന്നിമേൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1740	1928
3.	മുതുകുളം സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 1741	1928
4.	മുതുകുളം കയർ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 72	1954
5.	കയർ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ	164
6.	മുതുകുളം സൗത്ത് ക്ഷീരോൽപ്പാദന സഹകരണ സംഘം (ക്ലിപ്തം) നമ്പർ 75 D	1980
7.	മുതുകുളം നോർത്ത് ചൂളത്തെരുവ് ക്ഷീരോൽപ്പാദക സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 80D	1981
8.	മുരിങ്ങച്ചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം) നമ്പർ 90D	1981
9.	മുതുകുളം ക്ഷീരോൽപ്പാദക സഹകരണ സംഘം (ക്ലിപ്തം നമ്പർ 82D	1981
10.	മുതുകുളം വില്ലേജ് ഓയിൽ ഇൻഡസ്ട്രീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 4	1958
11.	മുതുകുളം പ്രൈവറ്റ് സെക്കൻഡറി സ്കൂൾ എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 79	1971
12.	മുതുകുളം റൂറൽ ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 314	1973
13.	മുതുകുളം പട്ടികജാതി സഹകരണ സംഘം (ക്ലിപ്തം) നമ്പർ 838	1987
14.	മുതുകുളം ബ്ലോക്ക് വനിതാ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 855	1989
15.	ബി.റ്റി. രണദിവെ ലേബർ കോൺട്രാക്ട് സഹകരണ സംഘം	1990
16.	മുതുകുളം ഖാദി വ്യവസായ സഹകരണ സംഘം	1960
17.	മതുകുളം ഹാൻഡ്ലൂം വിവേഴ്സ് സഹകരണ സംഘം	1960
18.	കാർത്തികപ്പള്ളി താലൂക്ക് ഗവ: ടീച്ചേഴ്സ് സഹകരണ സംഘം	
19.	മുതുകുളം സെറികൾച്ചർ സഹകരണ സംഘം 172	1988

പട്ടിക I
കാർഷിക വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തിഗത അംഗത്വം	ഓഹരി മൂലധനം	നിക്ഷേപം	വായ്പകൾ		ലാഭനഷ്ടം		ജീവനക്കാർ
							കാർഷികം	കാർഷികേതരം	ലാഭം	നഷ്ടം	
1.	മുതുകുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 731	1924	മുതുകുളത്തെ 5, 6, 9, വാർഡുകളും 7-ാം വാർഡിന്റെ കുറെ ഭാഗവും ഇതിനോട് ചേർന്ന് കിടക്കുന്ന ആറാട്ടുപ്പുഴ പഞ്ചായത്തിന്റെ ഭാഗങ്ങളും.	3872	10,19,700	1,12,33000	16,80,000	1,5230000	84213		8
2.	ചേപ്പാട് കന്നിമേൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1740	1928	മുതുകുളത്തെ 1,2 വാർഡുകളും 10-ാം വാർഡിന്റെ മുക്കാൽ ഭാഗങ്ങളും ആറാട്ടുപ്പുഴ കിഴക്കേകരയും	2900	2,34,770	14,30,000	1,52,000	3,60,000		നഷ്ടം	4
3.	മുതുകുളം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1741	1928	മുതുകുളത്തെ 3, 4, 8 വാർഡുകളും അതിനോട് ചേർന്ന് കിടക്കുവന്ന ആറാട്ടുപ്പുഴ കിഴക്കേ ഭാഗങ്ങളും	2256	2,30,480	5,26,000		75,500		നഷ്ടം	3



സാമ്പത്തിക ഭദ്രത ഏതൊരു സ്ഥാപനത്തിന്റെയും നിലനിൽപ്പിന്റെ നെടുതൂണാണ്. സുസ്തിരമായ ഒരു സാമ്പത്തിക അടിത്തറ കെട്ടിപെടുക്കാതെ ഒരു സ്ഥാപനവും നിലനിൽക്കില്ല. നമ്മുടെ പഞ്ചായത്ത് നിവാസികളുടെ മുഖ്യ വരുമാനം നെല്ലിൽ നിന്നും തെങ്ങിൽ നിന്നുമായിരുന്നു. കുടുംബ ബന്ധങ്ങളിൽ വന്ന മാറ്റവും തൊഴിൽ രംഗത്തുണ്ടായ വ്യതിയാനവും ഗ്രാമത്തിന്റെ പഴയ സ്ഥിതി മാറ്റി മറിച്ചു. അതോടൊപ്പം ഉടലെടുത്ത പുതിയ പ്രശ്നങ്ങൾ പഞ്ചായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചു. കാര്യമായ ഒരു വ്യവസായ സ്ഥാപനവും നമ്മുടെ ഗ്രാമത്തിലില്ല. കാർഷിക മേഖലയിൽ ഇന്നുള്ള സ്തംഭനം കൂട്ടായ പ്രവർത്തനവും ബോധപൂർവ്വമായ ഇടപെടലും കൊണ്ട് മാറ്റിയെടുക്കുവാൻ കഴിയും.

ലഭ്യമായ വിഭവങ്ങൾ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുന്ന പ്രക്രിയയാണ് ആസൂത്രണം. സ്തായിയായ നീതിപൂർവ്വമായ സാമ്പത്തിക വളർച്ചയാണ് വികസനം. പഞ്ചായത്തിന്റെ സമ്പത്ത് വ്യവസ്ഥയെ പരിപോഷിപ്പിക്കണമെങ്കിൽ ഉൽപ്പാദന മേഖലയിൽ പുരോഗതിയുണ്ടാകണം.

പഞ്ചായത്തിന് താങ്ങും തണലുമായി പ്രവർത്തിക്കുന്നത് നികുതി ഇനങ്ങളാണ്. നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കുന്നതിലൂടെ ചെയ്യുന്നതെന്ന് ഗ്രാമ വാസികളെ ബോധ്യപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. കെട്ടിടങ്ങളുടെ വാർഷിക നികുതി തീരുമാനിക്കുന്നതിൽ അപാകതയുണ്ട്. യഥാർത്ഥ കുടിലുകളെന്ന് വിശേഷിപ്പിക്കാൻ കഴിയാത്തവയെ കുടിലുകളായി ചിത്രീകരിച്ച് നികുതിയിൽ നിന്ന് രക്ഷപ്പെടുത്തുന്നു. കെട്ടിട നിർമ്മാണത്തിന് യഥാർത്ഥത്തിൽ ചിലവായ തുകയും ചിലവായതായി സ്റ്റേറ്റ്മെന്റ് കൊടുക്കുന്ന തുകയും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവമാണ്. നമ്മുടെ ഗ്രാമ സഭകളിലൂടെ വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറായിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

1996 നവംബർ 1 ന് പുനരർപ്പണ ദിനത്തിൽ പഞ്ചായത്തിലെ രണ്ടാം വാർഡിൽ തോട്ടാപ്പള്ളിശ്ശേരി ജംഗ്ഷൻ – ഇല്ലത്ത് ചിറ റോഡും, 10-ാം വാർഡിലെ ഐശ്വര്യ പ്രദായിനി കണ്ണാട്ട് മുക്ക് റോഡിന്റേയും അറ്റകുറ്റ പണികൾ ഒറ്റ ദിവസം കൊണ്ട് പൂർത്തീകരിച്ചതും നമ്മുടെ പഞ്ചായത്തിൽ അദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറായവരുടെ ഒത്തു ചേരലിന്റെ ഫലമാണ്. നമ്മുടെ പഞ്ചായത്ത് പ്രദേശം പ്രവർത്തന മേഖലയായി രണ്ട് വാണിജ്യ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട് ഈ രണ്ട് ബാങ്കിലും ഈ പ്രദേശ വാസികളിൽ നിന്ന് ലഭിക്കുന്ന നിക്ഷേപത്തിന് അനുസരിച്ചുള്ള വായ്പകൾ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല. I.R.D.P ലോൺ മാത്രമാണ് കോർപ്പറേഷൻ ബാങ്ക് കൊടുക്കുന്നത്. കാർഷിക – കാർഷികേതര ലോണുകൾ കൊടു

ക്കാൻ വാണിജ്യ ബാങ്കുകൾ തയ്യാറായാൽ പഞ്ചായത്തിൽ വികസനോന്മുഖമായ പ്രവർത്തനങ്ങൾ നടത്താൻ വ്യക്തികളും സമൂഹവും തയ്യാറാകും അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക നിലവാരം ഉയർത്തുവാനും കഴിയും.

പ്രശ്നങ്ങൾ

1. കാർഷിക രംഗത്തെ തകർച്ച
2. വ്യവസായ സ്ഥാപനങ്ങളുടെ അഭാവം
3. കെട്ടിട നികുതി നിശ്ചയിക്കുന്നതിൽ നിലനിന്ന അപാകത
4. കരം പിരിച്ചെടുക്കുന്നതിലും കരം കൊടുക്കുന്നതിലുമുള്ള അലംഭാവം.

സാദ്ധ്യതകൾ

1. കെട്ടിട നികുതി കണക്കാക്കുമ്പോൾ അതിന്റെ തറ വിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന സാമഗ്രികളുടെ മൂല്യവും കൂടി കണക്കിലെടുത്ത് കരം നിശ്ചയിക്കണം.
2. ഉദ്യോഗസ്ഥന്മാരല്ലാത്ത ക്ഷേമ നിധിയിൽ പണം അടയ്ക്കുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം.
3. വാർഡ് തോറുമുള്ള കച്ചവടക്കാരുടെ കണക്ക് ശേഖരിച്ച് തൊഴിൽ നികുതി കാലാനുസൃതമായി പരിഷ്കരിച്ച് അവ കൃത്യമായി പിരിച്ചെടുക്കണം.
4. തീയേറ്റർ ചെക്കിംഗ് കർശനമാക്കി വരുമാനം വർദ്ധിപ്പിക്കുക.
5. കേബിൾ ടി. വി. കണക്ഷൻ ഉള്ളവരിൽ നിന്നും പഞ്ചായത്ത് നികുതി ഈടാക്കുക.
6. ഭൂനികുതി കാലോചിതമായി പരിഷ്കരിച്ച് അവ പഞ്ചായത്തിന് നേരിട്ട് പിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
7. വീഡിയോ പ്രദർശനത്തിന് വിനോദ നികുതി ഈടാക്കുക.
8. ഈ നാട്ടിലെ ഓരോ പൗരന്റെയും വരുമാനത്തിന്റെയും സ്വത്തിന്റെയും യഥാർത്ഥ വിവരങ്ങൾ അറിയുവാൻ കഴിയുന്നത് പഞ്ചായത്തുകൾക്കാണ്. അതിനാൽ ആദായനികുതിയും സ്വത്ത് നികുതിയും പിരിക്കുവാനുള്ള അനുവാദം പഞ്ചായത്തിനെ ഏൽപ്പിക്കുക.
9. പാരലൽ കോളേജ് സ്വകാര്യ ക്ലിനിക്ക് എന്നിവയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുക.
10. വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ നിശ്ചിത തുക ഫീസായി ഈടാക്കുക.
11. കത്താത്ത തെരുവ് വിളക്കുകൾക്ക് K.S.E.B. ക്ക് ചാർജ്ജ് നൽകേണ്ടിവരുന്നു. ഇത് ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് നൽകുവാൻ കഴിയുന്ന മീറ്റർ സംവിധാനം ഏർപ്പെടുത്തുക.
12. പഞ്ചായത്ത് പുറംപോക്ക് ഭൂമികൾ കൃത്യമായി അളന്ന് തിട്ടപ്പെടുത്തി പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുക.
13. സർവ്വീസ് സഹകരണ ബാങ്കുകൾ പഞ്ചായത്തിന്റെ ബാങ്കായി മാറ്റുക.
14. പഞ്ചായത്ത് നിവാസികളുടെ ചെറുതും വലുതുമായ ഡിപ്പോസിറ്റുകൾ പഞ്ചായത്ത് ബാങ്കിൽ നിക്ഷേപിക്കാൻ വേണ്ട പ്രചരണം നടത്തുക.
15. വന്ദികപ്പള്ളിയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക.
16. ഒരു വാർഡിൽ നാഷണൽ സേവിംഗ്സ് സ്കീം പ്രകാരം പിരിച്ചെടുക്കുന്ന ഒരു ലക്ഷം രൂപയുടെ 20% ആ വാർഡിൽ തന്നെ ചെലവഴിക്കാൻ വ്യവസ്ഥയുണ്ട്. ജനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് ഇടപെട്ട് പരമാവധി സാമ്പത്തിക നിക്ഷേപമുണ്ടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.
17. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ ബാങ്ക് ലോണിന്റെ വ്യവസ്ഥകൾ ഉദാരമാക്കുക.

പഞ്ചായത്തിലെ ആദ്യത്തെ വരവ് ചെലവ് സ്റ്റേറ്റ്മെന്റ് (1953–54)

വരവ്

നമ്പർ	ഇനം	രൂ. അണ. പൈ
1.	ഗ്രാന്റും സംഭാവനകളും	500.00.00
2.	തൊഴിൽ കരം	5.00.00
3.	വീട് കരം	16.00.00
4.	സിനിമ	13.60.00
	ആകെ	534.60.00

ചെലവ്

നമ്പർ	ഇനം	രൂ. അണ. പൈ
1.	എസ്റ്റാബ്ളിഷ്മെന്റ്	214.14.08
2.	ഓഫീസ് വാടക	16.00.00
3.	ഫർണീച്ചർ	9.12.00
4.	സ്റ്റേഷനറി	75.00.09
5.	T.A.	3.08.09
6.	മറ്റ് ഓഫീസ് ചെലവുകൾ	10.00
	ആകെ	329.03.05

പഞ്ചായത്തിലെ പ്രഥമ ബഡ്ജറ്റ് (1954 - 55)

വരവ്

നമ്പർ	ഇനം	രൂ. അണ. പൈ
1.	ഗ്രാന്റും സംഭാവനകളും	
	a. ഗവൺമെന്റിൽ നിന്ന്	1354.00.00
	b. മറ്റ് സംഭാവനകൾ	100.00.00
2.	നിരക്കും, നികുതിയും	
	a. കുടിശ്ശിക	850.00.00
	b. കുറവ്	545.00.00
	c. തൊഴിൽ കരം	300.00.00
	d. സിനിമാ നികുതി	75.00.00
	e. വീട്ടു കരം	750.00.00
3.	മറ്റിനങ്ങൾ	50.00.00
	ആകെ	4100.00.00

ചെലവ്

നമ്പർ	ഇനം	രൂ. അണ. പൈ
1.	എസ്റ്റാബ്ളിഷ്മെന്റ്	
	a. ക്ലാർക്കിന്റെ ശമ്പളം	360.00.00
	b. പ്യൂണിന്റെ ശമ്പളം	312.00.00
	c. വില്ലേജ് ആഫീസർക്കുള്ള അലവൻസ്	60.00.00
2.	വികസന പ്രവർത്തനങ്ങൾ	
	a. പഞ്ചായത്ത് ഫണ്ട്	1500.00.00
	b. ഗവ: ഗ്രാന്റ്	2000.00.00
3.	മറ്റ് ചെലവിനങ്ങൾ	
	a. ആഫീസ് വാടക	50.00.00
	b. സ്റ്റേഷനറി	100.00.00
	c. ഫർണീച്ചർ	200.00.00
	d. T.A.	50.00.00
	e. മറ്റ് ഓഫീസ് ചെലവുകൾ	50.00.00
	ആകെ	4682.00.0

പഞ്ചായത്തിലെ വരവ് ചെലവ് സ്റ്റേറ്റ്മെന്റ് (1995-96)

വരവ്

ഇനം	രൂ. പൈ.
കെട്ടിട നികുതി	220164.65
തൊഴിൽ നികുതി	99430.00
ലൈബ്രറി സെസ്സ്	7541.45
കാഴ്ച നികുതി	1174.00
ഡ്യൂട്ടി	99321.00
കാഴ്ച നികുതിയിന്മേലുള്ള സർചാർജ്ജ്	292.50
പ്രൊവിഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ	827.00
വിനോദനികുതി	2744.00
അധിക വിനോദ നികുതി	1605.00
വിവാഹം	490.00
ചന്തപ്പിരിവ്	315.00
പട്ടിയുടെ ലൈസൻസ്	86.00
ലൈസൻസ് ഫീസ്	2596.50
സിനിമാ റെഗുലേഷൻ	546.00
വോട്ടർ പട്ടികയുടെ വില	2124.25
പോസ്റ്റേജ്	621.60
പലിശ	2661.60
പരസ്യ നികുതി	58.20
ഡിപ്പോസിറ്റ്	5385.00
M.J.	17500.00
അൺടൈഡ് ഫണ്ട്	280000.00
J.R.Y. ൽ അടച്ചത്	4650.00
കെട്ടിട വാടക & ലേലം	65437.00
അഡ്വാൻസ് റിക്കവറി	1669.75
എക്സസ് റീഫണ്ട്	656.00
സെയിൽസ് ടാക്സ്	6018.60
അടിസ്ഥാന നികുതി 75%	24791.00
അടിസ്ഥാന നികുതി 25%	70845.00
V.T.C.	315373.00
റോഡ് മെയിന്റനൻസ്	37323.00
ജപ്പാൻ ജ്വരം	10000.00
എസ്റ്റാബ്ളിഷ്മെന്റ് ഗ്രാന്റ്	68053.00
P.V.C. പൈപ്പ്	1500.00
മറ്റ് വരവുകൾ	1782.20
ആകെ	1353582.30

ചെലവ്

ഇനം	രൂ. പൈ.
പ്രസിഡന്റ് / അംഗങ്ങൾ - സിറ്റിംഗ് ഫീസ്	41250.00
പ്രസിഡന്റ് / അംഗങ്ങൾ - യാത്രപടി	430.00
കമ്മിറ്റി ചെലവ്	3038.50
സെക്രട്ടറി ശമ്പളം	52500.00
സെക്രട്ടറി - യാത്രപ്പടി	2242.00
പെൻഷൻ, അംശാദായങ്ങൾ	2644.00
ഉദ്യോഗസ്ഥന്മാരുടെ ശമ്പളം	305080.50
ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി	3401.00
പെൻഷൻ, അംശാദായങ്ങൾ	15274.00
തപാൽ ചെലവ്	5121.00
അച്ചടി ലേഖന സാമഗ്രികൾ	7670.00
നിയമ സംബന്ധമായ ചെലവ്	1865.00
തെരഞ്ഞെടുപ്പ് ചെലവ്	2172.90
കണ്ടിജൻസി ചെലവ് (സ്വീപ്പിംഗ്)	10982.00
റോഡ് സംരക്ഷണം	153006.00
പാലം പണി	62712.00
വിദ്യാഭ്യാസം	8631.00
മരുന്ന് തളി (കൊതുക്)	2250.00
കേരളോത്സവം	5320.75
കറണ്ട് ചാർജ്ജ്	46815.00
സാമൂഹ്യക്ഷേമം	1365.00
അൺടൈഡ് ഫണ്ട് ആഫീസ് കെട്ടിടം	243642.50
അൺടൈഡ് ഫണ്ട് കക്കൂസ്	103100.00
പുരകെട്ടി മേച്ചിൽ	10000.00
ജാമ്യ ഡിപ്പോസിറ്റ്	8229.00
ഫർണിച്ചർ	7660.00
ആഫീസ് കണ്ടിജൻസി ചെലവ്	10586.50
ആകെ ചെലവ്	1116988.65

(അവലംബം പഞ്ചായത്ത് രേഖ)



കുളം ഗ്രാമ പഞ്ചായത്ത് സമഗ്ര വികസന റിപ്പോർട്ട് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി അധികാരം ജനങ്ങളിലേക്ക് മുതുക